# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കായംകുളം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എ.എൽ.പി.ജി.എ-8/369/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 31/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കായംകുളം മുനിസിപ്പാലിറ്റി

സർ,

വിഷയം : കായംകുളം മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കായംകുളം മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം (ഉപരി പത്രം സഹിതം)

2.സെക്രട്ടറി ,തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം (ഉപരി പത്രം സഹിതം)

3.ഡയറക്ടർ ,നഗരകാര്യ വകുപ്പ് ,തിരുവനന്തപുരം (ഉപരി പത്രം സഹിതം)

4.റീജിയണൽ ജോയിന്റ് ഡയറക്ടർ ,നഗരകാര്യ വകുപ്പ് ,കൊല്ലം (ഉപരി പത്രം സഹിതം)

5.കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.എ.എൽ.പി.ജി.എ-8/369/2022 തീയ്യതി: 31/03/2022

## ആലപ്പുഴ ജില്ലയിലെ കായംകുളം മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കായംകുളം മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2019 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഹരികുമാർ .ജി | സീനിയർഡെപ്യൂട്ടി ഡയറക്ടർ | 12-01-2022 | 31-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-01-2022 | 31-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എസ്.സുരേഷ് ,ഓഡിറ്റ് ഓഫീസർ (ഹഗ്രേ)
ശ്രീ . സാബു .പി, ഓഡിറ്റ് ഓഫീസർ (ഹഗ്രേ)
ശ്രീ.ജയകൃഷ്ണ .ആർ ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി .സുഷാ.റ്റി.പിള്ള,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.രാജീവ്.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ശ്രീദേവി.ആർ , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബു.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി .റീനു , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അഡ്വ.എൻ.ശിവദാസൻ | ചെയർമാൻ | 01-04-2019 | 31-03-2020 |
| സജി.എൽ.എസ് | സെക്രട്ടറി | 01-04-2019 | 02-09-2019 |
| രാജേഷ് ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-09-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ. ബീന ഡി | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| സജി ജെ | പ്രിൻസിപ്പൽ, ഗവ.ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ | 01-04-2019 | 12-11-2019 |
| എസ് അനിത | എച്ച് എം. ഗവ.ബോയ്സ് ഹൈസ്കൂൾ | 13-11-2019 | 31-03-2020 |
| ഷൈനി എൻ | മുൻസിപ്പൽ എഞ്ചിനീയർ | 01-04-2019 | 15-07-2019 |
| സോമരാജൻ | മുൻസിപ്പൽ എഞ്ചിനീയർ(ഇൻ ചാർജ്ജ്) | 16-07-2019 | 15-09-2019 |
| ഷൈലജ സി.കെ | മുൻസിപ്പൽ എഞ്ചിനീയർ | 16-09-2019 | 31-03-2020 |
| രഘു പി | അസി.എഞ്ചിനീയർ | 01-04-2019 | 03-02-2020 |
| ജയരാജ് വി.കെ | അസി.എഞ്ചിനീയർ | 04-02-2020 | 31-03-2020 |
| ദീവാ രവി എൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 24-08-2019 |
| മിനി എസ്.ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 25-08-2019 | 31-03-2020 |
| മിനി എബ്രഹാം | എസ്.സി.ഡി.ഒ | 01-04-2019 | 31-03-2020 |
| ഡോ.വിജയേന്ദ്രൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.മാഗിൻ ബി | മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ബിന്ദു എസ് നായർ | പ്രോജക്ട് ഓഫീസർ, ദാരിദ്ര ലഘൂകരണവിഭാഗം | 01-04-2019 | 31-03-2020 |
| ഡോ.മനോജ് എൽ | സൂപ്രണ്ട്, താലൂക്കാശുപത്രി | 01-04-2019 | 31-03-2020 |
| എ.റംലത്ത് ബീവി | അഗ്രി.ഫീൽഡ് ഓഫീസർ | 01-04-2019 | 30-06-2019 |
| Vacant | അഗ്രി.ഫീൽഡ് ഓഫീസർ | 01-07-2019 | 31-07-2019 |
| എം.എൻ.പ്രസാദ് | അഗ്രി.ഫീൽഡ് ഓഫീസർ(ഇൻ ചാർജ്ജ്) | 01-08-2019 | 30-09-2019 |
| ലളിതാകുമാരി | അഗ്രി.ഫീൽഡ് ഓഫീസർ | 01-10-2019 | 31-03-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: A.P.Shibu (Senior Grade Auditor, On 26-01-2022)<br>Last Updated By: P.Sabu (Audit Officer (HG), On 31-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: A.P.Shibu (Senior Grade Auditor, On 26-01-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 30-03-2022) | 1-2 |
| 3 | വാർഷിക കണക്ക്- അപാകതകൾ<br>Written By: Jayakrishna R (Asst. Audit Officer, On 07-02-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 07-02-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ് ആൻഡ് പേയ്മെന്റ് കണക്കുകൾ പ്രകാരം)<br>Written By: A.P.Shibu (Senior Grade Auditor, On 26-01-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 30-03-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: A.P.Shibu (Senior Grade Auditor, On 26-01-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 30-03-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: A.P.Shibu (Senior Grade Auditor, On 26-01-2022)<br>Last Updated By: A.P.Shibu (Senior Grade Auditor, On 26-01-2022) | 1-5 |
| 7 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി<br>Written By: A.P.Shibu (Senior Grade Auditor, On 26-01-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 30-03-2022) | 1-6 |
| 8 | ക്ഷേമപദ്ധതികളുടെ ചെലവ്<br>Written By: A.P.Shibu (Senior Grade Auditor, On 26-01-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 31-03-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: A.P.Shibu (Senior Grade Auditor, On 26-01-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 01-02-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: P.Sabu (Audit Officer (HG), On 07-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 31-03-2022) | 1-9 |
| 11 | ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു-<br>Written By: A.P.Shibu (Senior Grade Auditor, On 07-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 31-03-2022) | 1-10 |
| 12 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Sreedevi.R (Senior Grade Auditor, On 06-02-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-03-2022) | 1-11 |
| 13 | സ്ഥാപനങ്ങളുടെ/ ട്രേഡേഴ്സിന്റെ/പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി - നികുതി പൂർണ്ണമായും ഈടാക്കുന്നില്ല.<br>Written By: Sreedevi.R (Senior Grade Auditor, On 06-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 07-02-2022) | 1-12 |
| 14 | വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകതകൾ മൂലം നഗരസഭയ്ക്ക് നഷ്ടം-118584/-<br>Written By: Rajeev.R (Senior Grade Auditor, On 01-02-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-03-2022) | 1-13 |
| 15 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ എല്ലാ വിവരങ്ങളും ചേർക്കുന്നില്ല<br>Written By: Rajeev.R (Senior Grade Auditor, On 01-02-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-03-2022) | 1-14 |
| 16 | അനധികൃത നിർമ്മാണങ്ങൾക്ക് ബാധകമായ നികുതി ഈടാക്കുന്നില്ല<br>Written By: Rajeev.R (Senior Grade Auditor, On 01-02-2022) | 1-15 |

| | | |
|---|---|---|
| | Last Updated By: Susha.T.Pillai (Asst. Audit Officer, On 31-03-2022) | |
| 17 | ലേലത്തുക പൂർണ്ണമായി ഈടാക്കുന്നില്ല-പിരിഞ്ഞു കിട്ടാനുള്ളത് - 1230235/-<br>Written By: Rajeev.R (Senior Grade Auditor, On 02-02-2022)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 30-03-2022) | 1-16 |
| 18 | റോഡ് റെസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിൽ നഗരസഭയ്ക്ക് നഷ്ടം-2571/-<br>Written By: Rajeev.R (Senior Grade Auditor, On 01-02-2022)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 31-03-2022) | 1-17 |
| 19 | ജീവനക്കാർക്ക് അനുവദിച്ച 239569/- രൂപയുടെ മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.<br>Written By: Sreedevi.R (Senior Grade Auditor, On 06-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 1-18 |
| 20 | ആദായനികുതി ഈടാക്കിയില്ല<br>Written By: Sreedevi.R (Senior Grade Auditor, On 06-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 1-19 |
| 21 | ഡിസ്കൗണ്ട് ലഭ്യമാക്കാതെ പരസ്യചാർജ്ജ് നൽകി-അധിക ചെലവ് -5340/-രൂപ<br>Written By: Sreedevi.R (Senior Grade Auditor, On 06-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 1-20 |
| 22 | തെരുവ് വിളക്കുകൾക്ക് AMC- ചെലവിന് സുതാര്യതയില്ല-( എസ്സ് ഒ – 32<br>Written By: P.Sabu (Audit Officer (HG), On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 1-21 |
| 23 | അറവുശാലയിൽ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ ( എസ്സ് ഒ – 310/20)<br>Written By: P.Sabu (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 1-22 |
| 24 | എയറോബിക് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ ( എസ്സ് ഒ – 358/20)<br>Written By: P.Sabu (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 1-23 |
| 25 | വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ നീട്ടൽ- വിനിയോഗ രേഖകളില്ല( എസ്സ് ഒ – 371/20)<br>Written By: P.Sabu (Audit Officer (HG), On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 1-24 |
| 26 | കുഴൽ കിണർ നിർമ്മാണം - വിനിയോഗ രേഖകളില്ല-(297/20,298/20)<br>Written By: P.Sabu (Audit Officer (HG), On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 1-25 |
| 27 | വാട്ടർ കിയോസ്ക് സ്ഥാപിച്ചത് പ്രവർത്തനരഹിതം ( എസ്സ് ഒ – 359/20)-<br>Written By: P.Sabu (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 1-26 |
| 28 | താലൂക്ക് ആശുപത്രിയിലെ സബ്സ്റ്റേഷൻ നിർമ്മാണം പാതി വഴിയിൽ<br>Written By: Susha.T.Pillai (Asst. Audit Officer, On 06-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 1-27 |
| 29 | അംഗൻവാടി പോഷകാഹാര പദ്ധതി- ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പാക്കിയിട്ടില്ല.<br>Written By: Sreedevi.R (Senior Grade Auditor, On 06-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 1-28 |
| 30 | സാമൂഹ്യ സുരക്ഷ പെൻഷൻ - ന്യൂനതകൾ<br>Written By: Sreedevi.R (Senior Grade Auditor, On 06-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 1-29 |
| 31 | പെരിങ്ങാലകുളം സംരക്ഷണം - ചെയ്യാത്ത പ്രവർത്തിക്ക് മൂല്യം നിർണ്ണയിച്ച നൽകി- നഷ്ടം-15341/- ( എസ്സ് ഒ – 314/19)<br>Written By: P.Sabu (Audit Officer (HG), On 03-02-2022)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 30-03-2022) | 1-30 |

| | | |
|---|---|---|
| 32 | നഗരസഭ ഹെൽത്ത് വിഭാഗം നവീകരണം-ആവശ്യമില്ലാത്ത ഇനം ഉൾപ്പെടുത്തിയതു വഴി അധികച്ചെലവ് 1.147 ലക്ഷം<br>Written By: S.Suresh (Audit Officer (HG), On 03-02-2022)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 30-03-2022) | 1-31 |
| 33 | ഓട നിർമ്മാണത്തിന് എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് നൽകി-നഷ്ടം - 3123/-<br>Written By: P.Sabu (Audit Officer (HG), On 04-02-2022)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 31-03-2022) | 1-32 |
| 34 | ടെണ്ടർ വ്യതിയാനം വരുത്താതെ തുക അനുവദിച്ചു .നഷ്ടം - 11882/-<br>Written By: S.Suresh (Audit Officer (HG), On 03-02-2022)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 30-03-2022) | 1-33 |
| 35 | താലൂക്ക് ആശുപത്രി ഓഫീസ് കെട്ടിടം നിർമ്മാണം- RCC കോളങ്ങളുടെ അളവുകൾ കുറവ് ചെയ്തില്ല-നഷ്ടം-18194/-<br>Written By: P.Sabu (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 1-34 |
| 36 | പെയിന്റിംഗ് - ആവശ്യമില്ലാത്ത ഇനം ഉൾപ്പെടുത്തിയതു വഴി അധികച്ചെലവ്-8876/-<br>Written By: S.Suresh (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 1-35 |
| 37 | ടാർ വീപ്പയുടെ വില ഈടാക്കില്ല-നഷ്ടം-50299/-രൂപ<br>Written By: P.Sabu (Audit Officer (HG), On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 1-36 |
| 38 | ഓട നിർമ്മാണം-വെയറിംഗ് കോട്ട് അധിക അളവിൽ നിർമ്മിച്ചു-നഷ്ടം-2329/-<br>Written By: P.Sabu (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 1-37 |
| 39 | ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ വില ഈടാക്കിയില്ല-നഷ്ടം-8740/-രൂപ<br>Written By: P.Sabu (Audit Officer (HG), On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 1-38 |
| 40 | കൂടുതൽ കനത്തിൽ തറ കോൺക്രീറ്റ് ചെയ്തത് അധികച്ചെലവിനിയടാക്കി-നഷ്ടം- 14953/-<br>Written By: S.Suresh (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 1-39 |
| 41 | വൃദ്ധസദനം- സൗകര്യവികസനം-കുടിവെള്ള ടാങ്ക് സ്ഥാപിച്ചത്-അധിക ചെലവ്-2650/-<br>Written By: P.Sabu (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 1-40 |
| 42 | നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കാത്തത്-നഷ്ടം-19566/-<br>Written By: P.Sabu (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 1-41 |
| 43 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തിരികെ ഒടുക്കാതെ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ സൂക്ഷിക്കുന്നു-<br>Written By: P.Sabu (Audit Officer (HG), On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 1-42 |
| 44 | 5 ലക്ഷത്തിൽ താഴെയുള്ള, മാനുവൽ ടെണ്ടർ/ ക്വട്ടേഷൻ വഴി നിർവ്വഹിക്കപ്പെടുന്ന മരാമത്ത് പ്രവർത്തികളിൽ മത്സര സ്വഭാവം ഇല്ല-<br>Written By: P.Sabu (Audit Officer (HG), On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 1-43 |
| 45 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - ആനുകൂല്യം പൂർണ്ണമായി നൽകുന്നതിനുള്ള തുക പ്രോജക്ടിൽ | 1-44 |

| | | |
|---|---|---|
| | വകയിരുത്തിയില്ല.<br>Written By: Sreedevi.R (Senior Grade Auditor, On 07-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | |
| ഭാഗം **2** | | |
| 1 | റോഡ് റെസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിൽ നഗരസഭയ്ക്ക് നഷ്ടം-2571/-<br>Written By: Rajeev.R (Senior Grade Auditor, On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 2-1 |
| 2 | വസ്തു നികുതി നിരണ്ണയിച്ചതിൽ അപാകതകൾ മൂലം നഗരസഭയ്ക്ക് നഷ്ടം-143339/-<br>Written By: Rajeev.R (Senior Grade Auditor, On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 2-2 |
| ഭാഗം **3** | | |
| 1 | പെരിങ്ങാലകുളം സംരക്ഷണം - ചെയ്യാത്ത പ്രവർത്തിക്ക് മൂല്യം നിർണ്ണയിച്ച നൽകി- നഷ്ടം-15341/- ( എസ്സ് ഒ – 314/19)<br>Written By: P.Sabu (Audit Officer (HG), On 07-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 3-1 |
| 2 | ടെണ്ടർ വ്യതിയാനം വരുത്താതെ തുക അനുവദിച്ച .നഷ്ടം - 11882/-<br>Written By: S.Suresh (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 3-2 |
| 3 | നഗരസഭ ഹെൽത്ത് വിഭാഗം നവീകരണം-ആവശ്യമില്ലാത്ത ഇനം ഉൾപ്പെടുത്തിയതു വഴി അധികച്ചെലവ് 1.15 ലക്ഷം<br>Written By: S.Suresh (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 3-3 |
| 4 | കൂടുതൽ കനത്തിൽ തറ കോൺക്രീറ്റ് ചെയ്യതത് അധികച്ചെലവിനിയടാക്കി-നഷ്ടം- 14953/-<br>Written By: S.Suresh (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 3-4 |
| 5 | പെയിന്റിംഗ് - ആവശ്യമില്ലാത്ത ഇനം ഉൾപ്പെടുത്തിയതു വഴി അധികച്ചെലവ്-8876/-<br>Written By: S.Suresh (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 3-5 |
| 6 | ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ വില ഈടാക്കിയില്ല-നഷ്ടം-8740/-രൂപ<br>Written By: P.Sabu (Audit Officer (HG), On 05-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 3-6 |
| 7 | വൃദ്ധസദനം- സൌകര്യവികസനം-കുടിവെള്ള ടാങ്ക് സ്ഥാപിച്ചത്-അധിക ചെലവ്-2650/-<br>Written By: P.Sabu (Audit Officer (HG), On 07-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 3-7 |
| 8 | ഓട നിർമ്മാണത്തിന് എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് നൽകി-നഷ്ടം - 3123/-<br>Written By: P.Sabu (Audit Officer (HG), On 05-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 3-8 |
| 9 | ഓട നിർമ്മാണം-വെയറിംഗ് കോട്ട് അധിക അളവിൽ നിർമ്മിച്ച-നഷ്ടം-2329/-<br>Written By: P.Sabu (Audit Officer (HG), On 05-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 3-9 |
| 10 | ടാർ വീപ്പയുടെ വില ഈടാക്കില്ല-നഷ്ടം-50299/-രൂപ<br>Written By: P.Sabu (Audit Officer (HG), On 09-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 3-10 |
| 11 | നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്ത കരാറുകാരിൽ നിന്നും പിഴ | 3-11 |

| | | |
|---|---|---|
| | ഈടാക്കാത്തത്-നഷ്ടം-19566/-<br>Written By: P.Sabu (Audit Officer (HG), On 09-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | |
| 12 | ഡിസ്കൗണ്ട് ലഭ്യമാക്കാതെ പരസ്യചാർജ്ജ് നൽകി-അധിക ചെലവ് -5340/-രൂപ<br>Written By: P.Sabu (Audit Officer (HG), On 09-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 3-12 |
| 13 | താലൂക്ക് ആശുപത്രി ഓഫീസ് കെട്ടിടം നിർമ്മാണം- RCC കോളങ്ങളുടെ അളവുകൾ കുറവ് ചെയ്യില്ല-നഷ്ടം-18194/-<br>Written By: P.Sabu (Audit Officer (HG), On 24-03-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 3-13 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: A.P.Shibu (Senior Grade Auditor, On 26-01-2022)<br>Last Updated By: S.Suresh (Audit Officer (HG), On 31-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: A.P.Shibu (Senior Grade Auditor, On 26-01-2022)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 31-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: A.P.Shibu (Senior Grade Auditor, On 26-01-2022)<br>Last Updated By: A.P.Shibu (Senior Grade Auditor, On 26-01-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: A.P.Shibu (Senior Grade Auditor, On 26-01-2022)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 31-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sreedevi.R (Senior Grade Auditor, On 06-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 06-02-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sreedevi.R (Senior Grade Auditor, On 06-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 06-02-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Sreedevi.R (Senior Grade Auditor, On 25-03-2022)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 31-03-2022) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sreedevi.R (Senior Grade Auditor, On 06-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 06-02-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sreedevi.R (Senior Grade Auditor, On 06-02-2022)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 31-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sreedevi.R (Senior Grade Auditor, On 06-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 06-02-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

05-03-2019 തീയതിയിലെ (1)-1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും വാർഷിക കണക്ക് പ്രകാരമുള്ളതുമായ വരവ് ചെലവ് വിവരം താഴെ കൊടുക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരമുള്ളത് | 714846057 | 617772796 |
| ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ കണക്ക് പ്രകാരം | 339644704 | 323851353 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | AIMS ൽ ഇ-സബ്മിറ്റ് ചെയ്ത തീയതി |
|---|---|
| 31.07.2020 | 03.08.2020 |

## 1-2-1 വാർഷിക കണക്ക്- അപാകതകൾ

വാർഷിക കണക്കിൽ കാണുന്ന അപാകതകൾ ചുവടെ ചേർക്കുന്നു:-

1.വാറ്റ് ഇനത്തിൽ അടയ്ക്കാൻ ബാക്കിയുള്ള തുകയായി മുൻ ഓഡിറ്റ് റിപ്പോർട്ടിൽ (2018-19, ഖണ്ഡിക1-84)പരാമർശിച്ചിരുന്ന തുക(85051/-രൂപ) തന്നെ 2019-20-ലും ബി-9ഷെഡ്യൂളിൽ, (ഹെഡ്-350200211) തുടരുന്നു. തുക ഒടുക്കുന്നതിലേക്ക് നടപടികൾ ഉണ്ടായിട്ടില്ല.

2.ബി4ഷെഡ്യൂളിൽ ബാധ്യതയായി കാണുന്ന ചുവടെ ചേർക്കുന്ന തുകകൾ തന്നെയാണ് മുൻവർഷവും ഉണ്ടായിരുന്നത്. ബാധ്യതയായി തുടരുന്ന ടി തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| Dev.fund Special Grant-capital | 50000/- |
| Fund For Transferred Institutions-education-capital | 1460000/- |

3.ബി18ഷെഡ്യൂളിൽ ആസ്തിയായി മുൻവർഷത്തെ തുക തന്നെ Loans Advance& Depositsഎന്ന ഇനത്തിൽ കാണുന്നു. ടി തുകയുടെ കൃത്യത വിശദമാക്കിയിട്ടില്ല.

| | |
|---|---|
| Housing Loan To Employees | 9414/- |
| Marriage Loan | 14758/- |
| Electricity Deposits | 151400/- |
| Other Deposits With External Agencies | 9200/- |

4.അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള ആകെ മുൻകൂർ 669425/-ആണ്. വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

5.ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള നിക്ഷേപ നീക്കിയിരിപ്പുകളുടെ വിവരം തയ്യാറാക്കപ്പെട്ടിട്ടില്ലാത്തതിനാൽ B-7ഷെഡ്യൂളുമായി ഒത്തുനോക്കാൻ സാധിക്കുന്നില്ല. കൂടാതെ, ചുവടെ ചേർക്കുന്ന ഇനങ്ങളിലെ നിക്ഷേപ ബാധ്യത നീക്കിയിരിപ്പ്2018-19മുതൽ ഒരേ തുക തന്നെയാണ് തുടരുന്നത്.

| | |
|---|---|
| Contractors Retention Money-specific Grants | 847160/- |
| Contractors Retention Money-specific Funds | 54146/- |

6.ലോൺ രജിസ്റ്റർ പ്രകാരം KURDFCലോൺ മാത്രമാണ് പരിശോധിക്കാനാകുന്നത്. വാർഷിക കണക്കിൽ ലോൺ ഇനത്തിൽ Loan From Banks 8386290/-, HUDCOലോൺ ബാധ്യത 48680000/-വീതം ഉള്ളതായി കാണുന്നത് പരിശോധിക്കാനാകുന്നില്ല.

7.ബാങ്ക് റിക്കൺസിലിയേഷനിൽ ഉള്ള അപാകതകൾ:

എ.കാലഹരണണപ്പെട്ട ചെക്കുകൾ റിക്കൺസിലിയേഷനിൽ തുടരുന്നു:

ചുവടെ ചേർക്കുന്ന അക്കൌണ്ടുകളുടെ റിക്കൺസിലിയേഷൻ പരിശോധിച്ചതിൽ വർഷങ്ങളായി Cheque Deposited But Not Cleared, Cheque Issued But Not Presented Into Bank/Treasuryഎന്ന വിവരണത്തോടെ, ഒരേ ചെക്കുകൾ റിക്കൺസിലിയേഷനിൽ ഉൾപ്പെടുത്തിക്കാണുന്നു. ചെക്കുകൾ സമയപരിധിക്കകം മാറാതെ വരുന്ന പക്ഷം റദ്ദാക്കപ്പെടുമെന്നതിനാൽ ഇപ്രകാരം റിക്കൺസിലിയേഷൻ തയ്യാറാക്കപ്പെട്ടത് സ്വീകാര്യമല്ല. ശരിയായ രീതിയിൽ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തപ്പെടാതെ വരുന്നതാണ് ടി അപാകതയ്ക്ക് കാരണമെന്ന് കാണുന്നു. ഇപ്രകാരം റെക്കൺസിലിയേഷനിൽ പരാമർശിച്ച കാലഹരണപ്പെട്ട് പോയ ചെക്കുകൾക്ക് പകരം ചെക്കുകൾ ലഭിച്ചിരുന്നുവോ/പുതിയ ചെക്കുകൾ പുറപ്പെടുവിച്ചുവോ എന്നത് പരിശോധിച്ച് വിശദവിവരം അറിയിക്കേണ്ടതും ടി അക്കൌണ്ടുകളുടെ ശരിയായ റിക്കൺസിലിയേഷൻ തയ്യാറാക്കി ഹാജരാക്കേണ്ടതുമാണ്:

Union Bank Special Own Fund9122

ADCB Own Fund 2895

Sbt Own Fund 57025761771

ബി.കാനറ ബാങ്ക്(അയ്യങ്കാളി)അക്കൌണ്ട് നം.72751-ൽ ബാങ്ക് റിക്കൺസിലിയേഷനിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളതായി തെറ്റായി കാണിച്ചിരിക്കുന്നത് -18358രൂപയാണ്. ഇപ്രകാരം നെഗറ്റീവായ ഒരു തുക തെറ്റായി റിക്കൺസിലിയേഷനിൽ കാണിച്ചിരിക്കുന്നുവെങ്കിലും ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഇത് 59190/- ആണ്.

8.വിവിധ നികുതി-നികുതിയേതര വരവുകളുടെ വരവ്-ചെലവ്-നീക്കിയിരിപ്പ് തുകകൾ വ്യക്തമാക്കുന്ന രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

9.ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

10.ഓഡിറ്റ് റിക്കവറി വിശദാംശങ്ങൾ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

11.ഗ്രാന്റ് സ്റ്റേറ്റ്മെന്റും വാർഷിക കണക്കുമായി ചുവടെ ചേർക്കും പ്രകാരമുള്ള വ്യത്യാസം കാണുന്നു.

| ഫണ്ട് ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക | എ.സി.ആർ തുക | I-6തുക | RP-6തുക |
|---|---|---|---|---|
| സി.എഫ്.സി(യു.ടി) ചെലവ് | 35310711 | 37845914 | 11877927 | 34910711 |
| സി(റോഡ്)ചെലവ് | 11427932 | 13324997 | 11292713 | 11292713 |

ടി വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആൻഡ് പേയ്മെന്റ് കണക്കുകൾ പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 130532799 |
| വരവ് | 275151590 |
| ആകെ | 405684388 |
| ചെലവ് | 322324652 |
| നീക്കിയിരിപ്പ് | 83359736 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാന്റ് വിനിയോഗ വിവരം 2019-20

| ക്രമ നം | ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|

| ക്രമ നം | ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട്-പൊതുവിഭാഗം | 0 | 45314294 | 45314294 | 43443486 | 1870803 |
| 2 | വികസനഫണ്ട്-എസ്.സി.പി | 0 | 19076334 | 19076334 | 12167735 | 6908599 |
| 3 | വികസനഫണ്ട്-ടി.എസ്.പി | 0 | 1074195 | 1074195 | 476195 | 598000 |
| 4 | സംരക്ഷണ ഗ്രാന്റ് -റോഡ് | 0 | 27972900 | 27972900 | 13324997 | 14647903 |
| 5 | സംരക്ഷണഗ്രാന്റ് -നോൺ റോഡ് | 0 | 17586000 | 17586000 | 13136427 | 4449573 |
| 6 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 2757684 | 2757684 | 0 | 2757684 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകളിൽ നടപ്പിലാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് എണ്ണം | നടപ്പാക്കാത്തവ | പൂർത്തീകരണത്തിന്റെ ശതമാനം |
|---|---|---|---|---|---|---|
| 529 | 334643101 | 184 | 120394754 | 35 | 345 | 57.34 |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| AUEGS | 1522593 | 5052787 | 6575380 | 6154020 | 6870 |

## 1-7 ക്ഷേമപദ്ധതികളുടെ ചെലവ്

| ക്രമ നം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 177360 | 186 |
| 2 | കർഷകതൊഴിലാളി പെൻഷൻ | 771600 | 339 |
| 3 | വിധവാപെൻഷൻ | 15945600 | 5984 |
| 4 | വാർദ്ധക്യകാലപെൻഷൻ | 39689100 | 14878 |
| 5 | വികലാംഗപെൻഷൻ | 6084100 | 2188 |
| 6 | അവിവാഹിത പെൻഷൻ | 228000 | 124 |
| 7 | വിവാഹധനസഹായം | 150000 | 5 |

## 1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ വകുപ്പ് - 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.01.2022 ന് സ്ഥാപനമേധാവിയുടെ/ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 112389/- രൂപയുടെ ക്യാഷ് ബാലൻസ് കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണത്തിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1.വിവിധ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ വർഷാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല.

2. നഗരസഭയുടെ അധീനതയിലുള്ള ആസ്തികളുടെ വിവരങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഇതുമൂലം

നഗരസഭയുടെ അധീനതയിലുള്ള ആസ്തികളിന്മേലുള്ള കൈയ്യേറ്റങ്ങൾ തടയാനും അധികൃതർക്ക കഴിയുന്നില്ല.കാലഹരണ

പ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി

ബന്ധപ്പെട്ടവിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം നഗരസഭയിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം

ലഭ്യമാകുന്നില്ല.

3.വസ്തുനികുതി പരിഷ്കരണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.നഗരസഭയിലെ അനധികൃത കൈയ്യേറ്റങ്ങളും നിർമ്മാണ പ്രവൃത്തികളും തടയുന്നതിലേക്ക് ഫലപ്രദമായ നടപടികൾ

സ്വീകരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. വ്യാപകമായ രീതിയിൽ അനധികൃത നിർമ്മാണങ്ങൾ നടക്കുന്നുണ്ടെങ്കിലുംനഗരസഭയിൽ
സൂക്ഷിച്ചിട്ടുള്ള ഇത് സംബന്ധിച്ച വിവരങ്ങളിൽ ആകെയുള്ളതിന്റെ പത്തിലൊന്നു പോലും രേഖപ്പെടുത്തിയിട്ടില്ല.

5.നഗരസഭയുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ/കടമുറികളുടെ വാടകയിനത്തിൽ നിലനിൽക്കുന്ന വൻകുടിശ്ശിക ഈടാക്കാൻ ഫലപ്രദമായ നടപടിയില്ല.

6.ലക്ഷങ്ങൾ മുടക്കി നടപ്പിലാക്കിയിട്ടുള്ള പല വൻ പദ്ധതികളും തുടർ നടപടികളുടെ അഭാവത്തിൽ ലക്ഷ്യം കൈവരിക്കാതെ

പാഴായതായി ഓഡിറ്റിൽ ബോധ്യപ്പെട്ടു.മുൻവർഷം വൻതുക മുടക്കി നഗരസഭ സ്ഥാപിച്ച വാട്ടർ കിയോസ്ക് , അറവുശാലയിൽ

സ്ഥാപിച്ചിട്ടുള്ള ETP , താലൂക്ക് ആശുപത്രിയിൽ സ്ഥാപിച്ചിരുന്ന ബയോ സേഫ്റ്റി കാബിൻ ,എയറോബിക് കംപോസ്റ്റ്എന്നിവ പാതിവഴിയിൽ
നിലച്ചിട്ടും പ്രവർത്തനക്ഷമമാക്കാൻ ഫലപ്രദമായ നടപടികൾ ഉണ്ടായിട്ടില്ല.

7.മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എഴുതി സൂക്ഷിക്കേണ്ടുന്ന ടെണ്ടർ രജിസ്റ്ററിൽ ഡെപ്പോസിറ്റ് തുക, ആദ്യ
ടെണ്ടർ ആണോ, റീടെണ്ടർ ആണോ തുടങ്ങിയ വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി അധികാരപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി
യിട്ടില്ല. എഗ്രിമെന്റ് രജിസ്റ്ററിൽ പൂർത്തീകരിക്കേണ്ട തീയതി, പൂർത്തീകരിച്ച തീയതി, പൂർത്തീകരണ കാലാവധി എന്നിവയൊന്നും

തന്നെ രേഖപ്പെടുത്തുന്നില്ല.

8.നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി യഥാസമയം വിലയിരുത്തപ്പെടുന്നതായി

രേഖയില്ല. പദ്ധതികൾ മോണിട്ടർ ചെയ്യപ്പെട്ടതിന് ഫയലിൽ രേഖയില്ല.മരാമത്തുവേലകളുടെ നിർവ്വഹണത്തിൽ നിരവധി

അപാകതകൾ മുൻവർഷ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടും ഇതു തടയുന്നതിലേക്കാവശ്യമായ ഫലപ്രദമായ ഇടപെടൽ

കൗൺസിൽ സ്വീകരിച്ചിട്ടില്ല.

9.നഗരസഭയുടെ നിയന്ത്രണത്തിലുള്ള വാഹനങ്ങളുടെ ലോഗ് ബുക്കുകൾ നിയമാനുസൃതം പരിപാലിക്കുന്നില്ല. ഇന്ധനം

വാങ്ങൽ, അറ്റകുറ്റപ്പണി എന്നിവ സംബന്ധമായുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നു.ജി ഒ

(എം എസ് ) 170/07 തസ്വഭവ 30.06.07 പ്രകാരം ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും

ഫ്യൂവൽ കൺസംപ്ഷൻടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട്
നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച ഒരു സർട്ടിഫിക്കറ്റ് സൂക്ഷിക്കേണ്ടതും ആണ്. എന്നാൽ ഇപ്രകാരം ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തിയിട്ടില്ല.

10.വിവിധ ആവശ്യങ്ങൾക്കായി തുക മുൻകൂറായി കൈപ്പറ്റിയ ഉദ്യോഗസ്ഥർ ചെലവുരേഖകൾ ഹാജരാക്കി മുൻകൂർ

ക്രമീകരിക്കുകയോ അഡ്വാൻസ് തുക തിരിച്ചടക്കുകയോ ചെയ്യാതിരുന്നിട്ടും മുൻകൂർ തുക പലിശ സഹിതം ഈടാക്കുന്നതി

ലേക്ക് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

11.നഗരസഭയിലെ തെരുവുവിളക്കുകൾ എൽ.ഇ.ഡി ആക്കി മാറ്റിയെങ്കിലും കറണ്ട ചാർജിനത്തിൽ ആനുപാതിക കുറവൊന്നും
നഗരസഭക്കുണ്ടായിട്ടില്ല. തെരുവുവിളക്കുകളുടെ എണ്ണവും ഇനവും സംബന്ധിച്ച് കെ.എസ്.ഇ.ബി അധികൃതരുമായി ചേർന്ന് സംയുക്ത
പരിശോധന നടത്തിയതിന്റെ കണക്ക് ലഭ്യമല്ല. തന്മൂലം നഗരസഭയിൽ എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നോ, ആയത് ഏതൊക്കെ
യാണെന്നോ യാതൊരു രേഖകളുമില്ല.തെരുവുവിളക്കിന് മീറ്റർ സ്ഥാപിക്കുവാൻ കെ.എസ്.ഇ.ബി യിൽ അടച്ചതുക നീക്കിയിരുപ്പായി ഇപ്പോഴും
അവശേഷിക്കുന്നു.

12.KURDFC യിൽ നിന്ന് 6.4 കോടി രൂപ വായ്പയെടുത്ത് നിർമ്മിച്ച സസ്യ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ഉൾപ്പെടെ

ഉദ്ഘാടനം നടത്തിയ കെട്ടിടങ്ങൾ/കടമുറികൾ ലേലം ചെയ്ത് വരുമാന വർദ്ധനവ് ഉണ്ടാക്കാൻ അധികൃതർക്ക് കഴിഞ്ഞിട്ടില്ല.

13.നഗരസഭയെ അലട്ടുന്ന മുഖ്യവിഷയമായ മാലിന്യനിർമ്മാർജ്ജനത്തിന് ശാശ്വതപരിഹാരമെന്ന നിലയിൽ സ്ഥാപിക്കാൻ

ഉദ്ദേശിച്ചിരുന്ന മാലിന്യസംസ്കരണ പ്ലാന്റ് ഇനിയും പൂർത്തിയാക്കാനായില്ല.

14.ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ 1997 ന ശേഷം അടവു വരുത്തിയിട്ടില്ല. ഇതുമൂലം പെൻഷൻ

വിതരണത്തിനായി നഗരസഭയ്ക്ക് തനതുഫണ്ടിൽ നിന്നും അധിക ബാധ്യതയുണ്ടാകുന്ന സാഹചര്യം ഉണ്ടായിട്ടും പെൻഷൻ

വിഹിതം അടയ്ക്കാൻ നടപടികളില്ല.

15.ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ ,നഗരസഭയിലെ തനത് ഫണ്ട് അക്കൗണ്ടായ യൂണിയൻ ബാങ്ക് (അക്കൗണ്ട് നം. 553602010009122 )

അക്കൗണ്ടുമായി താരതമ്യം ചെയ്ത് പരിശോധിച്ചതിൽ നിന്നും പല ചെക്കുകൾ/ഡ്രാഫ്റ്റുകളും ക്ലിയർ ചെയ്ത് തുക ക്രഡിറ്റിൽ

വന്നതായി കാണുന്നില്ല.ചെക്കുകളും ഡ്രാഫ്റ്റുകളും മുഖേന സ്വീകരിച്ചിട്ടുള്ള നികുതികൾ ബിൽ കളക്ടർമാർ സൂക്ഷിക്കുന്ന

ഹാൻഡ് ബുക്ക് പ്രകാരം കെട്ടിട നികുതി ,തൊഴിൽ നികുതി അടച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചെക്ക് &

ഡ്രാഫ്റ്റ് പ്രകാരമുള്ള തുക കളക്ഷൻ വന്നതായി കാണുന്നില്ല.ഇപ്രകാരം ചെക്കുകൾ പണമാക്കാതെ മടങ്ങിയ സംഗതികളിൽ

ബ

ന്ധപ്പെട്ട നികുതിദായകരിൽ നിന്നും തുക നിയമാനുസൃത ബാങ്ക് ചാർജ്ജും, പലിശയും സഹിതം ഈടാക്കുന്നതിന് യാതൊരു

നടപടിയും സ്വീകരിച്ചിട്ടില്ല.

16.നഗര സഭയിൽ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിതരായവർ ആരും തന്നെ നഗരസഭയുമായി സേവന -വേതന

വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച കൊണ്ടുള്ള കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല .

17.സാമൂഹ്യ സുരക്ഷ പെൻഷനുകൾ പെൻഷനറുടെ മരണാനന്തരവും സസ്പെന്റ് ചെയ്യപ്പെടാതെ ആക്ടീവായി തുടർന്നതിനാൽ

ബാങ്ക് മുഖാന്തിരം പെൻഷൻ ലഭിച്ചുപോരുന്ന പെൻഷനറുടെ അക്കൌണ്ടിലേക്ക് മരണശേഷവും തുക ക്രഡിറ്റാകുന്നു.

സഹകരണബാങ്കുകൾ മുഖേന/ ഡയറക്റ്റ് ടു ഹോം ആയി പെൻഷൻ ലഭിക്കുന്ന പെൻഷനേഴ്സിന് മസ്റ്ററിങ് പൂർത്തീകരിക്കുക

യോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല എന്ന കാരണത്താൽ പെൻഷൻ

തടഞ്ഞുവച്ചിരിക്കുമ്പോഴും നിലവിലും
ഇവരുടെ അക്കൗണ്ടിലേക്ക് പെൻഷൻ ട്രാൻസ്ഫർ ചെയ്യുന്നതായി കാണുന്നു.

18.നഗരസഭ കൗൺസിൽ ഹാൾ നവീകരണം പൂർത്തീകരിച്ച് ഹാൾ നഗരസഭയ്ക്ക് കൈമാറിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി

യിലും നവീകരിച്ച ഹാൾ ഉപയോഗിക്കുന്നില്ല.

19.നഗരസഭയിലെ സഞ്ചയ സോഫ്റ്റ്വെയറിലെ ബിൽഡിംഗ് ഡീറ്റെയിൽസ് പ്രകാരം വാണിജ്യ/വ്യവസായാവശ്യങ്ങൾക്കായി

ലിസ്റ്റ് ചെയ്ത സ്ഥാപനങ്ങളുടെ വിവരങ്ങളും ലൈസൻസ് രജിസ്റ്ററും താരതമ്യം ചെയ്ത് പരിശോധിച്ചതിൽ നിന്നും പകുതി പോലും ലൈസൻസ് എടുത്തതായി കാണുന്നില്ല

20.നഗരസഭയുടെ വെള്ളക്കരം ഇനത്തിൽ ഡിമാന്റ് നോട്ടീസ് പ്രകാരം കോടിക്കണക്കിന് രൂപ വാട്ടർ അതോറിറ്റിയിൽ അടയ്ക്കുവാനുള്ളതായി കാണുന്നു .

മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കാൻ ക്രിയാത്മക നിർദ്ദേശം കൗൺസിലിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതും ആഭ്യന്തര നിയന്ത്രണം മികവുറ്റതാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-10 ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു-

1994 ലെ മുനിസിപ്പാലിറ്റി നിയമം ,2011 ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങൾ 447 മുതൽ 492 വരെ പ്രകാരം ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. നഗരസഭയിലെ കെട്ടിട നികുതി നിർണ്ണയ സോഫ്റ്റ് വെയറായ സഞ്ചയയിലെ ബിൽഡിംഗ് ഡീറ്റെയിൽസ് പ്രകാരം വാണിജ്യ/വ്യവസായാവശ്യങ്ങൾക്കായി നഗരസഭയിൽ രജിസ്റ്റർ ചെയ്തിരിയ്ക്കുന്ന സ്ഥാപനങ്ങളിൽ പലതും ലൈസൻസ് എടുത്തതായി കാണുന്നില്ല.ചില ഉദാഹരണങ്ങൾ ചുവടെ

| ക്രമ നം | വാർഡ് നം | പേര്<br>മേൽ വിലാസം | കെട്ടിടത്തിന്റെ<br>ഉപയോഗക്രമം |
|---|---|---|---|
| 1 | 1 | സക്കറിയ<br>(കബീർ<br>മൻസിൽ) | വാണിജ്യാവശ്യ<br>ത്തിനുള്ളവ<br>100ച.മീറ്റർ വരെ<br>തറ വിസ്തീർണ്ണം<br>ഉള്ള ഹോട്ടൽ ,<br>റെസ്റ്റോറന്റുകൾ,<br>ഷോപ്പുകൾ ,<br>ഗോഡൌൺ |
| 2 | 1 | സക്കറിയ<br>(കബീർ<br>മൻസിൽ) | വാണിജ്യാവശ്യ<br>ത്തിനുള്ളവ<br>100<br>ച.മീറ്റർ വരെ തറ<br>വിസ്തീർണ്ണം<br>ഉള്ള ഹോട്ടൽ ,<br>റെസ്റ്റോറന്റുകൾ,<br>ഷോപ്പുകൾ ,<br>ഗോഡൌൺ |
| 3 | 1 | സക്കറിയ<br>(കബീർ<br>മൻസിൽ,<br>കരീലകുളങ്ങര) | വാണിജ്യാവശ്യ<br>ത്തിനുള്ളവ<br>100 ച.മീറ്റർ വരെ<br>തറ വിസ്തീർണ്ണം<br>ഉള്ള ഹോട്ടൽ ,<br>റെസ്റ്റോറന്റുകൾ, |

| | | | |
|---|---|---|---|
| | | | ഷോപ്പുകൾ , ഗോഡൌൺ |
| 4 | 1 | ഹസ്സൻകുഞ്ഞ് കുഞ്ഞുമോൾ (കാട്ടുപറമ്പിൽ, മലമേൽഭാഗം) | വാണിജ്യാവശ്യ ത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 5 | | ഷാജി (പട്ടന്റ പറമ്പിൽ), ഷജറത്ത് (പട്ടന്റ പറമ്പിൽ) | വാണിജ്യാവശ്യ ത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 6 | 1 | മാധവൻ (ചേലി കുളങ്ങര) | ഇതര വ്യവസായ ങ്ങൾക്കാ വശ്യമുള്ളവ |
| 7 | 1 | മാധവൻ (ചേലി കുളങ്ങര) | ഇതര വ്യവസായ ങ്ങൾക്കാ വശ്യമുള്ളവ |
| 8 | 1 | തമ്പാൻ (ചാങ്ങൂർ തെക്കതിൽ) | വാണിജ്യാവശ്യ ത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 9 | 1 | തമ്പാൻ (ചാങ്ങൂർ തെക്കതിൽ) | വാണിജ്യാവശ്യ ത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 10 | 1 | കൊച്ചുക്കുട്ടൻ ആചാരി (ഇടയിൽ കുടുക്കയിൽ) | വാണിജ്യാവശ്യ ത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ് ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |

| | | | |
|---|---|---|---|
| 11 | 1 | സുരേഷ് (പുല്ലംപ്ലാവിൽ പടീറ്റതിൽ, കരീലക്കുളങ്ങര) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 12 | 1 | രാധാകൃഷ്ണൻ (പുത്തൻപുരക്കൽ, കരീലക്കുളങ്ങര) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 13 | 1 | ലത(തുണ്ടിൽ തെക്കതിൽ, കായംകുളം, കായംകുളം പി ഒ, 690502) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 14 | | അബ്ദുൾ വാഹിബ് (പുത്തൻ പുരയിൽ), സബീന (പുത്തൻ പുരയിൽ) | വാണിജ്യാവശ്യ ത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 15 | 1 | ഷാജി (വഴുതാനത്ത്, മലമേൽ ഭാഗം, | ഇതര വ്യവസായ ങ്ങൾക്കാ വശ്യമുള്ളവ |
| 16 | 38 | ഷാജിഷാ (മുട്ടേൽ കിഴക്കേ പുതുവൽ), നിനി (മുട്ടേൽ കിഴക്കേ പുതുവൽ)227 | ഇതര വ്യവസായ ങ്ങൾക്കാ വശ്യമുള്ളവ |
| 17 | 38 | ഭാസുര(തുരുത്തു വയലിൽ, കായംകുളം, കായംകുളം പി ഒ, 690502) | ഇതര വ്യവസായ ങ്ങൾക്കാ വശ്യമുള്ളവ |

| | | | |
|---|---|---|---|
| 18 | 37 | നൂർജഹാൻ, അൻസർ, അൻസിയ, ബിൻസിയ (പീടിക പറമ്പിൽ, കായംകുളം) | ഇതര വ്യവസായ ങ്ങൾക്കാ വശ്യമുള്ളവ |
| 19 | 37 | ഷബീർ അഹമ്മദ് എ എ എ (അൽമുഹാജിറ, കായംകുളം) | ഇതര വ്യവസായ ങ്ങൾക്കാ വശ്യമുള്ളവ |
| 20 | 37 | അബ്ദുൾ സലാം (തട്ടാരു കിഴക്കതിൽ, കായംകുളം), യാക്കുബ് (തട്ടാരു കിഴക്കതിൽ, കായംകുളം), ഇസഹാക്ക് കുഞ്ഞ് (തട്ടാരു കിഴക്കതിൽ, കായംകുളം) | ഇതര വ്യവസായ ങ്ങൾക്കാ വശ്യമുള്ളവ |

വളരെയധികം വാണിജ്യ ,വ്യവസായ കെട്ടിടങ്ങൾ ഉണ്ടായിട്ടും നിരവധി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിയ്ക്കുന്നതായി കാണുന്നു.ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. നിലവിൽപ്രവർത്തിച്ചു കൊണ്ടിരിക്കുന്ന എല്ലാ വാണിജ്യ വ്യവസായസ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ്തലത്തിലുള്ള ട്രേഡ്സ് ലിസ്റ്റ് തയ്യാറാക്കാത്തതുമൂലം ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി,സ്ഥാപന നികുതി എന്നിവ ഒടുക്കാതെയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്താൻകഴിയാതെ പോകുന്നു .ഇത് വലിയരീതിയിൽ തനതു വരുമാനം നഷ്ടപ്പെടുന്നതിനിടയാക്കും,നഗരസഭ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലുണ്ടാവേണ്ടതാണ്.

## 1-11 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതിയുടെ ഡിമാൻഡ് രജിസ്റ്റർ പ്രകാരം നഗരസഭാ പരിധിയ്ക്കുള്ളിലുള്ള പല സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ
നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് വ്യക്തമാകുന്നു. സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ -മൈക്രോ | I |
| 2 | ബിർള സൺലൈഫ് | I & II |
| 3 | പുല്ലുകുളങ്ങര സർവ്വീസ് സഹകരണ ബാങ്ക്(പുത്തൻ റോഡ് ബ്രാഞ്ച്) | I & II |
| 4 | കെയർ ഫെസിലിറ്റീസ് മാനേജ്മെന്റ് സർവ്വീസ് (HDFC Life) | I |
| 5 | കൊശമറ്റം ഫിനാൻസ് പുതിയിടം | I & II |
| 6 | കൊശമറ്റം ഫിനാൻസ് കായംകുളം | I & II |
| 7 | കോൺകോർഡ് മോട്ടോഴ്സ് , കൃഷ്ണപുരം | II |

| | | |
|---|---|---|
| 8 | ദീക്ഷ,മുക്കട,കൃഷ്ണപുരം | I & II |
| 9 | ഇഹാബ് ട്രാവൽസ് & ടൂർസ്, കെ.പി.എ.സി.ജം. | I & II |
| 10 | ഫിഷറീസ് ഇൻസ്പെക്ടർ | I & II |
| 11 | മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡ് | I & II |
| 12 | ഫോക്കസ് പാർട്ട് മാർട്ട്സ് | I |
| 13 | ഡോ.ശങ്കർ മെമ്മോറിയൽ എസ്.എൻ.ഹോസ്പിറ്റൽ, പുതിയിടം | I & II |
| 14 | ഹോട്ടൽ താസ | I & II |
| 15 | ഹോട്ടൽ മെരിലാന്റ്, കെ.പി.റോഡ് | I & II |
| 16 | ഇൻഡ്യ ഇൻഫോലൈൻ | I & II |
| 17 | കായംകുളം വില്ലേജ് സഹകരണ സംഘം | I & II |
| 18 | കായംകുളം സഹകരണ ബാങ്ക്, കൃഷ്ണപുരം | I & II |
| 19 | കുറ്റിക്കാട്ട് ഫ്യൂവൽസ് | II |
| 20 | ലാൻസി സൂപ്പർമാർക്കറ്റ് | I |
| 21 | മണിമുറ്റം ഫിനാൻസ് | I & II |
| 22 | പോളോ ഭാരത് ഗ്യാസ് ഏജൻസി | I & II |
| 23 | RF മോട്ടോർസ് | I & II |
| 24 | RMS TV Division | I & II |
| 25 | ട്രാവൻകൂർ ഭാരത് ഗ്യാസ് | I & II |
| 26 | ശ്രീ ശ്രീ രവിശങ്കർ പബ്ലിക്ക് സ്കൂൾ | I & II |
| 27 | TEAM LEAS | I & II |
| 28 | മികാസ് കൺവെൻഷൻ സെന്റർ | II |
| 29 | അക്ഷയ കമ്മ്യൂണിറ്റി ഫാർമ്മ | I & II |
| 30 | എ.എസ്.ടി മോട്ടോർസ് | I & II |
| 31 | മെഡിവിഷൻ ലാബ്-പുതിയിടം | I & II |
| 32 | ഹോട്ടൽ കാലയ് | I & II |
| 33 | സോഫ്റ്റ്ടെക് കമ്പ്യൂട്ടർ എഡ്യൂക്കേഷൻ | I & II |
| 34 | എസ്.എൻ.കോളേജ് ഓഫ് മാനേജ്മെന്റ് & ടെക്നോളജി | I & II |

അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ നഗരസഭയ്ക്ക് ലഭിക്കേണ്ട തുക സംബന്ധിച്ച് വ്യക്തതയില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/18.01.2022)മറുപടി ലഭിച്ചില്ല. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 സ്ഥാപനങ്ങളുടെ/ ട്രേഡേഴ്സിന്റെ/പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി - നികുതി പൂർണ്ണമായും ഈടാക്കുന്നില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 245 മുതൽ 259 വരെയുള്ള വകുപ്പുകൾ, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭ പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ നിക്ഷേപങ്ങളിൽ നിന്നും വരുമാനം ലഭിച്ചുകൊണ്ടിരിക്കുന്നതോ ആയ ഏതൊരു സ്ഥാപനം / വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്.. എന്നാൽ നഗരസഭയിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം പല സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഈടാക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസ് | I & II |

| | | |
|---|---|---|
| 2 | അഹല്യ മണി എക്‌ചേഞ്ച് ആൻഡ് ഫിനാൻഷ്യൽ സർവ്വീസ് | I & II |
| 3 | ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്,കായം കുളം | II |
| 4 | ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്,കെ.പി റോഡ് | I & II |
| 5 | പുല്ലുകുളങ്ങര സർവ്വീസ് സഹകരണബാങ്ക്, പുത്തൻറോഡ് | I & II |
| 6 | പുല്ലുകുളങ്ങര സർവ്വീസ് സഹകരണബാങ്ക്, കായംകുളം | I & II |
| 7 | പത്തിയൂർ ഫാർമേഴ്സ് സഹകരണബാങ്ക്, കായംകുളം | I & II |
| 8 | പത്തിയൂർ ഫാർമേഴ്സ് സഹകരണബാങ്ക്, കൊറ്റുകുളങ്ങര | I & II |
| 9 | ഗവ.എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കായംകുളം | II |
| 10 | ഇന്ത്യൻ ബാങ്ക്, കെ.പി.റോഡ് | I |
| 11 | എച്ച്.ഡി.ബി. ഫിനാൻഷ്യൽ സർവ്വീസ് | I & II |
| 10 | Hdfc Life | I |
| 12 | ഇസാഫ് സ്മാൾ ഫിനാൻസ് ബാങ്ക്,കൃഷ്ണപുരം | I & II |
| 13 | ചെമ്മണ്ണൂർ ക്രെഡിറ്റ് & ഇൻവെസ്റ്റ് മെന്റ് ലി. | I & II |
| 14 | കൊശമറ്റം ഫിനാൻസ്, കായംകുളം | I & II |
| 15 | കൊശമറ്റം ഫിനാൻസ്, പുതിയിടം | I & II |
| 16 | കായംകുളം കോ- ഓപ്പറേറ്റീവ് ബാങ്ക് ,കൃഷ്ണപുരം | I & II |
| 17 | കായംകുളംഅർബൻ കോ- ഓപ്പറേറ്റീവ് സൊസൈറ്റി | I & II |
| 18 | കാപെക്സ് കശുവണ്ടി ഫാക്ടറി,കൃഷ്ണപുരം | I & II |
| 19 | ഗോകുലം ചിറ്റ്സ് | I & II |
| 20 | ഐ.സി.എൽ. ഫിൻകോർപ്പ് | I & II |
| 21 | കായംകുളം വ്യാപാരി വ്യവസായി സഹകരണസംഘം | I & II |
| 22 | കീരിക്കാട് ക്ഷീരോത്പാദക സഹകരണ സംഘം | I & II |
| 23 | കണ്ണാട്ട് അരുൺ ഫിനാൻസ് | I & II |
| 24 | കേച്ചേരി ചിറ്റ്സ് | I & II |
| 25 | കൊശമറ്റം ഫിനാൻസ്,കുറ്റിത്തെരുവ് | I & II |
| 26 | കൊശമറ്റം , പുതിയിടം | I & II |
| 27 | മണിമുറ്റം ഫിനാൻസ് | I & II |
| 28 | മണപ്പുറം ഫിനാൻസ് | I & II |
| 29 | മുത്തൂറ്റ് ഫിൻകോർപ്പ് | I & II |
| 30 | മുത്തൂറ്റ് മൈക്രോഫിൻ | I & II |
| 31 | മാക്സ് വാല്യൂ ക്രെഡിറ്റ്സ് & ഇൻവെസ്റ്റ്മെന്റ്സ് | I & II |
| 32 | പോപ്പുലർ ഫിനാൻസ് | I & II |
| .33 | ശ്രീറാം ഫിനാൻസ് | I |
| 34 | സുന്ദരം ഫിനാൻസ് Near Pollice Station | I & II |
| 35 | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | II |
| 36 | ജന്റിൽ ചിറ്റ് ഫണ്ട്സ് | I & II |

| | | |
|---|---|---|
| 37 | യൂണിമണി ഫിനാൻസ് സർവ്വീസ് ലി. | I & II |
| 41 | ആലും മൂട്ടിൽ ഗോൾഡ് സൂക്ക് | I & II |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ബി)കരാറുകാർക്ക് തൊഴിൽ നികുതി ചുമത്തിയില്ല

കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 ഉപചട്ടം (10) പ്രകാരം കരാറുകാരുടെ അർദ്ധവാർഷിക തൊഴിൽ നികുതി പരമാവധി തുകയായ 1250/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഗരസഭയുടെ മരാമത്ത് വിഭാഗം നിർവ്വഹണം നടത്തിയ പ്രവൃത്തികൾ കരാറിനെടുത്ത് നടപ്പിലാക്കിയ കരാറുകർക്ക് പോലും നഗരസഭ തൊഴിൽ നികുതി ചുമത്തിയിട്ടില്ല. കരാറുകാരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | ഇ.എം.അഷ്റഫ് |
| 2 | ഷൗക്കത്ത് എസ് |
| 3 | മുഹമ്മദ് സാദിക് |
| 4 | സി.എസ്.ബാഷ |
| 5 | ശശിധരൻപിള്ള |
| 6 | എസ്.അബ്ദുൾ ലത്തീഫ് |
| 7 | മോഹനൻ നായർ വി |
| 8 | എം.ശശിധരൻ |
| 9 | സുനിൽകുമാർ എസ്.കെ |
| 10 | കെ.സുരേഷ് |
| 11 | അബ്ദുൾ അസീസ് |
| 12 | നാസർ കെ |
| 13 | ഷാരുൺ ഷാ |
| 14 | യൂസഫ് കുഞ്ഞ് എം |

കരാറുകാരിൽ നിന്നുംതൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(സി) ഡിമാന്റ് രജിസ്റ്റർ- വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കൂടാതെ ഡി.സി.ബി . തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/18.01.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-13 വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകതകൾ മൂലം നഗരസഭയ്ക്ക് നഷ്ടം-118584/-

നഗരസഭാ കൌൺസിലിന്റെ 20.12.11 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം 200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള
സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു
നികുതി നിരക്ക് 120 രൂപയാണ്. എന്നാൽ 200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള താഴെപ്പറയുന്ന ഷോപ്പിംഗ്
മാളുകൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്ക് 120 രൂപയിലും താഴെയാണ് കണക്കാക്കിയിരിക്കുന്നത്.

| ക്രമ നം | കെട്ടിട നമ്പർ ഉടമസ്ഥന്റെ പേര്, മേൽവിലാസം | കെട്ടടത്തിന്റെ വിസ്തീർണ്ണം (പ്ലിന്ത് ഏരിയ) ച.മീ | 120 രൂപ നിരക്കിൽ ഈടാക്കേണ്ട വസ്തു നികുതി | ഇളവ്/ വർദ്ധനവ് ശതമാനം | വർദ്ധനവോട് കൂടിയ വസ്തു നികുതി | 5 ശതമാനം ലൈ ബ്രറി സെസ്സ്, 10 ശതമാനം സേവന നകുതി യോട്ടു കൂടി ഈടാക്കേണ്ട ആകെ നികുതി | ഡിമാന്റ് നോട്ടീസ് തീയതി | ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള വസ്തു നികുതി | ഡിമാന്റിലുള്ള കുറവ് |
|---|---|---|---|---|---|---|---|---|---|
| 1 | സക്കീർ, ഇഞ്ചക്കൽ കായംകുളം 4/415 | 262.41 | 31489 | +20 വഴി +15 തറ | 42510 | 48887 | 04.12.19 | 24132 | 24755 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 2 | തോമസ് ജോർജ്ജ് കിളിയിലേത്ത് പുത്തൻ വീട്, ചേരാവള്ളി<br>22/547<br>22/548<br>22/549<br>22/550<br>22/551<br>22/552<br>22/553 | 124.5<br>58.48<br>27.79<br>27.79<br>75.68<br>108.26<br>130.32<br>----------<br>552.82 | 66338 | -10 മേല്ക്കൂര +20 വഴി | 72972 | 83918 | 05.11.19 | 12600<br>4440<br>2110<br>2110<br>5224<br>10412<br>12532<br>--------<br>35544 | 30794 |
| 3 | വർഗ്ഗീസ് മാത്യു, കോലേകുളങ്ങര പുത്തൻ വീട്<br>22/537<br>22/538<br>22/539<br>22/540<br>22/541<br>22/542<br>22/543 | 33.04<br>66.71<br>106.47<br>110.22<br>146.47<br>87.21<br>83.13<br>----------<br>550.12 | 66014 | +20 വഴി | 79217 | 91099 | 15.1019 | 2166<br>4374<br>9336<br>9636<br>12128<br>5418<br>5166<br>---------<br>48224 | 42875 |
| 4 | പി.ആർ. വിനയൻ പ്രണവം, പുള്ളിക്കണക്ക്<br>23/562<br>23/563 | 38.98<br>200.00<br>---------<br>238.98 | 4198<br>28678 | -10 മേഖല +20 വഴി | 4617<br>31545 | 5310<br>36276<br>-----------------<br>41586 | 31.12.19 | 2658<br>18768<br>----------<br>21426 | 20160 |
| | | | ആകെ | | | | | | 118584 |

കുറവായി ഡിമാന്റ് ചെയ്ത തുക 118584/-രൂപ ഈടാക്കി നഗരസഭയുടെ നഷ്ടം നികത്തേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 1-14 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ എല്ലാ വിവരങ്ങളും ചേർക്കുന്നില്ല

കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് 2019, റൂൾ 13 പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ ലഭിച്ച തീയതി
മുതൽ30 ദിവസത്തിനകം മുനിസപ്പൽ സെക്രട്ടറി പെർമിറ്റ് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. സെക്രട്ടറി
അപ്രകാരംചെയ്യാത്ത പക്ഷം റൂൾ 14 പ്രകാരം അപേക്ഷകന് കൌൺസിലിന് അപേക്ഷ നല്കാവുന്നതാണ്. ഇപ്രകാരം അപേക്ഷലഭിച്ചതീയതി മുതൽ 30 ദിവസത്തിനകം കൌൺസിലിന് തീരുമാനം എടുക്കാവുന്നതാണ്. എന്നാൽ കൌൺസിൽ 30ദിവസത്തിനകംതീരുമാനം എടുക്കാത്ത പക്ഷം പെർമിറ്റ് അനുവദിച്ചതായി കരുതാവുന്നതാണ് . താഴെപ്പറയുന്ന പെർമിറ്റ
കളിൽ 30 ദിവസത്തിനുള്ളിൽ സെക്രട്ടറി പെർമിറ്റ് അനുവദിച്ചതായോ നിരസിച്ചതായോ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ രേഖകളില്ല. കൂടാതെ അപേക്ഷകർ കൌൺസിലിന് അപേക്ഷ നല്കിയതിന്റെയും കൌൺസിൽ അതിൽ തീരുമാനം എടുത്തതിന്റെയും രേഖകൾ പെർമിറ്റ് രജിസ്റ്ററിലില്ല. ചില ഉദാഹരണങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെയും പെർമിറ്റിന്റെയും വിവരം | അപേക്ഷ ലഭിച്ച തീയതി | സെക്രട്ടറി പെർമിറ്റ് അനുവദിക്കേണ്ട/ നിരസിക്കേണ്ട അവസാന തീയതി | പെർമിറ്റനുവദിച്ച തീയതി |
|---|---|---|---|---|
| 1 | ശശിധരൻ, കീരിക്കാട്, ബി.എ.നം.27 | 02.04.19 | 01.05.19 | 01.06.19 |

| | | | | |
|---|---|---|---|---|
| 2 | സുധീർ, കിഴക്കേ അറ്റത്തു വീട് , ചേരാവള്ളി, ബി.എ.നം.44 | 09.04.19 | 08.05.19 | 14.06.19 |
| 3 | ശ്രീജ ശ്രീകുമാർ, തുഷാര, കായംകുളം ബി.എ.നം.65 | 16.04.19 | 15.05.19 | 08.07.19 |
| 4 | രാജീവ്.ആർ, സ്നേഹതീരം, ചേരാവള്ളി ബി.എ.നം.75 | 16.04.19 | 15.05.19 | 08.07.19 |
| 5 | മുഹമ്മദ് ഹാരിസ്, പുലിവേലിത്തറയിൽ, കണ്ണംപള്ളി ബി.എ.നം.79 | 16.04.19 | 15.05.19 | 09.07.19 |
| 6 | അബ്ദുൾ റഹിം, വൈക്കത്ത്, ചേരാവള്ളി ബി.എ.നം.95 | 30.04.19 | 29.05.19 | 01.09.21 |
| 7 | മനോജ്, കൊണ്ടോളിൽ കിഴക്കേതിൽ, കായംകുളംബി.എ.നം.103 | 02.05.19 | 01.06.19 | 27.02.20 |
| 8 | അബൂബക്കർ കുഞ്ഞ്, തുണ്ടത്തിൽ, എരുവബി. എ.നം.198 | 23.05.19 | 22.06.19 | 09.08.19 |
| 9 | ഷാജി, കൊക്കോത്തു കിഴക്കേതിൽ, പെരിങ്ങാലബി.എ.നം.216 | 28.05.19 | 27.06.19 | 20.10.19 |
| 10 | ഷാജി ഉമ്മൻ, മറുകുന്നത്ത്, കായംകുളംബി.എ.നം.395 | 18.06.19 | 17.07.19 | 01.10.19 |
| 11 | സമീർ, പീഡിയേക്കൽ, കീരിക്കാട്ബി.എ.നം.563 | 01.08.19 | 01.09.19 | 12.12.19 |
| 12 | അജികുമാർ, പെരുമ്പളക്കാട്ടിൽ, കായംകുളം ബി.എ.നം.622 | 19.08.19 | 18.09.19 | 19.12.19 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.4/17,01.2022) മറുപടിയായി കോവിഡ് മൂലമുള്ള പരിമിതികൾ കാരണമാണ് രജിസ്റ്റർ പൂർണ്ണമാക്കാതിരുന്നത്, മേലിൽ ശ്രദ്ധിച്ചുകൊള്ളാം എന്ന് അറിയിച്ചിട്ടുണ്ട്. ബിൽഡിംഗ് പെർമിറ്റ്
സംബന്ധിച്ച്. കെ.എം. ബി.ആറിൽ അനുശാസിക്കുന്ന എല്ലാ നിബന്ധനകൾ സംബന്ധിച്ച വിവരങ്ങളും പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

## 1-15 അനധികൃത നിർമ്മാണങ്ങൾക്ക് ബാധകമായ നികുതി ഈടാക്കുന്നില്ല

1. 14.06.21 ലെ നഗരസഭ കത്ത് നമ്പർ R2/G2/10750/21 (വിവരാവകാശ രേഖ) പ്രകാരം നഗരസഭയിൽ 1300 അനധികൃതനിർമ്മാണങ്ങളുണ്ട്. എന്നാൽ നഗരസഭയിലെ അനധികൃത നിർമ്മാണ രജിസ്റ്ററിൽ നൂറ്റന്പതോളം കെട്ടിടങ്ങളുടെ വിവരംമാത്രമാണുള്ളത്. നഗരസഭയ്ക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് 1100 ഓളം അനധികൃത നിർമ്മാണങ്ങളിൽ നിന്നുള്ള നികുതി

വരുമാനമാണ്.രജിസ്റ്റർ കാലികമാക്കേണ്ടതും രജിസ്റ്ററിൽ ഇപ്പോഴില്ലാത്ത അനധികൃത നിർമ്മാണങ്ങളുടെ നികുതി ഈടാക്കിഅറിയിക്കേണ്ടതുമാണ്.

അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന അനധികൃത നിർമ്മാണങ്ങൾ പൊളിക്കാൻനടപടികൾ സ്വീകരിച്ചിട്ടില്ല. ഇവയ്ക്ക് മേൽപ്പടി രജിസ്റ്റർ പ്രകാരം ബാധകമായ വസ്തു നികുതി , 2019-20 വർഷം ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

| ക്രമ നം | യു.എ. നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | ഈടാക്കേണ്ട വാർഷിക വസ്തു നികുതി (യു.എ.രജിസ്റ്റർ പ്രകാരം) |
|---|---|---|---|
| 1 | 32/UA280A2 | മുഹമ്മദ് ഷെരീഫ് | 17074 |
| 2 | 32/126D | അബ്ദുൾ റഹിമാൻ കുഞ്ഞ് | 208148 |
| 3 | 36/UA1395A | ലൈലാബീവി | 45914 |
| 4 | 36/UA25/A | വാസുദേവൻപിള്ള | 4780 |
| 5 | 22/UA38<br>39<br>40 | ജോസ് കെ. വർഗ്ഗീസ് | 11860<br>11860<br>11860 |

| | | | |
|---|---|---|---|
| | 41 | | 11860 |
| 6 | 2/UA122 | അജയൻ പുഷ്പാംഗദൻ | 32061 |
| 7 | 3/UA341C1<br>341C2<br>341C3 | താഹിറ | 2550<br>7650<br>7650 |
| 8 | 3/UA17A1 | അബ്ദുൾ മജീദ് | 924 |
| 9 | 3/UA 17A2 | ഐഷ | 1232 |
| 10 | UA/ 368 A | ജമീലാ ബീവി | 3585 |
| 11 | UA/ 355B | സഹദേവൻ | 5262 |
| 12 | UA/ 284 A1<br>284A2 | അബ്ദുൾ ഹമീദ് | 39082<br>55062 |
| 13 | UA/ 262 A1 | ദിലീപ് ഖാൻ | 4968 |
| 14 | UA/ 400 A<br>400B | താജുദ്ദീൻ | 1199<br>833 |
| 15 | UA /397 A | തങ്കച്ചി | 996 |
| 16 | UA/ 380 | ഗോപാലകൃഷണൻ | 392 |
| 17 | UA/282 | നസീമാ ബീവി | 5650 |
| 18 | UA/496A | ദേവരാജൻ | 2228 |
| 19 | UA/335 A | രാജൻ, ലത | 743 |
| 20 | UA/271 A | റസീന | 2465 |
| 21 | UA/ 111A | ശാന്തമ്മ | 188 |
| 22 | UA/30 | ഐഷകുഞ്ഞ് | 242 |
| 23 | UA/ 300C | എൻ. രവി | 732 |
| 24 | UA/ 367J | അബ്ദുൾ സമദ് | 2865 |
| 25 | UA/ 188 | നസീർ അൻഷാദ് | 2058 |
| 26 | UA/279A | ഉസ്മാൻകുട്ടി | 339 |
| 27 | UA/ 31B<br>31C | ഹമീദ് കുഞ്ഞ് | 384<br>384 |
| 28 | UA/ 85 A | ഹുസൈൻ | 873 |
| 29 | UA/ 33A<br>33B<br>33C<br>33D | ഷംനത്ത് | 1042<br>1636<br>1636<br>1806 |
| 30 | UA | എ.എച്ച്.എം മുഹമ്മദ് എ.എച്ച്.എം ജ്വലറി | 119943 |
| 31 | UA | ഷംനാദ്, ഊറായ് പറമ്പിൽ, പ്രാതംഗമൂട് | 20285 |
| 31 | UA / 401E | അബ്ദുൾ സലാം | 1494 |
| 32 | UA/354 A1 | ബദറുദ്ദീൻ | 4798 |

| | | | |
|---|---|---|---|
| 33 | UA/181A | അർജ്ജുൻ റാവു | 630 |
| 34 | UA/302 A1 | ഗരിധർ | 630 |
| 35 | UA/60B | പൂക്കുഞ്ഞ് | 15528 |
| 36 | UA/26A | സുധീർ.എസ് | 7015 |
| 37 | UA/ 187(3)<br>187(4) | അബൂബേക്കർ | 9936<br>4948 |
| 38 | UA/30<br>W-13 | റ്റി.ജി. വർഗ്ഗീസ് | 536 |
| 39 | UA/441 | പുരുഷൻ | 275 |
| 40 | UA /387 A | വാസുദേവൻ | 204 |
| 41 | UA /16B | റ്റി.വി. തോമസ് | 1202 |
| 42 | UA /444A | പ്രസന്നകുമാർ | 135 |
| 43 | UA / 50D | ബിജു | 15344 |
| 44 | UA/409(1)<br>409(2) | അബ്ദുൾ സത്താർ | 343708<br>252253 |

ബി.

| ക്രമ നം | യു.എ. നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | ഈടാക്കേണ്ടവാർഷിക വസ്തു നികുതി |
|---|---|---|---|
| 1 | 18/ UA149B1 | സെക്രട്ടറി, അമ്പല ആശ്രമം | 3647 |
| 2 | 17/ UA461(1) | റിലയൻസ് ഇൻഫോടെൽ | 107784 |
| 3 | 19/ UA1 | റഹിം | 536 |
| 4 | 19/UA2 | ബഷീർകുട്ടി | 536 |
| 5 | 19/UA21C | ശിവരാജൻ | 3078 |
| 6 | 19/UA4-490 | അനീസ് | 697 |
| 7 | 20/UA85 | സീന | 666 |
| 8 | 20/4A-1 | ഇബ്രാഹിം കുട്ടി | 340 |

| | | | |
|---|---|---|---|
| 9 | 20/4A-89A | സുരേഷ് കുമാർ | 660 |
| 10 | 20/4A-168D | സലീന | 554 |
| 11 | 21/UA1 | അബ്ദുൾ ലത്തീഫ് | 340 |
| 12 | 21/UA3 | ശ്രീനിവാസൻ | 180 |
| 13 | 21/UA4 | ലീല | 340 |
| 14 | 21/UA360 | പങ്കജാക്ഷൻ | 275 |
| 15 | 21/UA428 | തങ്കപ്പൻ | 307 |
| 16 | 21/UA108C1 | മാനേജർ , ഐഡിയാ മൊബൈൽ<br>കെ.ഗീവർഗീസ് മാത്യൂ | 18700<br>19550 |
| 17 | 22/UA 25A | രവീന്ദ്രൻ | 426 |
| 18 | 23/UA400A1 | ട്രസ്റ്റി, കദീശ ചർച്ച് | 236328 |
| 19 | 24/UA398(1) | കെ.ജി.വർഗീസ് | 187295 |
| 20 | 24/UA398(2) | കെ.ജി. വർഗീസ് | 9688 |
| 21 | 24/UA228A(1) | ഡോ.പോൾ കോശി ചാണ്ടി | 133849 |
| 22 | 26/UA2 | ലാസർ | 536 |
| 23 | 26/UA37 | സുബൈദ | 782 |
| 24 | 26/UA243(1) | ബിജു.റ്റി | 3960 |
| 25 | 27/ UA223A | പീതാംബരൻ | 2942 |
| 26 | 28/ UA2 | സോമനാഥൻ | 666 |
| 27 | 29/501D | സോമശേഖരൻ | 28737 |
| 28 | 29/149(1) | ശിവരാമൻ | 4459 |
| 29 | 29/ UA152B1 | ജനാർദ്ദനൻ പിള്ള | 606 |
| 30 | 29/UA501(a) | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 65928 |
| 31 | 30/UA1 | ശങ്കരൻ | 666 |
| 31 | 31/UA1 | ദാമോദരൻ | 343 |
| 32 | 32/UA1 | കമറുന്നിസ | 275 |
| 33 | 32/UA2 | ഹസൂബുള്ള | 242 |
| 34 | 32/ UA 684 | മജീദാബീവി | 1394 |
| 35 | 32/UA 549 | സജീനാ സമദ് | 306 |
| 36 | 32/154K1 | ഹമീദ് | 20871 |
| 37 | 32/ UA391A1-A6 | യശോധരൻ | 7080<br>11552<br>6708<br>9564<br>14757<br>1863 |
| 38 | 32/UA140(1) | സിറാജുദ്ദീൻ.കെ | 1424295 |
| 39 | 32/ UA383 A1 | നജ്മുദ്ദീൻ | 260613 |

| | | | |
|---|---|---|---|
| 40 | 32/UA383A2 | നജ്മുദ്ദീൻ | 31257 |
| 41 | 32/UA 255(A) | രാധാകൃഷ്ണൻ നായർ | 1070 |
| 42 | 32/UA632A1 | മുഹമ്മദ് ഫൈസൽ | 67206 |
| 43 | 32/UA291G1 | ചന്ദ്രൻ | 2243 |

ഈ അനധികൃത നിർമ്മാണങ്ങൾക്ക് ബാധകമായ വസ്തു നികുതി പിഴ ഉൾപ്പടെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-16 ലേലത്തുക പൂർണ്ണമായി ഈടാക്കുന്നില്ല-പിരിഞ്ഞു കിട്ടാനുള്ളത് - 1230235/-

l . 2019-20 സാമ്പത്തിക വർഷം നഗരസഭയുടെ വസ്തുവകകൾ ലേലം കൊണ്ട താഴെപ്പറയുന്നവർ ലേലത്തുക പൂർണ്ണമായും ഒടുക്കു വരുത്തിയില്ല , വൻ തുക കുടിശ്ശികയായി അവശേഷിയ്ക്കുന്നു .

| ക്രമ നം | സ്ഥാപനം | ലേലത്തിൽ പിടിച്ച ആൾ | അടയ്ക്കേണ്ട തുക | അടച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| 1 | കശാപ്പുശാലയിൽ നിന്നും വേസ്റ്റ് | മുഹമ്മദ് ഷെഫീക്ക്, കുറ്റിയിൽ | 2,25,000/- | 1,12,500/- | 1,12,500/- |
| 2 | ബങ്കുകൾ | വർഗ്ഗീസ്, ആയിക്കോമത്ത് പിത്തൻവീട് | 7560/- | 4410/- | 3150/- |
| 3 | ബങ്കുകൾ | രാജപ്പൻ ചെട്ടിയാർ, കോവിലകത്ത് | 5700/- | 4750/- | 950/- |
| 4 | ബങ്കുകൾ | ശശിധരൻപിള്ള, ശാന്തിഭവനം | 7200/- | 4800/- | 2400/- |
| 5 | ബങ്കുകൾ | സത്താർ, നെടിയത്ത്ഹൌസ് | 7560/- | 3780/- | 3780/- |
| 6 | ബങ്കുകൾ | ജി. ചാക്കോ കാര്യാത്ത്, തെക്കതിൽ | 3840/- | 0 | 3840/- |
| 7 | തറവാടക | ഉമൈബ , കൊല്ലംപറമ്പിൽ | 14760/- | 0 | 14760/- |
| 8 | തറവാടക | അബ്ദുൾ ലത്തീഫ്, SST മൻസിൽ | 16140/- | 12105/- | 4035/- |
| 9 | തറവാടക | കെ. മണിയൻ, ഭാമനിവാസ് | 5700/- | 5225/- | 475/- |
| 10 | തറവാടക | എസ്. ഷംസുദീൻ, തയ്യിൽ | 11,100/- | 0 | 11,100/- |
| 11 | തറവാടക | രഘുനാഥൻ, ഓടയ്ക്കൽ | 29460/- | 27005/- | 2455/- |
| 12 | തറവാടക | ഗംഗാധരൻ, മോഹൻദാസ് | 1,08,000/- | 99,000/- | 9000/- |
| 13 | ഷോപ്പ് കം ഓഫീസ് ബിൽഡിംഗ് | വാമദേവൻ, പാലശ്ശേരിൽ | 53,460/- | 49,005/- | 4455/- |
| 14 | കംഫർട്ട് സ്റ്റേഷൻ ബിൽഡിംഗ് | സലാഹുദീൻ, ഇലമ്പടത്ത് | 27,420/- | 25,135/- | 2285/- |
| 15 | കംഫർട്ട് സ്റ്റേഷൻ ബിൽഡിംഗ് | മുഹമ്മദ് കുഞ്ഞ്.ജെ, വല്യാത്ത് | 69,960/- | 46,640/- | 23,320/- |
| 16* | LSD Complex | കുഞ്ഞുമോൾ വടക്കടത്ത് | 31,740/- | 29,095/- | 2645/- |
| 17 | LSD Complex | അബ്ദുൾലത്തീഫ്, കുറങ്ങാട്ട് | 31,740/- | 29,095/- | 2645/- |
| 18 | LSD Complex | അബ്ദുൾസമദ്, കുറങ്ങാട്ട്തെക്കതിൽ | 31,740/- | 29,095/- | 2645/- |
| 19 | ലോറി സ്റ്റാൻഡ് ബിൽഡിംഗ് | ശിവരാമൻ നായർ, വള്ളിപടീറ്റതിൽ | 15,960/- | 14,630/- | 1330/- |
| 20 | ലോറി സ്റ്റാൻഡ് ബിൽഡിംഗ് | ബഷീർ തിരുവാലിൽ | 15,960/- | 0 | 15,960/- |
| 21 | കല്ലുംമൂട് മാർക്കറ്റ് | കെ. ജി. വിശ്വനാഥൻ, കേട്ടേത്തറയിൽ | 19,140/- | 12,760/- | 6380/- |
| 22 | കല്ലുംമൂട് മാർക്കറ്റ് | കാർത്തികേയൻ, പ്രേംനിവാസ് | 19,140/- | 11,165/- | 7975/- |
| 23 | അബ്ദുൾഖാദർ സ്മാരക ഷോപ്പിംഗ് | അജിത്ത്കുമാർ, മണക്കാട്ട് | 24,720/- | 0 | 24,720/- |

| | | | | | |
|---|---|---|---|---|---|
| | കോംപ്ലക്സ് | | | | |
| 24 | അബ്ദുൾഖാദർ സ്മാരക ഷോപ്പിംഗ് കോംപ്ലക്സ് | വിജി, മണക്കാട്ട് | 32,820/- | 0 | 32,820/- |
| 25 | അബ്ദുൾഖാദർ സ്മാരക ഷോപ്പിംഗ് കോംപ്ലക്സ് | കെ.കെ.രഘുനാഥൻ, സോപാനം | 35,760/- | 0 | 35,760/- |
| 26 | അബ്ദുൾഖാദർ സ്മാരക ഷോപ്പിംഗ് കോംപ്ലക്സ് | എസ്. വേണുഗോപാൽ ഉഷാകുമാരി | 38,340/- | 19,170/- | 19,170/- |
| 27 | അബ്ദുൾഖാദർ സ്മാരക ഷോപ്പിംഗ് കോംപ്ലക്സ് | നിർമ്മല, പാലമൂട്ടിൽ | 40,380/- | 23,555/- | 16,825/- |
| 28 | അറബിപറമ്പ് ഷോപ്പിംഗ് കോംപ്ലക്സ് | താജുദീൻ, അറബിപറമ്പിൽ വീട് | 18,480/- | 0 | 18,480/- |
| 29 | അറബിപറമ്പ് ഷോപ്പിംഗ് കോംപ്ലക്സ് | അഷ്റഫ്, മാളികകിഴക്കതിൽ | 18,480/- | 0 | 18,480/- |
| 30* | തുണ്ടത്തിൽ കുഞ്ഞികൃഷ്ണപിള്ള സ്മാരക ഷോപ്പിംഗ് കോംപ്ലക്സ് | നാസറുദീൻ, കൊച്ചു പറമ്പിൽ | 85,440/- | 78,320/- | 7120/- |
| 31 | തുണ്ടത്തിൽ കുഞ്ഞികൃഷ്ണപിള്ള സ്മാരക ഷോപ്പിംഗ് കോംപ്ലക്സ് | നാഗേശ്വരൻ, അരുൺനിവാസ് | 73,440/- | 67,320/- | 6120/- |
| 32 | TKKPMSC | ഇസ്മായിൽകുഞ്ഞ്, കാട്ടിൽകിഴക്കതിൽ | 56,040/- | 14,010/- | 42,030/- |
| 33 | TKKPMSC | മുഹമ്മദ് ഫൈസൽ, അറഫാമൻസിൽ | 1,17,720/- | 1,07,910/- | 9810/- |
| 34* | TKKPMSC | അജിതാഖുശി ഭാസ്കർ,പോച്ചയിൽ | 19,740/- | 13,160/- | 6580/- |
| 35* | TKKPMSC | അനിൽകുമാർ ആർ, രാഘവസദനം | 37,800/- | 34,650/- | 3150/- |
| 36 | TKKPMSC I FLOOR | കെ.ജി.ബിന്ദു, വിഷ്ണുനിവാസ് | 1,61,940/- | 1,48,445/- | 13495/- |
| 37* | TKKPMSC I FLOOR | പ്രതാപചന്ദ്രൻ, സുവർണ്ണ | 1,62,300/- | 94,675/- | 67,625/- |
| 38 | TKKPMSC I FLOOR | മുഹമ്മദ് ഫൈസൽ, അറഫാമൻസിൽ | 1,44,480/- | 72,240/- | 72,240/- |
| 39 | TKKPMSC I FLOOR | GOVT.ITI | തുക സംബന്ധിച്ച് രജിസ്റ്ററിൽ യാതൊരു | | |

| | | | | | |
|---|---|---|---|---|---|
| | | | വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. | | |
| 40 | TKKPMSC II FLOOR | ജീവറാണി, മണ്ണൂത്തറയിൽ | 2,58,180/- | 1,50,605/- | 1,07,575/- |
| 41 | TKKPMSC II FLOOR | പ്രതാപചന്ദ്രൻ, സുവർണ്ണ | 94,320/- | 0 | 94,320/- |
| 42 | TKKPMSC II FLOOR | പി.റ്റി. അനിൽകുമാർ, ഗുരുനിത്യചൈതന്യയതി ട്രസ്റ്റ് | 1,20,900/- | 0 | 1,20,900/- |
| 43 | TKKPMSC II FLOOR | ജീവൻരാജ്, മണ്ണൂത്തറയിൽ | 2,58,180/- | 1,50,605/- | 1,07,575/- |
| 44 | TKKPMSC II FLOOR | GOVT.ITI | തുക സംബന്ധിച്ച് രജിസ്റ്ററിൽ യാതൊരു വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. | | |
| 45 | കശാപ്പുശാല സ്റ്റാൾ | കുഞ്ഞ്മോൻ, കൊച്ചുകൈതോലിൽ | 34,860/- | 0 | 34,860/- |
| 46 | കശാപ്പുശാല സ്റ്റാൾ | ബാബു, കൊച്ചയ്യത്ത് | 20,700/- | 12,075/- | 8625/- |
| 47 | കശാപ്പുശാല സ്റ്റാൾ | ഹസൻകുഞ്ഞ്കൊച്ചുതെക്കേത്തറയിൽ | 20,700/- | 0 | 20,700/- |
| 48 | കശാപ്പുശാല സ്റ്റാൾ | അഷ്റഫ്, കൈതോലിൽ | 20,700/- | 0 | 20,700/- |
| 49 | കശാപ്പുശാല സ്റ്റാൾ | ഇബ്രാഹിംകുട്ടി, കോട്ടേപറമ്പിൽ | 20,700/- | 0 | 20,700/- |
| 50 | കശാപ്പുശാല സ്റ്റാൾ | നിസാമുദീൻ, തോണപ്പുറത്ത് | 24,540/- | 0 | 24,540/- |
| 51 | മത്സ്യമാർക്കറ്റ് | റജുല നാസർ, വരിയ്ക്കപ്പള്ളിൽ | 13,800/- | 11,500/- | 2300/- |
| 52 | മത്സ്യമാർക്കറ്റ് | ബഷീർകുട്ടി , കൊച്ചുകൈതോലിൽ | 13,800/- | 0 | 13,800/- |
| 53 | മത്സ്യമാർക്കറ്റ് | അബ്ദുൾ അസീസ്, ചിറയിൽ | 14,520/- | 0 | 14,520/- |
| 54 | സസ്യ മാർക്കറ്റ് | സുലൈമാൻ കുഞ്ഞ്, കളീയക്കൽ | 12,420/- | 8280/- | 4140/- |
| 55 | സസ്യ മാർക്കറ്റ് | സീനത്ത് അലി, കണ്ടത്തിൽ | 14,820/- | 12,350/- | 2470/- |
| | ആകെ | | | | 1230235 |

വാടകയിനത്തിൽ ഒടുക്കാൻ ബാക്കി നിൽക്കുന്ന തുകകൾ ഈടാക്കി അറിയിക്കേണ്ടതാണ്.

II. നഗരസഭയുടെ താഴെപ്പറയുന്ന വസ്തുവകകൾ 2019-20 വർഷം ലേലത്തിൽ പോയിട്ടില്ല.വരും വർഷങ്ങളിൽ ഇവ ലേലത്തിൽ പോകുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1.മുൻസിപ്പൽ ബസ് സ്റ്റാന്റിലെ കംഫോർട്ട് സ്റ്റേഷൻ

2.ടെർമിനൽ ബസ് സ്റ്റാന്റിലെ കംഫോർട്ട് സ്റ്റേഷൻ

3.വനിത വ്യവസായ വികസന കോംപ്ലക്സ്

## 1-17 റോഡ് റെസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിൽ നഗരസഭയ്ക്ക് നഷ്ടം-2571/-

പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയർ റോഡ്സിന്റെ 30.03.19 ലെ സർക്കുലർ No.CE/R&B/GL-RC/2/2019 ലെ നിർദ്ദേശ പ്രകാരം ബ്ലാക്ക് ടോപ്പ് സർഫസിന്റെ മിനിമം എസ്റ്റിവേഷൻ വീതി 1 മീറ്ററായി എടുത്തു വേണം റെസ്റ്റോറേഷൻ ചാർജ് കണക്കാക്കാൻ (In Case Of BT Surface The Minimum Restoration Width Taken For Proper Compaction Shall Be One Meter.). താഴെപ്പറയുന്നയാൾ ഒടുക്കേണ്ട റെസ്റ്റോറേഷൻ ചാർജ് കണക്കാക്കിയപ്പോൾ മേല്പ്പറഞ്ഞ നിർദ്ദേശം

കണക്കിലെടുക്കാത്തതു മൂലം നഗരസഭയ്ക്ക് 2571 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

| ക്രമ നം | പേര്, മേൽ വിലാസം | കണക്കാക്കേണ്ട ട്രഞ്ച് വിസ്തീർണ്ണം ച.മീറ്റർ | നിരക്ക് | റോഡ് റെസ്റ്റോറേഷൻ ചാർജ് | ആകെ ഈടാക്കേണ്ട റോഡ് റെസ്റ്റോറേഷൻ ചാർജ് | കണക്കാക്കിയ ട്രഞ്ച് വിസ്തീർണ്ണം ച.മീറ്റർ | ഈടാക്കിയത് | രസീത് നം/ തീയതി | കുറവ് |
|---|---|---|---|---|---|---|---|---|---|
| 1 | ചെല്ലമ്മ, 29/65 വെളിയിൽ പാലസ് വാർഡ്, കൃഷ്ണപുരം | 3.6x1=3.6 | 3090.57 | 11126 | 11126( ബി.റ്റി) +329 (ബോം കട്ടിംഗ്) =11455 | 3.6x0.5 =1.8 | (8554+ 329)=8884 | 119010 105225 /10.07.19 | 2571 |

## 1-18 ജീവനക്കാർക്ക് അനുവദിച്ച 239569/- രൂപയുടെ മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

നഗരസഭയിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി ജീവനക്കാർക്ക് മുൻകൂർ അനുവദിച്ചിട്ടുണ്ട് . ഇപ്രകാരം അനുവദിക്കുന്ന മുൻകൂറുകൾ മൂന്നു മാസത്തിനകം ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക അനുവദിച്ച തീയതി മുതൽ ചെലവ് രേഖകൾ ഹാജരാക്കി തുക ക്രമീകരിക്കുന്ന തീയതി വരെയുള്ള കാലയളവിൽ 18% പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവ് ജി.ഒ (പി) 419/11 ഫിൻ /തീയതി 04-10-2011ൽ വ്യവസ്ഥ ചെയ്യുന്നു.

ക്രമീകരിക്കാത്ത മുൻകൂറുകൾ കൈപ്പറ്റിയ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നോ റവന്യൂ റിക്കവറിയിലൂടെയോ ഈടാക്കാൻ സർക്കുലർ നം: 43/12/ധനം. തീയതി: 24.07.2012-ൽ നിർദ്ദേശിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ പ്രകാരം നഗരസഭയിൽ നിന്നും 2019-20ൽ മുൻകൂർ കൈപ്പറ്റി ഓഡിറ്റ് സമയം വരെ ക്രമീകരിക്കാത്ത ജീവനക്കാരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം./ അഡ്വാൻസ് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | തുക/ വൗച്ചർ നം. | ആവശ്യം |
|---|---|---|---|
| 1 | PW1-13985/19<br>Sri.Gopikrishnan<br>PWO-III | 4052/-<br>56-06/19 | Advance For Electrical Equipments To Ayurveda Hospital& Bus Stand |
| 2 | G1-1026/19<br>Sri. Niyas M<br>G1 Section Clerk | 15000/-<br>76-06/19 | For Election Purpose (Ward-8) |
| 3 | G1-19182/19<br>Sri. Niyas M<br>G1 Section Clerk | 40000/-<br>48-08/19 | For Independance Day Celebration |
| 4 | TP1-2742/19<br>Sri.Jayakumar, PWO-II | 10000/-<br>58-08/19 | Advance For Demolishing Un Autorised Construction |
| 5 | PH1-16572/19<br>Smt.Shemeera JHI- II | 5000/-<br>83-08/19 | Advance For Tree Cutting In Ward-30(public Property) |
| 6 | PW2-12597/15<br>Sri.Jayakumar T S, PW II | 10000/-<br>75-09/19 | Advance For Servicing K L 29C 1189 Jeep |
| 7 | PW3-81013/19<br>Sri.Gopikrishnan<br>PWO-III | 4635/-<br>18-12/19 | Advance For Purchasing 1HP Motor At Lorry Stand |
| 8 | PH1-85616/19<br>Sri. Gopakumar,<br>JHI- II | 5000/-<br>82-12/19 | Advance For Plastic Prohibition |
| 9 | PW3-1298/13<br>Sri.Jayakumar T S,<br>PWO-III | 10882/-<br>19-12/19 | Advance For Servicing KL 29 6699 Car |
| 10 | R4-87043/19<br>Sri.V.K.Jayaraj, A E | 1,30,000/-<br>44-03/20 | Advance For Demolishing Old Building Of Multiplux Theatre |

| | | | |
|---|---|---|---|
| 11 | PH1-7788/20 Smt.Shemeera JHI- II | 5000/- 85-03/20 | Advance For Motor Repairing Of ETP |
| | ആകെ | 239569 | |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13 /22.01.2022) അഡ്വാൻസ് കൈപ്പറ്റിയ ജീവനക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അഡ്വാൻസ് ക്രമീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ജീവനക്കാർ മുൻകൂറുകൾ ക്രമീകരിക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം സർക്കുലർ നം: 43/12/ധനം. തീയതി: 24.07.2012 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 ആദായനികുതി ഈടാക്കിയില്ല

കായംകുളം നഗരസഭ കക്ഷിയായി ഉള്ള കേസുകൾക്കായി ഹാജരായ നഗരസഭ സ്റ്റാന്റിംഗ് കൗൺസിൽ അഭിഭാഷകർക്ക് 2019-20 വർഷം ഫീസ് ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ നം./തീയതി | ചെക്ക് നം./തീയതി | തുക | കൗൺസിൽ തീരുമാനം | |
|---|---|---|---|---|
| 35-07/19 | 2101274/ | 111750 | 01.07.2019 ലെ ചെയർമാന്റെ മുൻകൂർ തീരുമാനം | അഡ്വ. ആർ രായ ഷേണായി |
| 36-07/19 | 2101275/ | 48000 | | അഡ്വ. ടി.ആർ.രാജൻ |
| 84-12/19 | 2108383 | 45000 | നം.12/26.12.2019 | അഡ്വ. എൻ.അനിൽകുമാർ |
| 58-11/19 | 2108335 | 39000 | നം.14/30.10.2019 | അഡ്വ.ഹേമ |
| ആകെ | | 243750 | | |

1961 ലെ ഇൻകം ടാക്സ് ആക്റ്റ് സെക്ഷൻ 196 J പ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ 30,000/- രൂപയിൽ അധികം പ്രഫഷണൽ സേവനങ്ങൾക്കുള്ള ഫീസായി നല്കിയിട്ടുണ്ടെങ്കിൽ 10% തുക ആദായ നികുതി ടി.ഡി.എസ് ഈടാക്കേണ്ടതാണ് . എന്നാൽ പ്രസ്തുത പട്ടികപ്രകാരം വക്കീൽ ഫീസ് അനുവദി ച്ചിട്ടുള്ള അഭിഭാഷകരിൽ നിന്നും നിയമാനുസൃതമുള്ള ആദായ നികുതി ഈടാക്കിയിട്ടില്ല . വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/24.01.22) മറുപടി ലഭ്യമാക്കിയില്ല. ടി.ഡി.എസ് ഇനത്തിൽ സർക്കാരിലേക്ക് ഒടുക്കേണ്ട 24375 രൂപ പ്രസ്തുത അഭിഭാഷകരിൽ നിന്നും ഈടാക്കി ട്രഷറിയിൽ അടച്ച് ചെലാൻ ഹാജരാക്കേണ്ടതാണ് . അല്ലാത്ത പക്ഷം സർക്കാരിന് നഷ്ടമായ തുക സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിയ്ക്കുന്നതാണ്.

## 1-20 ഡിസ്കൗണ്ട് ലഭ്യമാക്കാതെ പരസ്യചാർജ്ജ് നൽകി-അധിക ചെലവ് -5340/-രൂപ

ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി 4-1-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചു കൊണ്ടുള്ള 08.12.2015-ലെ ജി.ഒ ( പി) നം.17 /2015/ പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിൽ സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ മാതൃഭൂമി ദിനപ്പത്രത്തിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളിൽ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല എന്ന് കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പത്രസ്ഥാപനം | സ്ഥാപനത്തിൽ നിന്നുള്ള ബിൽനം./തീയതി | ബിൽ തുക | അർഹമായ ഡിസ്കൗണ്ട്(ജി.എസ്.ടി. ഉൾപ്പെടാതെയുള്ള തുകയുടെ 15%) | ചെക്ക്നം./ തീയതി വൗച്ചർ നം |
|---|---|---|---|---|
| മാതൃഭൂമി | 321000029979 | 8610 | 1230 | 2110857/ 28.02.2020 |
| | 321000062768 | 10080 | 1440 | |
| | 321000067236 | 8610 | 1230 | |
| | 321000072428 | 10080 | 1440 | |
| | ആകെ | 37380 | 5340 | |

5340 രൂപ ഡിസ്കൗണ്ട് പ്രസ്തുത ബില്ലുകൾക്കും ലഭിക്കേണ്ടതായിരുന്നു. എന്നാൽ ഡിസ്കൗണ്ട് ഇല്ലാതെയാണ് പത്രപ്പരസ്യചാർജ്ജ് ഡിമാന്റ് ചെയ്യതും, നഗരസഭ മേൽ ബില്ലുകൾ പ്രകാരം മുഴുവൻ തുകയും അനുവദിച്ചു നൽകുകയും ചെയ്തത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (നം. 26/27.01.2022) . സ്ഥാപനത്തിൽ നിന്ന് ഡിസ്കൗണ്ട് ലഭ്യമാക്കാത്തതു മൂലം ഉണ്ടായ നഷ്ടം5340/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.അല്ലാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-21 തെരുവ് വിളക്കുകൾക്ക് AMC- ചെലവിന് സുതാര്യതയില്ല-( എസ്സ് ഒ – 32

ചെലവ് വിവരം-1)Rs-222886/- ബിൽ നം.41/19-20, Dt.7-6-19

2)Rs-249610/- ബിൽ നം.115/19-20, Dt.19-12-19

3)Rs-222886/- ബിൽ നം.117/19-20, Dt.19-12-19

മുനിസിപ്പൽ എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ആരംഭിച്ച് സ്പിൽ ഓവറായി 2019-20 വർഷം നടപ്പിലാക്കിയ പദ്ധതിയായിരുന്ന നഗരസഭയിലെ വിവിധ വാർഡുകളിൽ കേടായിക്കിടക്കുന്ന തെരുവ് വിളക്കുകൾ നന്നാക്കുന്നതിന് AMC നൽകൽ. ഇതിനായി ടെണ്ടർ ക്ഷണിച്ചതിൽ , ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത , സർക്കാർ പൊതുമേഖലാ സ്ഥാപനമായ SILK ക്വോട്ട് ചെയ്ത ഏറ്റവും കുറഞ്ഞ നിരക്ക് അംഗീകരിച്ച് ടെണ്ടർ ഉറപ്പിച്ച നൽകി. മേൽ രേഖപ്പെടുത്തിയ പ്രകാരം കരാറുകാരന് തുക നൽകി. ഫയൽ പരിശോധിച്ചതിൽ , പദ്ധതി നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പദ്ധതി നിർവ്വഹണത്തിനായി വിശദമായ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. പിന്നെ എപ്രകാരമാണ് കരാറിൽ രേഖപ്പെടുത്തിയിട്ടുള്ളത് വിധം 3500 ബൾബുകൾ AMC ചെയ്യുന്നതാണ് എന്ന് രേഖപ്പെടുത്തിയത് എന്നത് വ്യക്തമല്ല.

2.നഗരസഭയിലെ വിവിധ വാർഡുകളിൽ എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നോ, അതിൽ ട്യൂബ് ലൈറ്റ്, സിഎഫ് എൽ, ,ഹൈമാസ്റ്റ്, എൽഇഡി എന്നിവ എത്രയുണ്ടെന്നോ നഗരസഭയിൽ വ്യക്തമായ ഒരു കണക്കില്ല.തെരുവ് വിളക്കുകളെ സംബന്ധിച്ച രജിസ്റ്ററോ, കെഎസ്സ്ഇബിയിൽനിന്ന ള്ള താരിഫ് കാർഡോ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. പിന്നെ എപ്രകാരമാണ് 998440/- രൂപ അടങ്കലുള്ള പദ്ധതി അംഗീകരിച്ച് കരാർ നൽകിയതെന്ന് വ്യക്തമല്ല.

3.ഹാജരാക്കിയ ഫയലിൽ വിവിധ വാർഡുകളിൽ ട്യൂബുകളും, സിഎഫ്എൽ, എൽഇഡി ബൾബുകളും മാറ്റിയിട്ടതായും റിപ്പയർ ചെയ്തതായും കാണിച്ച് മെമ്പർമാർ നൽകിയ സാക്ഷ്യപത്രം സൂക്ഷിച്ചിട്ടുണ്ട്.എന്നാൽ പല സാക്ഷ്യപത്രത്തിലും ഏതിനത്തിലുള്ള, എത്രയെണ്ണമാണ് മാറ്റിയിട്ടുള്ളത് / റിപ്പയർ ചെയ്തിട്ടുള്ളതെന്ന് രേഖപ്പെടുത്തിയിട്ടില്ല.

4. മെമ്പർമാർ നൽകിയ സാക്ഷ്യപത്രം പ്രകാരം ഏകദേശം 4690 എണ്ണം ബൾബുകൾ മാറ്റിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.എന്നാൽ കരാറിലെ രേഖപ്പെടുത്തലുകൾ പ്രകാരം 3500 ബൾബുകൾ AMC ചെയ്യുന്നതിനാണ് കരാർ വെച്ചിട്ടുള്ളത്. ഇതിൽ നിന്ന് തന്നെ ഈ പദ്ധതിയുടെ നിർവ്വഹണം ശരിയായ രീതിയിലല്ലാ നിർവ്വഹിക്കപ്പെട്ടതെന്ന് വ്യക്തമാണ്.മാത്രവുമല്ല ബൾബുകൾ മാറിയത് സംബന്ധിച്ച് കെഎസ്സ്ഇബി അധികൃതരിൽ നിന്നും സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

ചുരുക്കത്തിൽ തെരുവ് വിളക്കുകളുടെ AMC എന്ന ഈ പ്രൊജക്ടിലെ ചെലവുകളെ സാധൂകരിക്കുന്ന രീതിയിൽ അല്ല പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്.

മേൽ രേഖപ്പെടുത്തിയ അപാകതകൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (17/ 2019-20 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ വെളിച്ചത്തിൽ പദ്ധതിയ്ക്കായി തൻവർഷം ചെലവഴിച്ച 695382/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. SILK ൽ നിന്നും സ്ഥാപിച്ചതായി / റിപ്പയർ ചെയ്തതായി മെമ്പർമാർ നൽകിയ കണക്കുകളുടെ കൃത്യത, SILK , KSEB എന്നിവിടങ്ങളിൽ നിന്നും ലഭ്യമാക്കി , പൊരുത്തപ്പെടുത്തി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-22 അറവുശാലയിൽ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ ( എസ്സ് ഒ – 310/20)

ചെലവ് വിവരം-2335000/- ബിൽ നം.13/18-19, Dt.07-06-19

മുനിസിപ്പൽ എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ആരംഭിച്ച് സ്പിൽ ഓവറായി 2019-20 വർഷം നടപ്പിലാക്കിയ പദ്ധതിയായിരുന്ന അറവുശാലയിൽ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ. 3385000/- രൂപ അടങ്കലുള്ള ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട ഷാരോൺ വാട്ടർ സൊല്യൂഷൻ, വെള്ളൂർ, കോട്ടയം എന്ന സ്ഥാപനത്തിന് 2335000/- രൂപ തൻവർഷം നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, അറവുശാലയിൽ മലിനജലം ശുദ്ധീകരിക്കാനുള്ള സംവിധാനം ഏർപ്പെടുത്താതിരുന്ന പക്ഷം അറവുശാലയുടെ പ്രവർത്തനം നിർത്തിവെക്കണമെന്ന് താലൂക്ക് വികസന സമിതിയും, മനുഷ്യാവകാശ കമ്മീഷനും ഉത്തരവിട്ടുണ്ടെന്ന് എ.ഇ.ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എഗ്രിമെന്റ് പ്രകാരമുള്ള പ്രവർത്തി നടത്തി കമ്മീഷൻ ചെയ്യുന്ന സമയത്തുണ്ടായ മഴയിൽ അറവുശാലയിൽ നിന്നും മണ്ണും, മറ്റ് ഖര മാലിന്യങ്ങളും അടിഞ്ഞുകൂടി പ്ലാന്റിന്റെ ഫിൽട്ടർ തകരാറിലാകുന്ന സാഹചര്യം ഒഴിവാക്കാൻ അധികമായി സ്ഥാപിച്ച ഫിൽട്ടർ , റിയാക്ടർ ഇലക്ട്രോ കൊയാഗുലേഷനുള്ള സംവിധാനം എന്നിവ ഏർപ്പെടുത്തിയത് മൂലം കഴിഞ്ഞുവെന്നും എ.ഇ.ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.അറവുശാലയിൽ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ എന്ന പദ്ധതി തയ്യാറാക്കി ശുചിത്വ മിഷന്റെ അംഗീകാരം വാങ്ങിയപ്പോൾ ഇതിന്റെ പിന്നീടുള്ള സുഗമമായ പ്രവർത്തനത്തിന് ഇപ്പോൾ അധികമായി സ്ഥാപിച്ച ഫിൽട്ടർ , റിയാക്ടർ ഇലക്ട്രോ കൊയാഗുലേഷനുള്ള സംവിധാനം എന്നിവ കൂടി ഉൾപ്പെടുത്തിപദ്ധതി തയ്യാറാക്കി ഇവ സ്ഥാപിച്ചുവെങ്കിലും ആയതിന് ശുചിത്വ മിഷന്റെ അംഗീകാരം വാങ്ങിയിട്ടില്ല. കൌൺസിൽ അംഗീകാരവും ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം യാതൊരു അംഗീകാരവുമില്ലാതെയാണ് 11.5 ലക്ഷം രൂപയുടെ സാമഗ്രികൾ അധികമായി സ്ഥാപിച്ചിട്ടുള്ളത്.

2. അധികമായി സ്ഥാപിച്ച സാമഗ്രികളുടെ വില കൂടി ഉൾപ്പെടുത്തി പുതുക്കിയപദ്ധതിക്ക് സ്വച്ഛ് ഭാരത് മിഷന്റെ പക്കൽ നിന്നും അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ കരാറുകാരൻ അധികമായി സ്ഥാപിച്ച സാമഗ്രികളുടെ വിലയിനത്തിൽ നൽകുവാനുള്ള 1150000/- രൂപ നൽകുന്നതിനായി സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുന്നതിനായി കത്തയച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ആയതിന് സാധൂകരണം ലഭിച്ചതായി കാണുന്നില്ല.

3.19-09-21 ൽ നഗരസഭാ ഹെൽത്ത് വിഭാഗം ETP നിലവിൽ പ്രവർത്തന രഹിതമാണെന്നും, ആടുമാടുകളുടെ മല-മൂത്ര വിസർജ്ജ്യങ്ങളും , ശരീരാവശിഷ്ടങ്ങളും കരിപ്പുഴ തോട്ടിലേക്കാണ് ഒഴുക്കുന്നതെന്നും, അറവുശാല പ്രവർത്തിക്കുമ്പോൾ ശാസ്ത്രീയമായി പാലിക്കേണ്ട പല മാനദണ്ഡങ്ങളും പാലിക്കുന്നില്ലായെന്നും, മൃഗങ്ങളെ പുറത്ത്, തുറസ്സായ സ്ഥലത്തുവെച്ചാണ് കശാപ്പ് ചെയ്യുന്നതെന്നും, കശാപ്പിനുള്ള മൃഗങ്ങളെ മൃഗ ഡോക്ടർ പരിശോധിക്കുകയോ, മാംസത്തിൽ മെറ്റൽ സീൽ പതിക്കുയോ ചെയ്യുന്നില്ല എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അംഗീകൃത അറവുശാലയുള്ള നഗരസഭയിൽ ഇത്തരം പ്രവർത്തനങ്ങൾ നടന്നിട്ടും നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് വേളയിൽ നടത്തിയ പരിശോധനയിൽ മാലിന്യ സംസ്കരണത്തിന് യാതൊരു നടപടികളുമില്ലാതെ ഇപ്പോഴും ഇവിടെ തന്നെകശാപ്പും വിൽപ്പനയും നടത്തുന്നതായാണ് ബോധ്യപ്പെട്ടത്.



4.അറവുശാലയിൽ ETP സ്ഥാപിക്കുന്നതിനായി കെഎസ്സ്ഇബി യിൽ നിന്നും ത്രീ-ഫേസ് കണക്ഷൻ ലഭ്യമാക്കിയിട്ടില്ല.

5.അറവുശാലയിൽ സ്ഥാപിച്ചിട്ടുള്ള എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിലവിൽ പ്രവർത്ത ക്ഷമമല്ലായെന്ന് ഹെൽത്ത് വിഭാഗം അറിയിച്ചിട്ടുണ്ടെന്നും, പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് ഹെൽത്ത് വിഭാഗം ആണെന്നും, ആയത് പ്രവർത്തനക്ഷമമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. (1/ 2019-20/15.01.2022 )

6.ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് ,റിവൈസ്ഡ് എസ്റ്റിമേറ്റ് എന്നിവയും ലഭ്യമാക്കിയിട്ടില്ല. ശുചിത്വ മിഷന്റെ അംഗീകാരം വാങ്ങാതെ അധിക ഉപകരണങ്ങൾ സ്ഥാപിച്ച വകയിൽ കരാറുകാരന് തുക ലഭ്യമാക്കാത്തത് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ കരാറുകാരൻ നൽകിയ പരാതി നൽകിയതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽ രേഖപ്പെടുത്തിയ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/ 2019-20/15.01.2022 ) ലഭ്യമാക്കിയ മറുപടിയിൽ മേൽ അപാകതകളെ സാധൂകരിക്കുന്ന മറുപടിയാണ് അസ്സി.എക്സി.എൻജിനീയർ ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിനാൽ ഇതിനായി ചെലവഴിച്ച 2335000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 എയറോബിക് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ ( എസ്സ് ഒ – 358/20)

ചെലവ് വിവരം - 113481/- ( 2018-19 വർഷം നൽകിയത് )

ചെലവ് വിവരം - 1188023/-dt.25-03-19 (Final Bill –18-19 Q ലിസ്റ്റിൽ

ഉൾപ്പെട്ടത് 19-20 ൽ സ്പിൽഓവറായി നടപ്പിലാക്കി )

കരാറുകാരൻ - മോഹൻകുമാർ, സരോവരം.

മുനിസിപ്പൽ എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ആരംഭിച്ച് സ്പിൽ ഓവറായി 2019-20 വർഷം പൂർത്തീകരിച്ച പദ്ധതിയായിരുന്നു നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ എയറോബിക് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം മുനിസിപ്പൽ ഏരിയയിൽ ഉള്ള 8 സ്ഥലങ്ങളിൽ യൂണിറ്റ് സ്ഥാപിക്കുക എന്നതായിരുന്നു പദ്ധതി. ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലിൽ യൂണിറ്റുകൾ എവിടെയെല്ലാം സ്ഥാപിച്ചുവെന്നതിന് രേഖകളില്ല.

2. പ്രവർത്തി വിജയകരമായി നിർവ്വഹിച്ചുവെന്നത് സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല.

3.ഇവയുടെ നിലവിലെ അവസ്ഥ വ്യക്തമല്ല.

മേൽ വിവരങ്ങളും, പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (2/ 2019-20/15.01.22 ) ലഭ്യമാക്കിയ മറുപടിയിൽ ഫയലിൽ വിശദമായ എസ്റ്റിമേറ്റ് ലഭ്യമല്ലായെന്നും, ആയതിനാൽ വിശദമായ സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ച് കൊള്ളാമെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇവ സ്ഥാപിച്ചതിന്റെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ഈ പദ്ധതിയ്ക്കായി തൻ വർഷം ചെലവഴിച്ച 1188023/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ നീട്ടൽ- വിനിയോഗ രേഖകളില്ല( എസ്സ് ഒ – 371/20)

ചെലവ് വിവരം- 1) 22603/- രൂപ ,ബിൽ നം.39/19-20,dt.07-06-19

2) 22603/- രൂപ ,ബിൽ നം.75/19-20, Dt.30-10-19

3)177397/- രൂപ ,ബിൽ നം.76/19-20, Dt.30-10-19

നഗരസഭയിലെ 44 വാർഡുകളിലും വൈദ്യുതി ലൈൻ ഇല്ലാത്ത സ്ഥലങ്ങളിൽ വൈദ്യുതി ലൈൻ വലിക്കുക എന്ന ലക്ഷ്യത്തോടെ അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ആരംഭിച്ച് സ്പിൽ ഓവറായി 2019-20 വർഷം പൂർത്തീകരിച്ച പദ്ധതിയായിരുന്നു നഗരസഭയിലെ വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ നീട്ടൽ. 2019-20 വർഷം മേൽ രേഖപ്പെടുത്തിയ പ്രകാരം 222603/- ചെലവഴിച്ചിട്ടുണ്ട്. ഇത് കൂടാതെ പദ്ധതി ആരംഭിച്ച വർഷം മുതൽ 2018-19 വരെ ഈ പദ്ധതിയ്ക്കായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ചെലവഴിച്ച തുക | കൈപ്പറ്റിയത് | പരാമർശം |
|---|---|---|
| 1096384 | KSEB West | KSEBയുമായി കരാർ വെച്ചിട്ടുണ്ട്. |
| 711405 | KSEB East | KSEBയുമായി കരാർ വെച്ചിട്ടുണ്ട്. |
| 116400 | KSEB,Krishnapuram | KSEBയുമായി കരാർ വെച്ചിട്ടുണ്ട്. |
| 43215 | KSEB,Krishnapuram | കരാർ വെച്ചിട്ടില്ല |
| 315705 | KSEB East | കരാർ വെച്ചിട്ടില്ല |
| 56670 | KSEB,Krishnapuram | കരാർ വെച്ചിട്ടില്ല |
| 179440 | KSEB,Krishnapuram | കരാർ വെച്ചിട്ടില്ല |

മുൻ വർഷങ്ങളിലേതുൾപ്പെടെ ആകെ 2741822/- രൂപ ചെലവഴിച്ച ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഓരോ വാർഡിലും ഏതൊക്കെ സ്ഥലങ്ങളിൽ , എത്ര മീറ്റർ നീളത്തിൽ ആണ് വൈദ്യുതി ലൈൻ വലിക്കേണ്ടതെന്നും, ആയതിന് എത്ര പോസ്റ്റുകളും അനുബന്ധ ഉപകരണങ്ങളും വേണ്ടി വരുമെന്നും കാണിക്കുന്ന വിശദമായ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമല്ല .

2.2019-20 വർഷം പിൻവലിച്ച 222603/- രൂപ ആരാണ് കൈപ്പറ്റിയെന്നതിന് രേഖകളില്ല.

3. വിവിധ വാർഡുകളിലെ മെമ്പർമാർ തങ്ങളുടെ വാർഡുകളിൽ വൈദ്യുതി ലൈൻ നീട്ടേണ്ട സ്ഥലങ്ങൾ രേഖപ്പെടുത്തി സെക്രട്ടറിക്ക് നൽകിയ ഒരു കത്ത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥലങ്ങളിൽ വൈദ്യുതി ലൈൻ നീട്ടിയതായി ഈ വാർഡ് മെമ്പർമാർ പോലും സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

4.മേൽ സൂചിപ്പിച്ച പ്രകാരം നൽകിയ ഒരു തുകയുടെ പോലും വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ഇല്ല.

മേൽ രേഖപ്പെടുത്തിയ അപാകതകൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനും,,ഈ പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(28/ 2019-20/27.01.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതിയ്ക്കായി 2019-20 വർഷം ചെലവഴിച്ച 222603/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.മുൻ വർഷങ്ങളിലേതുൾപ്പെടെ ഉള്ള തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 കുഴൽ കിണർ നിർമ്മാണം - വിനിയോഗ രേഖകളില്ല-(297/20,298/20)

2019-20 വർഷം അസ്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കുഴൽ കിണർ നിർമ്മാണം എന്ന പ്രവർത്തിയ്ക്കായി ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.എന്നാൽ തുകയുടെ വിനിയോഗ വിവരങ്ങളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല.

| പ്രൊജക്റ്റ് നം,പേര് | ബിൽബുക്ക് പ്രകാരം പിൻവലിച്ച തുക | ബില്ലിന്റെ വിശദാംശം |
|---|---|---|
| 298/20,മുനിസിപ്പൽ ഓഫീസ് കോമ്പൌണ്ടിൽ കുഴൽ കിണർ നിർമ്മാണം. | 150000/- | 36/19-20, Dt.7/6/19 |
| 297/20,ഡമ്പിംഗ് യാർഡിൽ കുഴൽ കിണർ നിർമ്മാണം | 70000/- | 38/19-20, Dt.7/6/19 |
| 297/20,ഡമ്പിംഗ് യാർഡിൽ കുഴൽ കിണർ നിർമ്മാണം | 78250/- | 40/19-20, Dt.7/6/19 |
| ആകെ | 298250/- | |

വിനിയോഗ രേഖകളും, ഈ പദ്ധതിയുടെ നിലവിലെ അവസ്ഥയും അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (31/ 2019-20/27.01.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല.ഈ സാഹചര്യത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച 298250/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 വാട്ടർ കിയോസ്ക്ക് സ്ഥാപിച്ചത് പ്രവർത്തനരഹിതം ( എസ്സ് ഒ – 359/20)-

ചെലവ് വിവരം - 683780/-dt.28-03-19 (Final Bill) –(18-19 Q ലിസ്റ്റിൽ

ഉൾപ്പെട്ടത് 19-20 ൽ സ്പിൽഓവറായി നടപ്പിലാക്കി )

കരാറുകാരൻ - M/S ഫ്ലോമാക്സ് വാട്ടർ, ആലുവ, എറണാകുളം.

മുനിസിപ്പൽ എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ ആരംഭിച്ച് സ്പിൽ ഓവറായി 2019-20 ൽ പൂർത്തീകരിച്ച പദ്ധതിയായിരുന്നു നഗരസഭയുടെ കോമ്പൗണ്ടിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് രണ്ട് സ്ഥലങ്ങളിലുമായി 3 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുക എന്നത്. ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഫയലിൽ പിഡബ്ല്യു - 11 ,16-03-21 ൽ നൽകിയ റിപ്പോർട്ട് സൂക്ഷിച്ചിട്ടുണ്ട്.ടി റിപ്പോർട്ടിൽ കിയോസ്കുകൾ നിലവിൽ പ്രവർത്തനക്ഷമമല്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കരാർ സ്ഥാപനവുമായുള്ള കരാർവ്യവസ്ഥയിലെ 16-ാം ഖണ്ഡിക പ്രകാരം സ്ഥാപിച്ച നൽകുന്ന ഓരോ യൂണിറ്റിനും മൂന്ന് വർഷ ഗ്യാരണ്ടിയും, 17-ാം ഖണ്ഡിക പ്രകാരം കുറഞ്ഞത് 2 വർഷമെങ്കിലും മെയിന്റനൻസ് നടത്തുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതനുസരിച്ച് ഈ കിയോസ്കുകൾ ബന്ധപ്പെട്ട സ്ഥാപനം മെയിന്റനൻസ് നടത്തുവാൻ ബാധ്യസ്ഥരാണ്.എന്നാൽ നാളിതുവരെയും ആയതിന് എന്തെങ്കിലും നടപടി സ്വീകരിച്ചതായി ഫയലിൽ കാണുന്നില്ല.

2. പ്രവർത്തി വിജയകരമായി നിർവ്വഹിച്ചുവെന്നത് സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല.

3. ടി കിയോസ്കുകൾ എത്രയെണ്ണം, എവിടെയെല്ലാം സ്ഥാപിച്ചു എന്നതിന്റെ രേഖകൾ ഫയലിൽ ഇല്ല.

മേൽ അപാകതകൾക്ക് വിശദീകരണവും, ടി കിയോസ്കുകൾ നന്നാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(3/2019-20/15.01.22) ലഭ്യമാക്കിയ മറുപടിയിൽ കായംകുളം നഗരസഭാ ഓഫീസിൽ രണ്ട് കിയോസ്കുകൾ സ്ഥാപിച്ചിരുന്നത് നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നുവെന്നും, എന്നാൽ കോവിഡ് വ്യാപനം ഉണ്ടായപ്പോൾ ആയതിന്റെ മാനദണ്ഡപ്രകാരം പ്രവർത്തനം നിർത്തി വെച്ചുവെന്നും, ആയതിന് ശേഷം ടി കിയോസ്കുകൾ പ്രവർത്തിക്കുന്നില്ലായെന്നും, താലൂക്ക് ആശുപത്രിയിലെ കിയോസ്ക് നല്ല രീതിയിൽ പ്രവർത്തിക്കുന്നുവെന്നും അസ്സി.എക്സി.എൻജിനീയർ മറുപടി നൽകിയിട്ടുണ്ട്. തകരാറ് പരിഹരിക്കുന്നതിനായി രണ്ട് തവണ കത്ത് നൽകിയെന്നും, അത് പരിഹരിക്കുന്നതിനായി നിർവ്വഹണ ഏജൻസിയിൽ നിന്നും അധികൃതർ എത്തിയിരുന്നെവെന്നും, തകരാറ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.ഇവ പ്രവർത്തനക്ഷമമാക്കി പൊതുപണം പാഴാകുന്നത് ഒഴിവാക്കേണ്ടതാണ്.



## 1-27 താലൂക്ക് ആശുപത്രിയിലെ സബ്സ്റ്റേഷൻ നിർമ്മാണം പാതി വഴിയിൽ

2019 -20 ൽ താലൂക്ക് ആശുപത്രി സൂപ്രണ്ട് നടപ്പാക്കിയ പദ്ധതികളാണ് താലൂക്കാശുപത്രിയിൽ 250 KVട്രാന്സ്ഫോർമർ സ്ഥാപിക്കൽ ,സബ് സ്റ്റേഷൻ നിർമ്മാണം എന്നിവ .പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം. / പേര് . 353/ താലൂക്കാശുപത്രിയിൽ 250 KVട്രാന്സ്ഫോർമർ സ്ഥാപിക്കൽ

അടങ്കൽ . 4500000

ചെലവ് . 4500000

ബിൽ നം. 2/19-20/26.4.19-3000000

6/19-20/14.8.19- 1500000

താലൂക്ക് ആശുപത്രിയിലെ സി.ടി സ്കാനർ ,പവർലോൺട്രി, ഡയാലിസിസ് യൂണിറ്റ് എന്നിവയ്ക്ക് വേണ്ടി 250 KV ട്രാന്സ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത് . പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിംഗ് ചീഫ് എഞ്ചിനീയറുടെ EL3-272-E/2019/16.02.2019 നമ്പർ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 4500000/- രൂപ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ട്രാന്സ്ഫോർമർ സ്ഥാപിച്ചിട്ടില്ല .

2 . പ്രോജക്ട് നം. / പേര് . 376/ സബ് സ്റ്റേഷൻ നിർമ്മാണം

അടങ്കൽ . 500000

ചെലവ് . 300000

ബിൽ നം. 5/19-20/26.4.19-300000

താലൂക്ക് ആശുപത്രിയിൽ സ്ഥാപിക്കുന്ന 250 KV ട്രാന്സ്ഫോർമറിനുവേണ്ടി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പദ്ധതിയാണിത് . പ്രോജക്ട് നം. 353 ന് അനുബന്ധമായി നടപ്പാക്കുന്ന ഈ പദ്ധതിയുള്ള എസ്റ്റിമേറ്റ് മേൽ പ്രോജക്ടിനൊപ്പം ലഭിച്ചിട്ടുള്ളതാണ് . സബ് സ്റ്റേഷൻ നിർമ്മാണ പ്രവൃത്തി താലൂക്ക് ആശുപത്രിയിൽ ആരംഭിച്ചിട്ടുണ്ടെന്ന് സ്ഥല പരിശോധന നടത്തിയതിൽ കണ്ടു.

2019 -20ൽ ആസൂത്രണം ചെയ്ത പ്രോജക്ടുകൾ നിലവിലും പൂർത്തീകരിയ്ക്കാത്തതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണം നം. 8 /19-20 / 19.01.22 ന് പദ്ധതി പുരോഗമിയ്ക്കുകയാണെന്ന് മറുപടി നല്കി. പദ്ധതി പൂർത്തീകരിയ്ക്കാത്തതിനാൽ അതിനായി ചെലവഴിച്ച 45,30,000/-രൂപ തടസ്സപ്പെടുത്തുന്നു .പ്രവർത്തി പൂർത്തീകരിച്ച്

വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .



## 1-28 അംഗൻവാടി പോഷകാഹാര പദ്ധതി- ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പാക്കിയിട്ടില്ല.

പ്രോജക്ട് നം.S0013/20അങ്കണവാടി പോഷകാഹാര പദ്ധതി

നിർവ്വഹണം - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

വികസന ഫണ്ട്- 3500000

കേന്ദ്രാവിഷ്കൃത ഫണ്ട്- 2000000

ആകെ അടങ്കൽ -5500000

ചെലവ് - 5415151

ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും 01.02.2010, 05.06.2010.ലെ ഐ.സി.ഡി.എസ് ബി3-312/2010 നമ്പർ കത്തുകൾ മുഖേന സാമൂഹ്യ ക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിരുന്നു. പരിശോധനയ്ക്ക് വിധേയമായ ബാച്ചുകളുടെ ലാബ് റിപ്പോർട്ടിൽ തൃപ്തികരമല്ല / ഉപയോഗയോഗ്യമല്ല എന്നാണ് പരിശോധനാ ഫലമെങ്കിൽ, ഭക്ഷ്യ മിശ്രിതത്തിന്റെ വില, ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നല്കേണ്ടതില്ല എന്നും 8.12.2010 ലെ മേൽ നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

2019-20വർഷം ന്യൂട്രിമിക്സ് സാമ്പിളുകൾ ലാബ് ടെസ്റ്റ് ചെയ്തതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലാബ്ടെസ്റ്റ് ചെയ്യുന്നതിനായിസാബിളുകൾ ശേഖരിച്ചിട്ടുണ്ടെങ്കിലും റിപ്പോർട്ട് ലഭ്യമായിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി.(നം.35/29.01.2022).

അംഗൻ വാടിയിലെ ശിശുക്കൾക്ക് നൽകുന്ന ന്യൂട്രിമിക്സ് കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കേണ്ടതാണ്. വിഷയത്തിലേക്ക് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ സത്വര ശ്രദ്ധക്ഷണിക്കുന്നു.

## 1-29 സാമൂഹ്യ സുരക്ഷ പെൻഷൻ - ന്യൂനതകൾ

സാമൂഹ്യ സുരക്ഷ പെൻഷനുകൾ, പെൻഷനറുടെ മരണാനന്തരവും സസ്പെന്റ് ചെയ്യപ്പെടാതെ ആകൃീവായി തുടർന്നതിനാൽ ബാങ്ക് മുഖാന്തിരം പെൻഷൻ ലഭിച്ചുപോരുന്ന പെൻഷനറുടെ അക്കൌണ്ടിലേക്ക് മരണശേഷവും തുക ക്രഡിറ്റാകുന്നു. സഹകരണബാങ്കുകൾ മുഖേന/ ഡയറക്ട് ടു ഹോം ആയി പെൻഷൻ ലഭിക്കുന്ന പെൻഷനേഴ്സിന് മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല എന്ന കാരണത്താൽ പെൻഷൻ തടഞ്ഞുവച്ചിരിക്കുമ്പോഴും നിലവിലും ഇവരുടെ അക്കൗണ്ടിലേക്ക് പെൻഷൻ ട്രാൻസ്ഫർ ചെയ്യുന്നതായി കാണുന്നു.

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറും 2019- 2020 വർഷം രജിസ്റ്റർ ചെയ്യപ്പെട്ട നഗരസഭയിലെ മരണ റിപ്പോർട്ടും ഒത്തുനോക്കിയപ്പോൾ ഗുണഭോക്താക്കൾക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ സംഘങ്ങൾക്ക് / ബാങ്കുകൾക്ക് തുക അനുവദിച്ചതായും, ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേക്ക് നേരിട്ട് തുക ലഭിച്ചതായും ശ്രദ്ധയിൽ പെട്ടു. ഇപ്രകാരം തുക ട്രാൻസ്ഫർ ചെയ്ത ഇടപാടുകളിൽ - തിരിച്ചുവരുന്ന തുകയുടെ കൃത്യത, കൈപ്പറ്റാത്ത തുക പൂർണ്ണമായും തിരിച്ച് അടയ്ക്കപ്പെടുന്നുണ്ടോ എന്നിവ പരിശോധിക്കപ്പെടുന്നില്ല.

ഉദാഹരണം ചുവടെ ചേർക്കുന്നു

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | പെൻഷൻ ക്രെഡിറ്റായ അനർഹമായ കാലയളവ് |
|---|---|---|---|---|---|
| ചെല്ലമ്മ | 101840202677 | 20.03.2019 | 02.05.2019 | 04/19-12/21 | |
| തങ്കമ്മ | 101840204028 | 25.04.2019 | 10.05.2019 | 05/19 -12/21 | |
| കൃഷ്ണൻ ചെട്ടിയാർ | 101840202339 | 17.03.2019 | 01.04.2019 | 04/20- 12/21 | |
| ഹമീദ് കുഞ്ഞ് | 101840200711 | 06.12.2018 | 06.04.2019 | 01/19-12/21 | 01/19-12/21 |
| മീരാ സാഹിബ് | 101840205636 | 15.04.2019 | 29.04.2019 | 04/19-12/21 | 04/19-12/21 |
| ദേവകി | 101840201279 | 02.04.2019 | 02.05.2019 | 05/19-12/21 | 05/19-12/21 |
| ചെല്ലമ്മാൾ | 101840200788 | 03.03.2020 | 18.05.2020 | 04/20-12/21 | 04/20-12/21 |

ചില ഉദാഹരണങ്ങൾ മാത്രമാണ് മുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മാത്രവുമല്ല, കായംകുളം നഗരസഭയുടെ മരണ രജിസ്റ്റർ

പ്രകാരമുള്ള വിവരങ്ങൾ മാത്രമാണ് ഇവിടെ പരാമർശിച്ചിട്ടുള്ളത്. മറ്റ് തദ്ദേശ സ്ഥാപന പരിധിയിൽ വെച്ച് മരണപ്പെട്ടവരുടെ വിവരങ്ങൾ ഇതിൽ ഉൾപ്പെടുന്നില്ല. മറ്റ് തദ്ദേശ സ്ഥാപന പരിധിയിൽ വെച്ച് ടി കാലയളവിൽ മരണപ്പെട്ട, കായംകുളം നഗരസഭയിൽ നിന്നും പെൻഷൻ വാങ്ങിക്കൊണ്ടിരുന്ന ഗുണഭോക്താക്കളുടെ കാര്യത്തിലും ഈ രീതിയിൽ അനർഹമായി പെൻഷൻ വിതരണം നടത്തിയിട്ടുണ്ടാവാനുള്ള സാധ്യത ഏറെയാണ്.

സഹകരണ ബാങ്ക് മുഖേന വിതരണം ചെയ്ത് വരുന്ന സാമൂഹിക സുരക്ഷാ പെൻഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള, മരിച്ചുപോയവരുടെ പേര് വിവരങ്ങൾ വാർഡ് ക്രമത്തിൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് ലഭ്യമാക്കിക്കൊണ്ട് അനർഹരായ മുഴുവൻ വ്യക്തികളെയും കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

ടി വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം.29/27.01.2022) മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-30 പെരിങ്ങാലകുളം സംരക്ഷണം - ചെയ്യാത്ത പ്രവർത്തിക്ക് മൂല്യം നിർണ്ണയിച്ച നൽകി- നഷ്ടം-15341/- ( എസ്സ് ഒ - 314/19)

അടങ്കൽ - 1000000/-

കരാറുകാരൻ -അബ്ദുൾ അസ്സീസ്

അളവ് പുസ്തകം - 195/18-19

ചെലവ് വിവരം-1)Rs-976391/- ബിൽ നം.74/19-20, Dt.30-10-19

എഗ്രിമെന്റ് നം. 187/AEE/LSGD/KYLM/17-18/24-03-18

അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ആരംഭിച്ച് സ്പിൽ ഓവറായി 2019-20 വർഷം നടപ്പിലാക്കിയ പദ്ധതിയായിരുന്ന 16- ാം വാർഡിൽ പെരിങ്ങാലകുളം നവീകരണം.ഫയൽ പരിശോധിച്ചതിലും, 28-01-22 ൽ നടത്തിയ പ്രാദേശിക പരിശോധനയിലും ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.സ്റ്റെപ്പുകളുടെ -DR പാക്കിംഗ് - ചെയ്യാത്ത അളവുകൾ ചെയ്തതായി രേഖപ്പെടുത്തി-

ഈ പ്രവർത്തിയുടെ അളവ് പുസ്തകം പേജ് 4 ൽ ഇനം 3 ആയി 2 മീറ്റർ നീളം, 0.35മീറ്റർ വീതി, 0.25 മീറ്റർ കനത്തിൽ 28 സ്റ്റെപ്പുകളുടെ നിർമ്മാണത്തിനായി DR പാക്കിംഗ് നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് 4.9m3 അളവ് തിട്ടപ്പെടുത്തി M3ന് 2973/-രൂപ നിരക്കിൽ മൂല്യം നിർണ്ണയിച്ച നൽകിയിട്ടുണ്ട്.എന്നാൽ, സ്ഥല പരിശോധയിൽ ജലനിരപ്പിന് മുകളിൽ 5 സ്റ്റെപ്പും, ജലനിരപ്പിന് താഴെ 2 സ്റ്റെപ്പുകളും മാത്രമെ നിർമ്മിച്ചിട്ടുള്ളുവെന്ന് ബോധ്യപ്പെട്ടു.പേജ് നം.8 ൽ ഇനം 4 ആയി 1:1.5:3 എന്ന അനുപാതത്തിൽ 2 മീറ്റർ നീളം, 0.35മീറ്റർ വീതി, 0.15 മീറ്റർ കനത്തിൽ 7 സ്റ്റെപ്പുകളുടെ മുകളിൽ മാത്രമാണ് RCC ബെൽറ്റ് നൽകിയിട്ടുള്ളത്. 7 സ്റ്റെപ്പുകൾ മാത്രമെ നിർമ്മിച്ചിട്ടുള്ളുവെന്ന വസ്തുത ഒന്ന് കൂടി സാധൂകരിക്കുന്നതാണ് ഈ രേഖപ്പെടുത്തലുകൾ. 7 സ്റ്റെപ്പുകളുടെ നിർമ്മാണത്തിന് അനുവദനീയമായതും നൽകിയതുമായ അളവിന്റെയും തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

7x2x0.35x0.25 = 1.225m3

1.225m3 X2973/m3 = 4461/-

നൽകിയത് = 4.9m3 X 2973/m3 =14567/-

അധികം നൽകിയത് = 14567 - 4461 = 10106/-

2.ഫുട് പാത്ത് നിർമ്മാണം- യഥാർത്ഥത്തിൽ നിർമ്മിച്ചതിനെക്കാൾ അധികം അളവ് രേഖപ്പെടുത്തി തുക നൽകി-

അളവ് പുസ്തകം പേജ് 4 ൽ കുളത്തിനോട് ചേർന്നുള്ള നടപ്പാത കോൺക്രീറ്റ് ചെയ്യുന്നതിനായി ക്വാറിമക്ക് ഫില്ലിംഗും, പേജ് 7 ൽ 1:4:8 അനുപാതത്തിൽ 10 Cm.കനത്തിൽ കോൺക്രീറ്റിംഗും ചുവടെ ചേർത്തിട്ടുള്ള അളവിൽ നിർവ്വഹിച്ചിട്ടുണ്ട്.

ക്വാറിമക്ക് ഫില്ലിംഗ്

കിഴക്കുവശം - 20x2x0.20 = 8m3

തെക്ക് വശം - 10.9 X 1.7 X0.20 = 3.71m3

ആകെ = 11.71m3

1:4:8 കോൺക്രീറ്റിംഗ്

കിഴക്കുവശം - 20x2x0.10 = 4m3

തെക്ക് വശം - 10.9 X 1.7 X0.10 = 1.85m3

ആകെ = 5.85m3

എന്നാൽ ഭൌതിക പരിശോധനയിൽ കിഴക്കുവശം ചെയ്തതായി ബോധ്യപ്പെട്ട ക്വാറിമക്ക് ഫില്ലിംഗിന്റെയും കോൺക്രീറ്റിംഗിന്റെയും അളവുകളും, അനുവദനീയമായ തുകയും ചുവടെ ചേർക്കും പ്രകാരമാണ്.

ക്വാറിമക്ക് ഫില്ലിംഗ് = 20x1.70x0.20 = 6.8m3

1:4:8 കോൺക്രീറ്റിംഗ് = 20x1.70x0.10 = 3.4m3

അധികം നൽകിയത് -


ക്വാറിമക്ക് ഫില്ലിംഗ് = 8m3 - 6.8m3 = 1.2m3 X 894.63/m3 = 1073/-

1:4:8 കോൺക്രീറ്റിംഗ് = 4m3 – 3.4m3 = 0.6m3 X6936.65/m3 = 4162/-

ഈ ഇനത്തിൽ ഒട്ടാകെ അധികം നൽകിയത്= 1073+ 4162 = 5235/-

3. റോഡ് നിർമ്മാണം - ഗുണനിലവാരമില്ല -

ഭൌതിക പരിശോധനയിൽ കുളത്തിന്റെ കിഴക്കുവശം 20 മീറ്റർ നീളത്തിൽ നിർമ്മിച്ചിട്ടുള്ള കോൺക്രീറ്റ് റോഡിന്റെ ഭാഗങ്ങൾ നടവഴി ആയിരുന്നിട്ടു കൂടി മെറ്റൽ ഇളകി പൊട്ടി പൊളിഞ്ഞ അവസ്ഥയിലാണ്.



4.ഫൈൻ ഈടാക്കാതെ നിയമാനുസൃത കാലയളവിലും അധികമായി പൂർത്തീകരണ കാലാവധി നീട്ടിക്കൊടുത്തു

ജി.ഒ (പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനുവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി , PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ( പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം.എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ഈ പ്രവർത്തിയിൽ ടി നിയമങ്ങൾക്ക് വിരുദ്ധമായി ആദ്യ തവണ മാത്രം ഫൈൻ ഈടാക്കിയ ശേഷം കരാറുകാരന് മുഴുവൻ തുകയും അനുവദിച്ചു നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു .

എഗ്രിമെന്റ് നം. 187/AEE/LSGD/KYLM/17-18/24-03-18

PAC- 989624/-

M Book – 195/18-19

പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 24-06-18

പൂർത്തീകരിച്ച തീയതി- 16-03-19

ഈടാക്കേണ്ട പിഴ -

ആദ്യ തവണ- PAC യുടെ 1% - 989624 X 1% = 9896/-(25.06.2018 മുതൽ24.09.2018 വരെ)

രണ്ടാം തവണ - PAC യുടെ 2% -989624 X 2% = 19732/- (25.09.2018 മുതൽ 24.12.2018 വരെ)

മൂന്നാംതവണPACയുടെ2%989624x2%=989624x2%=19732x82/90(82ദിവസം,25.12.2018 മുതൽ 16/03/19 വരെ) = 17978/-

ആകെ ഈടാക്കേണ്ടത് - 9896+ 19732+ 17978 = 47606/-

ഈടാക്കിയത് - 9896/-

കുറവ് - 37710/-

മേൽ രേഖപ്പെടുത്തിയിട്ടുള്ള പ്രവർത്തിയിൽ കരാർ പ്രകാരം കാലാവധി നീട്ടിനൽകുന്നതിനായി കരാറുകാരൻ അപേക്ഷനൽകിയിട്ടില്ല. പൂർത്തീകരണ കാലാവധി നീട്ടി നൽകിക്കൊണ്ടുള്ള കമ്മിറ്റി തീരുമാനവും ഇല്ല. കാലാവധി നീട്ടിനൽകുന്നതിനായി കരാറുകാരൻ അപേക്ഷനൽകിയിട്ടില്ലാത്ത സാഹചര്യത്തിലും, കമ്മിറ്റി തീരുമാനം ഇല്ലാതെയും പൂർത്തീകരണ കാലാവധി അനിശ്ചിതമായി നീട്ടി നൽകിയതിനും , ഫൈൻ ഈടാക്കാതിരുന്നത് സംബന്ധിച്ചും, ഈ പ്രവർത്തിയുടെ ഒറിജിനൽ കരാർ, സെലക്ഷൻ നോട്ടീസ് നൽകിയതിന്റെ രേഖകൾ, ഇ-ടെണ്ടർ നടത്തിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(25/2019-20/27.01.22) മറുപടി

ലഭ്യമാക്കിയിട്ടില്ല.

4.കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തിയത് സുതാര്യമല്ല-

ഈ പ്രവർത്തിയുടെ അളവ് പുസ്തകം പേജ് 1, ഇനം 2 പ്രകാരം കുളത്തിന്റെ ഫൌണ്ടേഷൻ നിർമ്മാണം , ആഴംകൂട്ടൽ എന്നിവ നിർവ്വഹിച്ചതിലൂടെ 164.67 M3 മണ്ണ് ലഭിച്ചിട്ടുണ്ട്.ആയതിന്റെ കുറഞ്ഞത് 60% വരെ (98.80m3)പുനരുപയോഗയോഗ്യമാണ്. അളവു പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ പ്രകാരം " The Cut Earth Has Been Used For Filling The Outer Side Of Newly Built Up Wall(all Around The Pond)and The Neighbouring Road Berms"ഇപ്രകാരം ഇതിന്റെ വിനിയോഗം രേഖപ്പെടുത്തിയിട്ടുണ്ട്.ഈ വാദം അംഗീകരിച്ച് കുളത്തിന്റെ ആകെ ചുറ്റളവായ 61.8 മീറ്റർ (20+10.90=30.90x2) നീളത്തിലും1 മീറ്റർ വീതിയിലും 1 മീറ്റർ ആഴത്തിലും ഫില്ലിംഗ് നടത്തിയാൽ പോലും ആയതിന് 61.8m3 മണ്ണ് മാത്രമാണ് ആവശ്യമായിട്ടുള്ളത്.അടുത്തുള്ള റോഡിന്റെ വശങ്ങളിൽ ഫില്ലിംഗ് നടത്തി എന്നതിനും രേഖകളില്ല. ആ നിലയ്ക്ക് 37 M3 മണ്ണ് സൈറ്റിൽ ഉണ്ടാവുകയോ, ആയതിന്റെ വില തിട്ടപ്പെടുത്തി കുറവ് ചെയ്യുകയോ ചെയ്യേണ്ടതാണ്.എന്നാൽ മുഴുവൻ മണ്ണും വിനിയോഗിച്ചതായി രേഖപ്പെടുത്തി കരാറുകാരന് പ്രവൃത്തിയുടെ മുഴുവൻ മൂല്യവും അനുവദിച്ചു നൽകി.DSR 2018 സ്പെസിഫിക്കേഷൻ കോഡ് 0983 പ്രകാരം ഫൈൻ സാൻഡ് 1m3 ന്റെ വില 900/- രൂപയാണ്.അതനുസരിച്ച് 37 M3 ന് 33300/-രൂപ ( 37 M3 X 900) എങ്കിലും കുറവ് ചെയ്യേണ്ടതായിരുന്നു.കരാറുകാരന് അനർഹമായ ലാഭം ഉണ്ടാകുന്ന രീതിയിൽ അളവുപുസ്തകത്തിൽ മണ്ണിന്റെ വിനിയോഗം സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തിയതാണെന്ന് മേൽപറഞ്ഞ കാരണങ്ങളാൽ ഓഡിറ്റിൽ കരുതുന്നു.

മേൽ രേഖപ്പെടുത്തിയ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (32/2019-20 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വിവിധ ഖണ്ഡികകൾ പ്രകാരം അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും ഖണ്ഡികയിൽ ചൂണ്ടിക്കാട്ടിയ അപാകങ്ങൾ സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തേണ്ടതുമാണ്.

## 1-31 നഗരസഭ ഹെൽത്ത് വിഭാഗം നവീകരണം-ആവശ്യമില്ലാത്ത ഇനം ഉൾപ്പെടുത്തിയതു വഴി അധികച്ചെലവ് 1.147 ലക്ഷം

| | |
|---|---|
| പ്രവൃത്തിയുടെ പേര് | നഗരസഭ ഹെൽത്ത് വിഭാഗം നവീകരണം |
| അടങ്കൽ | 4.95ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | ശിവരാജൻ |
| അളവു പുസ്തകം | 167/18-19 |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 494525 |
| ചെലവ് വിവരം | ബിൽനമ്പർ03/30-04-19 രൂപ 494525/- |

നഗരസഭ ഹെൽത്ത് വിഭാഗത്തിന്റെ ഭിത്തിയും അലമാരകളും പാർട്ടിക്കൾ ബോർഡു കൊണ്ട് നവീകരിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിന്റെ രണ്ടാം ഇനം 9.35.2 Providing And Fixing In Wall Lining Flat Pressed Three Layer (Medium Density ) Particle Board Or Graded Wood Pre Laminated One Side Decorative Lamination And Other Side Balancing Lamination Including Priming Coat On Unexposed Surface With Necessary Arrangement And Srew Complete 18mm Thick എന്നതാണ്. ഈയിനം ഭിത്തിയും അലമാരകളും പാർട്ടിക്കൾ ബോർഡു കൊണ്ട് 109.51 M2 ചെയ്തതിന് 1699.41 /M2 നിരക്കിൽ കരാറുകാരന് 186102/- അനുവദിച്ചിട്ടുണ്ട്. ഇതിന് പുറമേ 3-ാം ഇനമായി 9.127.1 Providing And Fixing Decorative High Preassure Laminated Sheet Of Plain Wood Grain In Glass /Matt/suede/finish With High Density Protective Surface Layer And Reverse Side Of Adhesive Bonding Quality Including Cost Of Adhesive Of Approved Quality 1.5mm Thick 88.46m2 ചെയ്തതിന് @ 1297.13/m2 നിരക്കിൽ കരാറുകാരന് 114744/- അനുവദിച്ചിട്ടുണ്ട്. രണ്ടാം ഇനത്തിൽ പാർട്ടിക്കിൾ ബോർഡിന്റെ ഒരു വശം Decorative Lamination ഉള്ളപ്പോൾ 3-ാം ഇനമായി ഇതിന് പുറമേ Decorative Laminated Sheet ഉപയോഗിക്കേണ്ട ആവശ്യമില്ല. എന്നാൽ Decorative Laminated Sheet ഉപയോഗിച്ചിരിക്കുന്നതായി രേഖപ്പെടുത്തി തുക കരാറുകാരന് അനുവദിച്ചത് അധികച്ചെലവിന് ഇടയാക്കി . തന്നെയുമല്ല ഭൗതിക പരിശോധനയിൽ ഇനം 3 ചെയ്തിരിക്കുന്നത് ബോധ്യപ്പെടാനുമായില്ല. അതിനാൽ ഇനം 3 ന് അനുവദിച്ച 114744/- കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി

നം 43/01-02-22 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-32 ഓട നിർമ്മാണത്തിന് എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് നൽകി-നഷ്ടം - 3123/-

കായംകുളം നഗരസഭയിൽ അസ്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻ വർഷം നടപ്പിലാക്കിയ മുരിക്കുംമൂട് ഒന്നാംകുറ്റി ഓട, സ്ലാബ്,ഐറിഷ് ഡ്രയിൻ (പ്രൊജക്ട് നം.540/20) എന്ന പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ഈ പ്രവർത്തിയുടെ അളവുപുസ്തകം പ്രകാരം ഒന്നാം ഇനമായി 40 മീറ്റർ നീളത്തിലും 0.85 മീറ്റർ വീതിയിലും 0.30 മീറ്റർ കനത്തിലും കാണ നിർമ്മാണത്തിനായി മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ഇതിന് എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 553.17/m3 ആണ് (സ്പെസിഫിക്കേഷൻ കോഡ് -11.1.1.1).ഇത് എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ് എന്നതിനുള്ള നിരക്കാണ്.ഡ്രെയിൻ നിർമ്മാണത്തിനും സംരക്ഷണ ഭിത്തി നിർമ്മാണത്തിനുമുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 247/m3(സ്പെസിഫിക്കേഷൻ കോഡ് -2.8.1) ആണ്. ഈ നിരക്കിൽ 10.20 എം3 മണ്ണ് കുഴിച്ചെടുത്തതിന് അളവുപുസ്തകം പേജ് 13 പ്രകാരം 5642/- രൂപ കരാറുകാരന് അനുവദിച്ച് നൽകിയിട്ടുണ്ട്. നഗരസഭയിൽ തന്നെ തൻ വർഷം നിർവ്വഹിച്ചിട്ടുള്ള മറ്റ് പ്രവർത്തികളിൽ 2.8.1 എന്ന സ്പെസിഫിക്കേഷൻ കോഡ്അനുസരിച്ചുള്ള 247/m3 എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്.(ഉദാ. പ്രൊജക്ട് നം.എസ്സ്.ഒ – 218/20 – തുണ്ടത്തിൽ റോഡ് റീ-ടാറിംഗും, കവറിംഗ് സ്ലാബ് നിർമ്മാണവും ) ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം അധികം തുക നൽകുവാനിടയായി. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

അനുവദനീയമായ തുക = 10.20 എം3 X 247/m3 = 2519/-രൂപ

നൽകിയ തുക = 10.20 എം3 X 553.17/m3 = 5642/- രൂപ

അധികം നൽകിയത് = 5642 - 2519 = 3123/-

അധികം തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 10/19-20 /20.01.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം ചെലവഴിച്ച 3123/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

അനുബന്ധ വിവരങ്ങൾ-

അളവുപുസ്തകം - 17/19-20

ബിൽ നം.143/19-20, Dt.14-01-20, 373591/-

കരാറുകാരൻ- അബ്ദുൾ ലത്തീഫ്.

## 1-33 ടെണ്ടർ വ്യതിയാനം വരുത്താതെ തുക അനുവദിച്ചു .നഷ്ടം - 11882/-

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കാവുംകട ഗുരുമന്ദിരം റോഡ് റീടാറിംഗ് ഒറ്റത്തെങ്ങിൽ റോഡ് കലുങ്ക് കാക്കനാട് തെക്ക് ഇന്റർ ലോക്കിംഗ് |
| അടങ്കൽ | 4.48ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | അബ്ദുൾലത്തീഫ് |
| അളവ് പുസ്തകം | 205/18-19 |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 396067/- |
| ചെലവ് വിവരം | ബിൽനമ്പർ44/26-07-19 രൂപ 396067/- |

മേൽ പ്രവൃത്തി റീടെണ്ടർ ചെയ്തതിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാളും 3% കുറവ് രേഖപ്പെടുത്തിയ ശ്രീ.അബ്ദുൾലത്തീഫാണ് കരാറുകാരൻ . ഫൈനൽ ബിൽ പ്രകാരം തുക അനുവദിച്ചപ്പോൾ ടെണ്ടർ വ്യതിയാനം വരുത്താതെ തുക അനുവദിച്ചത് അധികം നൽകാനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 396067 |

| | |
|---|---|
| കുറവു ചെയ്യണ്ട ടെണ്ടർ വ്യതിയാനം 3% | 11882 |

ടി തുക 11882/- കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 46/02-02-22 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-34 താലൂക്ക് ആശുപത്രി ഓഫീസ് കെട്ടിടം നിർമ്മാണം- RCC കോളങ്ങളുടെ അളവുകൾ കുറവ് ചെയ്യ്തില്ല-നഷ്ടം-18194/-

പ്രൊജക്ട്.നം.എസ്സ്.ഒ-435/20

കരാറുകാരൻ- E.M.അഷറഫ്.

കരാർ തുക – 1349673/-

കരാർ നം./തീയതി-132/AE/LSGD/KYLM/2018-19,dt.02-01-2019.

MB.No.162/2018-2019

ബിൽ നം, തീയതി,തുക- 1)57/19-20, 16/08/2019, 746909/-

1)58/19-20, 16/08/2019, 600000/-

അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ആരംഭിച്ച് സ്പിൽ ഓവറായി 2019-20 വർഷം നടപ്പിലാക്കിയ പദ്ധതിയായിരുന്ന കായംകുളം താലൂക്ക് ആശുപത്രി ഓഫീസ് കെട്ടിടം നിർമ്മാണം എന്ന പ്രൊജക്ട്. ഈ പദ്ധതിയുടെ അളവ് പുസ്തകം പേജ് 1 ൽ 1-ാംഇനമായി 51.7മീറ്റർ നീളത്തിലും, 0.20 മീറ്റർ വീതിയിലും, 2.10 മീറ്റർ ഉയരത്തിലും സോളിഡ് ബ്ലോക്ക് കൊണ്ട് ഭിത്തി നിർമ്മാണം നടത്തിയിട്ടുണ്ട്. ആകെ അളവിൽനിന്നും വാതിലുകളുടെയും ജനലുകളുടെയും അളവുകൾ കുറവ് ചെയ്തതിന് ശേഷം 18.22m3 ന് 5399/m3 നിരക്കിൽ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

അളവുപുസ്തകം പേജ് 6 ൽ എക്സ്ട്രാ ഇനം 1 ആയി 1:1.5:3 അനുപാതത്തിൽ ആർസിസി കോളങ്ങൾ ചുവടെ രേഖപ്പെടുത്തിയിട്ടുള്ള അളവിൽ നിർമ്മിച്ചിട്ടുണ്ട്.

18x0.30x0.23x2.55 =3.167m3

2x0.23x0.23x2.55 = 0.27m3

1x0.23x0.23x2.70 = 0.143m3

ആകെ = 3.58m3

അളവുപുസ്തകം പേജ് 10 ൽ ഇനം 2 ആയി 1:1.5:3 അനുപാതത്തിൽ ലിന്റൽ കോൺക്രീറ്റിംഗ് 15 സെ.മീ. കനത്തിലും നിർവ്വഹിച്ചിട്ടുണ്ട്. കോളങ്ങളുടെ ഉയരമായ 2.55 മീറ്ററിൽ നിന്നും 15 സെ.മീ. ലിന്റൽ കനം കുറവ് ചെയ്തതിന് ശേഷം 2.40 മീറ്റർ ഉയരത്തിൽ 21 കോളങ്ങളുടെ അളവ് സോളിഡ് ബ്ലോക്ക് മേസനറിയുടെ അളവിൽ നിന്നും കുറവ് ചെയ്തതിന് ശേഷമുള്ളഅളവിന് മാത്രമെ സോളിഡ് ബ്ലോക്ക് മേസനറിക്ക് തുക അനുവദിക്കാവൂ.അതിൻപ്രകാരം സോളിഡ് ബ്ലോക്ക് മേസനറിയുടെ ആകെ അളവിൽ നിന്നും കുറവ് ചെയ്യേണ്ട

അളവിന്റെ വിവരം ചുവടെ ചേർക്കുന്നു.

18x0.30x0.23x2.40 =2.98m3

2x0.23x0.23x2.40 = 0.25m3

1x0.23x0.23x2.55 = 0.135m3

ആകെ = 3.365m3

സോളിഡ് ബ്ലോക്ക് മേസനറിക്ക് അനുവദനീയമായ അളവ് = 18.22m3 – 3.365m3 = 14.85m3

അനുവദനീയമായ തുക –14.85m3 X 5399/m3 = 80175/-

നൽകിയത് = 18.22m3 X 5399 = 98369/-

അധികം നൽകിയത് = 98369 – 80175 = 18194/- രൂപ

ഇപ്രകാരം അധികം തുക നൽകിയതിന് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (38 / 2019-20/ 31.01.2022) ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അധികം നൽകിയ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-35 പെയിന്റിംഗ് - ആവശ്യമില്ലാത്ത ഇനം ഉൾപ്പെടുത്തിയതു വഴി അധികച്ചെലവ്-8876/-

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഗവ. ഹോസ്പിറ്റൽ പവർ ലോണ്ട്രിക്ക് അനുവദിച്ച പഴയ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി |
| അടങ്കൽ | 4.95ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | അഷറഫ് |
| അളവു പുസ്തകം | 208/18-19 |
| ചെയ്ത പ്രവൃത്തിയുടെ | 474088/- |

| | |
|---|---|
| മൂല്യം | |
| ചെലവ് വിവരം | ബിൽനമ്പർ55/29-07-19 രൂപ 474088/- |

ടി പ്രവൃത്തിയുടെ 16-ാം ഇനം 13.44.1 Finishing Walls With Water Proofing Cement Paint Required Shade New Work എന്നതായിരുന്നു. എന്നാൽ അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് Providing &Applying Cement Primer To The Exposed Surface Of Cement Plastering എന്നതാണ്. ഈയിനം 117.935 M2 ചെയ്തതിന് 91.08/m2 നിരക്കിൽ കരാറുകാരന് 10741/- രൂപ അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ 17-ാം ഇനം13.48.2 Finishing With Deluxe Multi Surface Paint System For Interiors And Exteriors Using Primer As Per Manufactures Specification . Painting Wood Work With Deluxe Multi Surface Paint Of Required Shade എന്നതാണ്. എന്നാൽ അളവു പുസ്തകത്തിൽ ഈയിനം ചെയ്തത് രേഖപ്പെടുത്തിയിരിക്കുന്നത് Finishing Walls With Deluxe Multi Surface Paint System Area Same As Item No 12 എന്നാണ്. ഇതിന് 117.935 M2 ചെയ്തതിന് 137.24/m2 നിരക്കിൽ 16185/- രൂപ അനുവദിച്ചിട്ടുണ്ട്. Finishing Walls With Deluxe Multi Surface Paint System എന്ന ഇനം ചെയ്തിട്ടുള്ളതിനാൽ അനുവദിക്കാവുന്ന നിരക്ക് 153.05 /M2 ആണ്. ഈ നിരക്കിൽ പ്രൈമർ അടിക്കുന്ന ഇനം ഉൾപ്പെട്ടിട്ടുള്ളതിനാൽ ഇനം 16 ചെയ്യേണ്ട ആവശ്യമില്ല. അതിനാൽ അധികം നൽകിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അർഹമായ തുക | Finishing Walls With Deluxe Multi Surface Paint System -<br>117.935 M2 @ 153.05 = 18050 |
| അനുവദിച്ചത് | Providing &Applying Cement Primer To The Exposed Surface Of Cement Plastering - 117.935 M2 @ 91.08/m2 = 10741/- |
| | Painting Wood Work With Deluxe Multi Surface Paint Of Required Shade<br>117.935 M2 @ 137.24/m2= 16185/- |
| | ആകെ - 26926 /-(10741 + 16185) |
| അധികം നൽകിയത് | 26926 – 18050 = 8876 |

ടി തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്. കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 45/02-02-22 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-36 ടാർ വീപ്പയുടെ വില ഈടാക്കില്ല-നഷ്ടം-50299/-രൂപ

2019-20 വർഷം അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ടാർ ഉപയോഗിച്ച് നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികൾക്ക് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകളിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ വിലയാണ് നൽകിയിട്ടുള്ളത്. എന്നാൽ ഫൈനൽ ബില്ല് തയ്യാറാക്കി തുക നൽകിയപ്പോൾ ടാർ വീപ്പയുടെ വില കുറവ് ചെയ്യാതെ തുക നൽകി. വിശദവിവരം ചുവടെചേർക്കുന്നു.

| പ്രവർത്തിയുടെ വിവരങ്ങൾ. | ഉപയോഗിച്ച ടാറിന്റെ അളവ്/കുറയ്ക്കേണ്ട ബാരലിന്റെ എണ്ണം. | തുക(1 ബാരലിന് 238/- രൂപ+18% GST ഉൾപ്പെടെ ഈടാക്കേണ്ടത് | ചെലവ് വിവരം(ബിൽ നം, തീയതി, തുക ) |
|---|---|---|---|
| വാർഡ് 25-ൽ ചുണ്ടവിളയിൽ റോഡ് മെറ്റലിംഗം ടാറിംഗം.<br>പ്രൊജക്റ്റ് നം -SO-081/19-20<br>കരാറുകാരൻ - അബ്ദുൾലത്തീഫ് (0.05% കുറഞ്ഞ നിരക്ക്)<br>46/19-20, 09-03-20, 275504/-<br>M Book – 66/19-20 | VG-30-506.40kg.- 04<br>RS1-66kg. - 01<br>SS1- 204kg. - 02<br>07 | 1967 | 46/19-20, 09-03-20, 275504/- |
| 6-ാം വാർഡിൽ മാവിലേത്ത് - മരങ്ങാട്ട് റോഡ് റീ-ടാറിംഗ്. (പ്രൊ.നം.545/20)<br>ഇ.എം.അഷറഫ്. | VG-30-578.97.kg.- 04<br>RS1-64.10kg. - 01<br>SS1- 117.81kg. - 01<br>06 | 1686 | 20/19-20, 13-03-20, 143387/- |

| | | | |
|---|---|---|---|
| 20/19-20, 13-03-20, 143387/-<br>M Book – 17/18-19 | | | |
| 4-ാംവാർഡിൽ തുണ്ടത്തിൽ റോഡ് റീ ടാറിംഗും കവറിംഗ് സ്ലാബും പ്രൊജക്റ്റ് നം -SO-218/19-20<br>കരാറുകാരൻ - E.M.അഷറഫ്<br>M Book – 50/19-20 | VG-.2418kg.- 15<br>RS1-175.8kg - 01<br>16 1 | 4496 | 15/19-20,13-03-20 , തുക -655505/- |
| 21-ാം വാർഡ് -വാട്ടർ അതോറിറ്റി ഓവർബ്രിഡ്ജ് റോഡ് റീ-ടാറിംഗ്<br>പ്രൊജക്റ്റ് നം -538/20<br>കരാറുകാരൻ - അബ്ദുൾലത്തീഫ്<br>M Book –No.28/19-20 | VG-30-2015 - 13<br>RS1 - 159 - 01<br>14 | 3934 | ബിൽ നം, 149/19-20,31-01-20 തുക -404000/- |
| 21-ാം വാർഡ് -പഞ്ചമി റോഡ് റീ-ടാറിംഗ്<br>പ്രൊജക്റ്റ് നം -48/20<br>കരാറുകാരൻ - അബ്ദുൾലത്തീഫ് | VG-30-2995 - 19<br>RS1 - 274 - 02<br>21 | 5901 | 146/19-20,31-01-20 തുക-424963/- |
| 33 വാർഡിൽ ഗോവിന്ദമുട്ടം - ലബ്ബാ റോഡ്, ലബ്ബാ - കണ്ണമ്പള്ളി കലുങ്ക് - നടയിൽ കാവ് ശ്രീരംഗം ഓട എന്നിവയുടെ പുനരുദ്ധാരണം.<br>(പ്രൊ.നം.SO-289/20)<br>ഹുസൈൻ അഹമ്മദ്.<br>M Book – 173/18-19 | VG-30-1278.87kg.- 08<br>RS1-166kg. - 01<br>SS1- 515kg. - 04<br>13 | 3653 | 1)16/19-20, 07-06-19, 900000/-<br>2)88/19-20, 08-11-19, 249038/- |
| 30-ാം വാർഡിൽ തോപ്പിൽ കോളനി- മുക്കട മാർക്കറ്റ് റോഡ് ടാറിംഗ്<br>(പ്രൊ.നം.SO-407/20)<br>ഇഖ്ബാൽ ഖാൻ.<br>M Book – 58/18-19 | VG-30-2945.64kg.- 19<br>RS1-273.38kg. -02<br>21 | 5901 | 1)90/19-20, 08-11-19, 415507/- |

| | | | |
|---|---|---|---|
| കാവുംകട ഗുരുമന്ദിരം റോഡ് റീടാറിംഗ് ഒറ്റത്തെങ്ങിൽ റോഡ് കലുങ്ക് കാക്കനാട് തെക്ക് ഇൻ്റർ ലോക്കിംഗ് അബ്ദുൽ ലത്തീഫ് | RS1 - 289 Kg- 02 VG-30 -2830kg-18 - 20 | 5620 | 44/26-07-19 രൂപ 396067 |
| കൊപ്രപ്പുര മീനത്തേരിൽ പാലക്കാവിൽ റെയിൽവേ ലൈൻ റോഡ് റീടാറിംഗ് & ഫുടാപാത്ത് കോൺക്രീറ്റിംഗ് ശശിധരൻപിള്ള | RS1 - 133 Kg - 01 VG-30 -1419kg-09 10 | 2810 | 54/27-71-19 രൂപ 521201/- |
| കളീക്കൽ മണ്ണംപള്ളിക്കൽ റോഡ് റീടാറിംഗ് അബ്ദുൽ ലത്തീഫ് | RS1 - 454 Kg - 03 VG-30 -4865kg-09 12 | 3372 | 100/12-11-19 രൂപ 439098/- 101/12-11-19 രൂപ 450000/- |
| വളഞ്ഞ നടക്കാവ് പനയകുളം റോഡ് ടാറിംഗ് അഷറഫ് | RS1 - 540 Kg - 4 VG-30-5592kg- 35 39 | 10959 | 18/07-06-19 രൂപ 974511/- |
| | ആകെ | 50299/- | |

ഇപ്രകാരം തുക കുറവായി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 14/ 2019-2020, 24/ 2019-2020 ) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ഒടുക്കുന്നതിന് കരാറുകാർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് തിരികെ ഒടുക്കുന്നതാണെന്നമാണ് മറുപടി നൽകിയിട്ടുള്ളത്.ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും തുക തിരികെ ഈടാക്കി ഒടുക്കാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-37 ഓട നിർമ്മാണം-വെയറിംഗ് കോട്ട് അധിക അളവിൽ നിർമ്മിച്ചു-നഷ്ടം-2329/-

40- ാം വാർഡിൽ മുല്ലശ്ശേരി മുക്ക് - കടത്ത് കടവ് റോഡിൽ ഓട നിർമ്മാണം ( എസ്സ് ഒ - 152/19)

അടങ്കൽ - 1500000/-

കരാറുകാരൻ - യൂനസ് കുഞ്ഞ്.

അളവു പുസ്തകം - 188/18-19

ചെലവ് വിവരം-1)Rs-1342608/- ബിൽ നം.28/19-20, Dt.10-06-19

അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ആരംഭിച്ച് സ്പിൽ ഓവറായി 2019-20 വർഷം നടപ്പിലാക്കിയ പദ്ധതിയായിരുന്ന 40- ാം വാർഡിൽ മുല്ലശ്ശേരി മുക്ക് - കടത്ത് കടവ് റോഡിൽ ഓട നിർമ്മാണം.ഫയൽ പരിശോധിച്ചതിൽ ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.എർത്ത് വർക്ക് എക്സ്കവേഷനിലൂടെ ലഭിച്ച മണ്ണിന്റെ വിനിയോഗം ഇല്ല-

ഈ പ്രവർത്തിയുടെ അളവ് പുസ്തകം പേജ് 1 ൽ ഇനം 1 ആയി 154 മീറ്റർ നീളം, ശരാശരി 2മീറ്റർ വീതി, 0.60 മീറ്റർ കനത്തിൽ ഓട നിർമ്മാണത്തിനായി മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. അതിലൂടെ 128.99 എം3 മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. എന്നാൽ അളവുപുസ്തകത്തിലെവിടെയും ടി മണ്ണ് വിനിയോഗിച്ചതായി രേഖപ്പെടുത്തലുകളില്ല. ഈ അളവിന്റെ കുറഞ്ഞത് 60% വരെ (77.39m3)പുനരുപയോഗയോഗ്യമാണ്. എന്നാൽ കരാറുകാരന് തുക അനുവദിച്ചപ്പോൾ കുഴിച്ചെടുത്ത മണ്ണ് സൈറ്റിൽ സ്റ്റാക്ക് ചെയ്യുകയോ, വിനിയോഗിക്കുകയോ ചെയ്യാതിരുന്നിട്ട് കൂടി ഫൈനൽ ബില്ലിൽ നിന്നും ആയത് കുറവ് ചെയ്യാതെയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്. DSR 2018 സ്പെസിഫിക്കേഷൻ കോഡ് 0983 പ്രകാരം ഫൈൻ സാൻഡ് 1m3 ന്റെ വില 900/- രൂപയാണ്.അതനുസരിച്ച് 77.39m3 ന് 69651/-രൂപ ( 77.39m3 X 900) മൂല്യം കണക്കാക്കാവുന്നതാണ്.എന്നാൽ ഇപ്രകാരം യാതൊരു കുറവും ബില്ലിൽ വരുത്താതിരുന്നത് മൂലം കരാറുകാരന് അനർഹമായ നേട്ടം ലഭിക്കുവാനും അതുവഴി സർക്കാർ ഫണ്ടിന് നഷ്ടമുണ്ടാകുവാനും ഇടയായി.

2.കാണയുടെ ബെഡ് വെയറിംഗ് കോട്ട് ചെയ്തത്- അധികം അളവ് രേഖപ്പെടുത്തി തുക നൽകി-

ഈ പ്രവർത്തിയുടെ അളവ് പുസ്തകം പേജ് 1 ൽ ഇനം 2 ആയി 154 മീറ്റർ നീളത്തിലും, 1.45 മീറ്റർ വീതിയിലും, 0.15 സെ.മീ. കനത്തിലും ബെഡ് കോൺക്രീറ്റ് നിർവ്വഹിച്ചിട്ടുണ്ട്. അതിന് മുകളിൽ ഇനം 6 ആയി ചുവടെ ചേർത്തിരിക്കുന്ന അളവിൽ രണ്ട് വശങ്ങളിലും ഡ്രെയിൻ വാൾ നിർമ്മിച്ചിട്ടുണ്ട്.

1) 2x 4.5x0.2x0.95 = 1.71m3

2) 2x15.5x (0.30+0.20/2 )X0.95 = 7.36m3

3) 2x3x 0.20+x0.95 = 1.14m3

4) 2x131x (0.30+0.20/2 )X0.95 = 62.23m3

ആകെ = 72.44m3

മേൽ അളവുകൾ രേഖപ്പെടുത്തിയത് പരിശോധിച്ചാൽ രണ്ട് ഡ്രയിൻവാൾ നിർമ്മിച്ചതിന്റെ വീതി ചുവടെ ചേർക്കും പ്രകാരമാണ്.

1) 2x0.20 = 0.40cm.

2) 2 X (0.30+0.20/2 )=2 X0.25cm =50cm.

3) 2x 0.20 = 0.40cm.

4) 2 X (0.30+0.20/2 ) = 0.50cm.

കാണയുടെ ആകെ വീതിയായ 1.45 മീറ്ററിൽ നിന്നും, ഡ്രയിൻവാൾ നിർമ്മിച്ചതിന്റെ വീതി കുറച്ചതിന് ശേഷം വെയറിംഗ് കോട്ട് നടത്താൻ കഴിയുന്ന ഏരിയയുടെ വീതി ചുവടെ ചേർക്കും പ്രകാരമാണ്.

1) 4.5x1.05 X0.05 = 0.24m3

2) 15.5x 0.95 X 0.05 = 0.74m3

3) 3 X 1.05 X0.05 = 0.16m3

4) 131 X0.95 X0.05 = 6.22m3

ആകെ = 7.36m3

വെയറിംഗ് കോട്ട് നിർമ്മിച്ചതിന്റെ അളവ് = 154 X1x.05 = 7.7m3

അധികം നൽകിയ തുകയും അളവും = 7.7m3 -7.36m3 = 0.34m3 X 6850/m3

= 2329/-

മേൽ രേഖപ്പെടുത്തിയ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (44/ 2019-20 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 2329/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-38 ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ വില ഈടാക്കിയില്ല-നഷ്ടം-8740/-രൂപ

ടാറിംഗ് പ്രവൃത്തികൾക്ക് പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളുടെ കരാറുകാർക്ക് നഗരസഭയുടെ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിൽ നിന്നും പൊടിച്ച പ്ലാസ്റ്റിക് നൽകിയിരുന്നു. 2019-20 വർഷം ഇപ്രകാരം പൊടിച്ച പ്ലാസ്റ്റിക് കൈപ്പറ്റിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ കരാറുകാർ ഇതിന്റെ വില നഗരസഭയിൽ ഒടുക്ക വരുത്തുകയോ, ഫൈനൽ ബില്ലിൽ ആനുപാതിക കുറവു വരുത്തുകയോ ചെയ്തിട്ടില്ല. ഹരിത കർമ്മ സേന ഹാജരാക്കിയ രസീത് പ്രകാരം കി.ഗ്രാമിന് 20/- രൂപ പ്രകാരമാണ് പൊടിച്ച പ്ലാസ്റ്റിക്കിന് വില ഈടാക്കിയിട്ടുള്ളത്. പൊടിച്ച പ്ലാസ്റ്റിക്കിന്റെ വില ഈടാക്കാതിരിക്കുക വഴി ഉണ്ടായ നഷ്ടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര്/ കരാറുകാരന്റെ പേര്/ പ്രൊജക്ട് നം./ അളവു പുസ്തകം/ | നൽകിയ പ്ലാസ്റ്റികിന്റെ അളവ്. | ഈടാക്കേണ്ടിയിരുന്ന തുക (@20/kg) | തുക നൽകിയ ബില്ലിന്റെ വിശദാംശം, |
|---|---|---|---|
| കൈതാത്ത്- ആലംപള്ളി റോഡ് റീ-ടാറിംഗ്,<br>46/20,കെ.സുരേഷ്, 83/19-20 | 89 | 1780 | 25/19-20,dt.09-03-20, Rs342562/- |
| 13-ാം വാർഡിൽ കളീക്കൽത്തറ റെയിൽവെ സ്റ്റേഷൻ റോഡ് റീ-ടാറിംഗ്.<br>134/20<br>E.M.അഷറഫ്,<br>116/19-20 | 31 | 620 | 71/19-20,dt.30-03-20, Rs156743/- |
| 15-ാം വാർഡിൽ റെയിൽവെ സ്റ്റേഷൻ-വടക്കേടത്ത് റോഡ് റീ-ടാറിംഗ്.<br>119/20<br>E.M.അഷറഫ്,<br>111/19-20 | 52 | 1040 | 67/19-20,dt.30-03-20, Rs276145/- |
| 18-ാം വാർഡിൽ ചിത്തിരജംഗ്ഷൻ റോഡ് റീ-ടാറിംഗ്.<br>44/20 | 20 | 400 | 24/19-20,dt.13-03-20, Rs216528/- |

| | | | |
|---|---|---|---|
| കെ.സുരേഷ്. 84/19-20 | | | |
| 6-ാം വാർഡിൽ ചിത്തിരജംഗ്ഷൻ റോഡ് റീ-ടാറിംഗ്. SO-545/20 E.M.അഷറഫ്. 42/19-20 | 26 | 520 | 20/19-20,dt.13-03-20, Rs143187/- |
| 13-ാം വാർഡിൽ അമ്പാടി ജംഗ്ഷൻ റോഡ് റീ-ടാറിംഗ്. SO-132/20 E.M.അഷറഫ്. 114/19-20 | 51 | 1020 | 75/19-20,dt.30-03-20, Rs246648/- |
| കളീക്കൽമണ്ണംപള്ളീക്കൽ റോഡ് റീ-ടാറിംഗ്. SO456/20 അബ്ദുൾ ലത്തീഫ്. 211/18-19 | 168 | 3360 | 101/19-20,dt.12-11-19, Rs45000/- |
| | | 8740/- | |

ബില്ലിൽ നിന്നും ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കിന്റെ വില കുറവു ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 16/19-20/22.01.22 ) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ഒടുക്കുന്നതിന് കരാറുകാർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് തിരികെ ഒടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 8740/-രൂപ കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.അല്ലാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-39 കൂടുതൽ കനത്തിൽ തറ കോൺക്രീറ്റ് ചെയ്തത് അധികച്ചെലവിനിയടാക്കി-നഷ്ടം-14953/-

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഓട്ടിസം സെന്റർ നവീകരണം |
| അടങ്കൽ | 4.80ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | അഷറഫ് (0.2% കുറവ്) |
| അളവു പുസ്തകം | 182/18-19 |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 475976 |
| ചെലവ് വിവരം | ബിൽനമ്പർ20/07-06-19 രൂപ 475976/- |

ടി പ്രവൃത്തിയിൽ തറ കോൺക്രീറ്റ് ചെയ്ത് ടൈൽ വിരിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിന് ഒന്നാം ഇനമായി എസ്റ്റിമേറ്റ് അനുസരിച്ച് 1:4:8 സിമൻറ് കോൺക്രീറ്റിംഗിൽ തറ നിർമ്മിച്ചിരിക്കുന്നത് 0.10 മീറ്റർ കനത്തിലാണ് . 0.075 മീറ്റർ കനത്തിൽ തറ കോൺക്രീറ്റ് ചെയ്യുന്നതിന് പകരം 0.10 മീറ്റർ കനത്തിൽ ചെയ്തത് അധികച്ചെലവിനിയടാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| അനുവദിച്ച അളവും തുകയും | അനുവദിക്കാവുന്ന അളവും തുകയും |
|---|---|
| 1X 16.60x6.70x 0.10 = 11.12 M3 | 1X 16.60x6.70x 0.075 = 9.59 M3 |
| 1x 7.70x3.30x0.10 = 2.54 | 1x 7.70x3.30x0.075 = 1.91 |
| ആകെ - 13.66m3 | ആകെ - 11.50m3 |

അധികം നൽകിയ അളവ് -- 13.66 M3 – 11.50 M3 = 2.16 M3

അധികം നൽകിയ തുക - 2.16 M3 @ 6936.65 = 14983/-

(-) (0.2% കുറവ്) (-) 30

ആകെ - 14953/-

അധികം നൽകിയ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 43/01-02-22 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-40 വൃദ്ധസദനം- സൗകര്യവികസനം-കുടിവെള്ള ടാങ്ക് സ്ഥാപിച്ചത്-അധിക ചെലവ്-2650/-

പ്രൊജക്ട്.നം.47/19

കരാറുകാരൻ – E.M.അഷറഫ്.

MB.No.183/19

ചെലവ് വിവരം - Rs575807/- ബിൽ നം.311/19-20,dt.30-04-19

അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ആരംഭിച്ച് സ്പിൽ ഓവറായി 2019-20 വർഷം നടപ്പിലാക്കിയ പദ്ധതിയായിരുന്ന 32- ാം വാർഡിൽ വൃദ്ധസദനം- സൗകര്യവികസനം എന്ന പ്രൊജക്ട്. ഈ പദ്ധതിയുടെ അളവ് പുസ്തകം പേജ് 30 ൽ 23-ാംഇനമായി 1000 ലിറ്ററിന്റെ ഒരു കുടിവെള്ള ടാങ്ക് സ്ഥാപിച്ചതായി രേഖപ്പെടുത്തി 9800/- രൂപ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധനയിൽ 500/- ലിറ്ററിന്റെ ടാങ്കാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് കണ്ടു. 500 ലിറ്ററിന്റെ ടാങ്ക് സ്ഥാപിച്ചതിന് ശേഷം, 1000 ലിറ്ററിന്റെ ടാങ്ക് സ്ഥാപിച്ചതായി മൂല്യ നിർണ്ണയം നടത്തി തുക നൽകിയതിന് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 33 / 2019-20 ) മറുപടി ലഭ്യമാക്കിയിട്ടില്ല.ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ടാങ്കിന്റെ വില രേഖപ്പെടുത്തിയിട്ടുള്ളത് ലിറ്ററിന് 5.30 രൂപയാണ്. അതനുസരിച്ച് 500 ലിറ്ററിന് 2650/- രൂപ അധികം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ അധികം നൽകിയ 2650/- രൂപ തെറ്റായി മൂല്യ നിർണ്ണയം നടത്തിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.




## 1-41 നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കാത്തത്- നഷ്ടം-19566/-

അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019- 20 വർഷം നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള മരാമത്ത് പ്രവർത്തികളുടെ രേഖകൾ പരിശോധിച്ചതിൽ, കരാറുകാർ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കുള്ളിൽ കരാർ ചമച്ചിട്ടില്ലായെന്ന് കണ്ടു. 2012 ലെ കേരള പിഡബ്ല്യു.ഡി മാനുവൽ സെക്ഷൻ 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. അതിനുശേഷം 10 ദിവസം വരെ 1% പിഴയോടുകൂടിയും മാത്രമേ കരാർ ചമയ്ക്കാവൂ. ഇപ്രകാരം ഫൈൻ ഈടാക്കാതിരുന്നതു മൂലമുണ്ടായ നഷ്ടത്തിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.1- ാം വാർഡിൽചേലക്കാട്ട് റോഡിലെ ഓട ബാക്കി ഭാഗം നിർമ്മാണം

( പ്രൊ.നം.SO-317/20)

കരാറുകാരൻ- നാസ്സർ.കെ

കരാർ തുക – 606973/-

കരാർ നം./തീയതി-130/AE/LSGD/KYLM/2018-19,dt.28-12-2018.

MB.No.194/2018-2019

ബിൽ നം, തീയതി,തുക- 1)73/19-20, 30/10/2019, 436974/-

1)59/19-20, 06/08/2019, 162262/-

സെലക്ഷൻ നോട്ടീസിലെ തീയതി- (കൈപ്പറ്റിയതായി ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നതിൽ കരാറുകാരൻ തീയതി രേഖപ്പെടുത്തിയിട്ടില്ല.) -

07-12-2018

കരാർ വെക്കേണ്ടിയിരുന്ന തീയതി - 21-12-2018

കരാർ വെച്ച തീയതി - 28-12-2018

ഈടാക്കേണ്ട ഫൈൻ - 6070/-

ഈടാക്കിയ ഫൈൻ - 0

2. താലൂക്ക് ആശുപത്രി ഓഫീസ് കെട്ടിട നിർമ്മാണം ( പ്രൊ.നം.SO-435/20)

കരാറുകാരൻ- E.M.അഷറഫ്.

കരാർ തുക – 1349673/-

കരാർ നം./തീയതി-132/AE/LSGD/KYLM/2018-19,dt.02-01-2019.

MB.No.162/2018-2019

ബിൽ നം, തീയതി,തുക- 1)57/19-20, 16/08/2019, 746909/-

1)58/19-20, 16/08/2019, 600000/-

സെലക്ഷൻ നോട്ടീസിലെ തീയതി- 07-12-2018 ( 11-12-18 ൽ കരാറുകാരൻ കൈപ്പറ്റിയതായി ഒപ്പു രേഖപ്പെടുത്തിയിട്ടുണ്ട്.)

കരാർ വെക്കേണ്ടിയിരുന്ന തീയതി - 21-12-2018

കരാർ വെച്ച തീയതി - 02-01-2019.

ഈടാക്കേണ്ട ഫൈൻ - 13496/-

ഈടാക്കിയ ഫൈൻ - 0

ഒട്ടാകെ കുറവ് വന്നത്- 6070 + 13496 = 19566/- രൂപ

നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെ മുഴുവൻ തുക അനുവദിച്ചതിന് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറികൾക്ക് (23/2019-20, 37/2019-20 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ അധികം നൽകിയ 19566/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-42 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തിരികെ ഒടുക്കാതെ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ സൂക്ഷിക്കുന്നു-

വികസന ഫണ്ട്/ റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കിയ ടാർ വീപ്പയുടെ വില | ഫണ്ട് ഇനം | ചെലവു വിവരം |
|---|---|---|---|---|
| 1 | 18- ാം വാർഡിൽ ചിത്തിര ജംഗ്ഷൻ റോഡ് ടാറിംഗ് | 1124 | മെയിന്റനൻസ് ഗ്രാന്റ് | 24/19-20 /13-03-20 രൂപ 216528/- |
| 2 | 13- ാം വാർഡിൽ കളീക്കൽത്തറ-റെയിൽവെ സ്റ്റേഷൻ റോഡ് റീ-ടാറിംഗ് | 1967 | മെയിന്റനൻസ് ഗ്രാന്റ് | 71/19-20 /30-03-20 രൂപ 156743/- |
| 3. | 13- ാം വാർഡിൽ അമ്പാടി ജംഗ്ഷൻ റോഡ് റീ-ടാറിംഗ് | 3091 | മെയിന്റനൻസ് ഗ്രാന്റ് | 75/19-20 /30-03-20 രൂപ 246648/- |
| 4. | 18- ാം വാർഡിൽ കൈതാത്ത് | 4496 | മെയിന്റനൻസ് ഗ്രാന്റ് | 25/19-20 /13-03-20 |

| | | | |
|---|---|---|---|
| ആലംപള്ളി റോഡ് റീ-ടാറിംഗ് | | | രൂപ 342562/- |

ജി.ഒ.(പി)177/06 ധനം12-04-06 ഉത്തരവ് ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റ് കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട് / മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ തന്നെ ഖണ്ഡിക 10.3 പ്രകാരമുള്ള നിബന്ധനകൾ പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. വികസന ഫണ്ട് /റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ടാർ വീപ്പ വിറ്റ് കിട്ടുന്ന തുക ഗവൺമെന്റിലേക്ക് ഒടുക്കു വരുത്താതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 40/2019-20) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ സൂചിപ്പിച്ച പ്രവർത്തികളുടേത് ഉൾപ്പെടെ തൻവർഷം ടാർ ഉപയോഗിച്ച് നടപ്പിലാക്കിയ എല്ലാ പ്രവർത്തികളിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള ടാർവീപ്പയുടെ വില മേൽ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള പ്രകാരം തിരികെ ഒടുക്കേണ്ടതാണ്.

## 1-43 5 ലക്ഷത്തിൽ താഴെയുള്ള, മാനവൽ ടെണ്ടർ/ ക്വട്ടേഷൻ വഴി നിർവ്വഹിക്കപ്പെടുന്ന മരാമത്ത് പ്രവർത്തികളിൽ മത്സര സ്വഭാവം ഇല്ല-

കായംകുളം നഗരസഭയിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പണികളുടെ ഫയൽ പരിശോധിച്ചതിൽ, അഞ്ച് ലക്ഷത്തിൽ താഴെയുള്ള മരാമത്ത് പ്രവർത്തികൾ മാനവൽ ടെണ്ടർ/ ക്വട്ടേഷൻ വഴിയാണ് നിർവ്വഹിച്ചിട്ടുള്ളത് എന്ന് കണ്ടു. അവയിൽ തന്നെ ചെറിയ വ്യത്യാസത്തിലുള്ള,ഒരേ കരാറുകാർ തന്നെ സമർപ്പിക്കുന്ന രണ്ട് ക്വട്ടേഷൻ/ മാനവൽ ടെണ്ടർ മാത്രം ലഭിക്കുകയും, അതിൽ നിന്നും കുറഞ്ഞ ക്വട്ടേഷൻ അംഗീകരിച്ച് പ്രവർത്തി നിർവ്വഹിക്കപ്പെടുകയും ചെയ്യുന്ന രീതിയാണ് തുടരുന്നത്. ടി ക്വട്ടേഷനുകൾ /ടെണ്ടറുകളിലെ നിരക്കുകൾ പരിശോധിച്ചാൽ , കരാറുകാർ തമ്മിലുള്ള അലിഖിതമായ ധാരണയുടെ അടിസ്ഥാനത്തിലാണ് ഇവ സമർപ്പിക്കപ്പെടുന്നത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരം മരാമത്ത് പ്രവൃത്തികൾ അഞ്ച് ലക്ഷത്തിൽ താഴെയുള്ള തുകയിൽ ലിമിറ്റ് ചെയ്ത് നിർവ്വഹിക്കപ്പെടുന്നത് മൂലം മത്സരാധിഷ്ഠിത ടെണ്ടർ ലഭിക്കുന്നതിനുള്ള സാധ്യതകൾ നഷ്ടമാകുകയും,നാമമാത്രമായ ടെണ്ടർ വ്യതിയാനം ഉള്ള ക്വട്ടേഷനുകൾ /ടെണ്ടറുകൾ സ്വീകരിക്കപ്പെടുകയും, അതുവഴി തദ്ദേശസ്ഥാപനത്തിന് അധിക ചെലവിന് കാരണമാകുകയും ചെയ്യുന്നു. ഇപ്രകാരം നിർവ്വഹിക്കപ്പെട്ട ചില പ്രവർത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര് | ലഭിച്ച മാനവൽ ടെണ്ടറുകളുടെ എണ്ണം. | കരാറുകാരുടെ വിവരം. | ക്വോട്ട് ചെയ്ത തുക/ നിരക്ക്. |
|---|---|---|---|
| 25-ാം വാർഡിൽ മുണ്ടക്കൽ - കിഴക്കടത്ത് ഫുട്പാത്ത് കോൺക്രീറ്റിംഗ്. (പ്രൊ.നം.80/20) | 2 | 1.അബ്ദുൾ അസ്സീസ്.എസ്സ്. 2.അബ്ദുൾ ലത്തീഫ്. | എസ്റ്റിമേറ്റ് നിരക്ക് 0.05% കുറവ് |
| 25-ാംവാർഡിൽ ചുണ്ടവിളയിൽ റോഡ് ടാറിംഗ് (പ്രൊ.നം.80/20) | 2 | 1.അബ്ദുൾ അസ്സീസ്.എസ്സ്. 2.അബ്ദുൾ ലത്തീഫ്. | എസ്റ്റിമേറ്റ് നിരക്ക് 0.5% കുറവ് |
| 18-ാം വാർഡിൽ കൈതാത്ത് - അലംപള്ളി റോഡ് റീ-ടാറിംഗ്. (പ്രൊ.നം.46/20) | 2 | 1.കെ.സുരേഷ് 2.സുനിൽകുമാർ.എസ്സ്. | 0.1% കുറവ് എസ്റ്റിമേറ്റ് നിരക്ക്. |
| 20-ാം വാർഡിൽ പെരുമ്പള്ളി റോഡും കണ്ടകാളൻ നട റോഡും റീ-ടാറിംഗ്. (പ്രൊ.നം.114/20) | 2 | 1.അബ്ദുൾ അസ്സീസ്.എസ്സ്. 2.അബ്ദുൾ ലത്തീഫ്. | 0.5% കുറവ് എസ്റ്റിമേറ്റ് നിരക്ക്. |

| | | | |
|---|---|---|---|
| 18-ാം വാർഡിൽ ചിത്തിരജംഗ്ഷൻ റോഡ് റീ-ടാറിംഗ്. (പ്രൊ.നം.44/20) | 2 | 1.സുനിൽകുമാർ.എസ്സ്. 2.കെ.സുരേഷ് | എസ്റ്റിമേറ്റ് നിരക്ക്. 0.1% കുറവ് |
| 6-ാം വാർഡിൽ മാവിലേത്ത് - മരങ്ങാട്ട് റോഡ് റീ-ടാറിംഗ്. (പ്രൊ.നം.545/20) | 2 | 1.അഷറഫ്.ഇ.എം 2.ഓസ്കാർ കൺസ്ട്രക്ഷൻ | 0.5% കുറവ് എസ്റ്റിമേറ്റ് നിരക്ക്. |
| 21-ാം വാർഡ് -വാട്ടർ അതോറിറ്റി ഓവർബ്രിഡ്ജ് റോഡ് റീ-ടാറിംഗ് പ്രൊജക്റ്റ് നം -538/20 | 2 | 1.അബ്ദുൾലത്തീഫ് 2.അബ്ദുൾ അസ്സീസ് | 0.5% കുറവ് എസ്റ്റിമേറ്റ് നിരക്ക്. |
| 21-ാം വാർഡ് -പഞ്ചമി റോഡ് റീ-ടാറിംഗ് പ്രൊജക്റ്റ് നം -48/20 | 2 | 1.അബ്ദുൾലത്തീഫ് 2.അബ്ദുൾ അസ്സീസ് | 0.5% കുറവ് എസ്റ്റിമേറ്റ് നിരക്ക്. |

നഗരസഭയിൽ മാനുവൽ ടെണ്ടർ/ ക്വട്ടേഷൻ നിർവ്വഹിച്ചിട്ടുള്ള ഭൂരിഭാഗം പ്രവർത്തികളിലും ഈ രീതിയിലുള്ള ടെണ്ടറുകൾ ആണ് സമർപ്പിക്കപ്പെടുന്നത്. മരാമത്ത് പ്രവർത്തികൾ ഈ രീതിയിൽ നിർവ്വഹിക്കപ്പെടുമ്പോൾ ആയത് കരാറുകാരന് കൂടുതൽ ആനുകൂല്യം ലഭ്യമാകുന്നതിന് കാരണമാകുന്നു. സ്ഥാപനത്തിന് വലിയ തോതിൽ നഷ്ടം ഉണ്ടാക്കുന്ന ഇത്തരം പ്രവണതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് തടയുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 15/19-20 ) ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടർ ക്ഷണിക്കുമ്പോൾ ആവശ്യമായ പത്രപരസ്യം ഉൾപ്പെടെ എല്ലാ നടപടിക്രമങ്ങളും പാലിച്ചാണ് ടെണ്ടർ ക്ഷണിക്കുന്നതെന്നും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഭാഗത്തു നിന്നും വീഴ്ചയൊന്നും ഉണ്ടായിട്ടില്ലായെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ അഞ്ച് ലക്ഷത്തിൽ താഴെയുള്ള മരാമത്ത് പ്രവർത്തിക ൾ എല്ലാംതന്നെ മാനുവൽ ടെണ്ടർ/ ക്വട്ടേഷൻ വഴി നിർവ്വഹിക്കുന്നതിനാൽ ഇ-ടെണ്ടർ ചെയ്യുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ ഒന്നും തന്നെ കൈക്കൊള്ളേണ്ടി വരുന്നില്ല.തന്മൂലം മത്സരസ്വഭാവമുള്ള ക്വട്ടേഷൻ ലഭ്യമാകാത്ത രീതിയിൽ പ്രാദേശികമായി കരാറുകാർ തമ്മിൽ ധാരണയിലെത്തി മാനുവൽ ടെണ്ടർ/ ക്വട്ടേഷൻ സമർപ്പിച്ച് അനർഹമായി ലാഭം ഉണ്ടാക്കുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുന്നതായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതിനാൽ സ്ഥാപനത്തിന് നഷ്ടമുണ്ടാക്കുന്ന ഇത്തരം പ്രവണതകൾ ഒഴിവാക്കുന്നതിനായി ഇ-ടെണ്ടർ വഴി മരാമത്ത് പ്രവർത്തികൾ നിർവ്വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-44 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - ആനുകൂല്യം പൂർണ്ണമായി നൽകുന്നതിനുള്ള തുക പ്രോജക്ടിൽ വകയിരുത്തിയില്ല.

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - ആനുകൂല്യം പൂർണ്ണമായി നൽകുന്നതിനുള്ള തുക പ്രോജക്ടിൽ വകയിരുത്തിയില്ല.

പ്രോജക്ട് നം.S0075/20ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

അടങ്കൽ -1950000( വികസനഫണ്ട് )

ചെലവ് -1398000

2019-20 വർഷം ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പല കുട്ടികൾക്കും ഭാഗികമായി മാത്രമാണ് നൽകിയിട്ടുള്ളത്. ഓരോകുട്ടിക്കും പരമാവധി 28500/- രൂപ നൽകാമെന്നിരിക്കെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും കൃത്യമായി നൽകാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 36/29.01.2022 ) ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് പൂർണ്ണമായി നൽകുന്നതിന് ആവശ്യമായ തുക നഗരസഭ വകയിരുത്തിയിരുന്നില്ല എന്നും അതിനാൽ ലഭ്യമായ തുക തുല്യമായി വീതിച്ച നൽകുകയാണ് ചെയ്തിട്ടുള്ളത് എന്നും മറുപടി ലഭ്യമാക്കി. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും കൃത്യമായി നൽകേണ്ടതാണ്. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 റോഡ് റെസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിൽ നഗരസഭയ്ക്ക് നഷ്ടം-2571/-

പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയർ റോഡ്സിന്റെ 30.03.19 ലെ സർക്കുലർ No.CE/R&B/GL-RC/2/2019 ലെ നിർദ്ദേശ പ്രകാരം ബ്ലാക്ക് ടോപ്പ് സർഫസിന്റെ മിനിമം എക്സ്കവേഷൻ വീതി 1മീറ്ററായി എടുത്തുവേണം റെസ്റ്റോറേഷൻ ചാർജ് കണക്കാക്കാൻ (In Case Of BT Surface The Minimum Restoration Width Taken For Proper Compaction Shall Be One Meter.). താഴെപ്പറയുന്നയാൾ ഒടുക്കേണ്ട റെസ്റ്റോറേഷൻ ചാർജ് കണക്കാക്കിയപ്പോൾ മേൽപ്പറഞ്ഞ നിർദ്ദേശം കണക്കിലെടുക്കാത്തതു മൂലം നഗരസഭയ്ക്ക് 2571 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

| ക്രമ നം | പേര്, മേൽ വിലാസം | കണക്കാക്കേണ്ട ട്രഞ്ച് വിസ്തീർണ്ണം ച.മീറ്റർ | നിരക്ക് | റോഡ് റെസ്റ്റോറേഷൻ ചാർജ് | ആകെ ഈടാക്കേണ്ട റോഡ് റെസ്റ്റോറേഷൻ ചാർജ് | കണക്കാക്കിയ ട്രഞ്ച് വിസ്തീർണ്ണം ച.മീറ്റർ | ഈടാക്കിയത് | രസീത് നം/ തീയതി | കുറവ് |
|---|---|---|---|---|---|---|---|---|---|
| 1 | ചെല്ലമ്മ, 29/65 വെളിയിൽ പാലസ് വാർഡ്, കൃഷ്ണപുരം | 3.6x1=3.6 | 3090.57 | 11126 | 11126( ബി.റ്റി) +329 (ബേം കട്ടിംഗ്) =11455 | 3.6x0.5 =1.8 | (8554+ 329) =8884 | 119010 105225 /10.07.19 | 2571 |

### 2-2 വസ്തു നികുതി നിരണ്ണയിച്ചതിൽ അപാകതകൾ മൂലം നഗരസഭയ്ക്ക് നഷ്ടം-143339/-

നഗരസഭാ കൌൺസിലിന്റെ 20.12.11 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം 200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് 120 രൂപയാണ്. എന്നാല് 200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള താഴെപ്പറയുന്ന ഷോപ്പിംഗ് മാളുകൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്ക് 120 രൂപയിലും താഴെയാണ് കണക്കാക്കിയിരിക്കുന്നത്.

| ക്രമ നം | കെട്ടിട നമ്പർ ഉടമസ്ഥന്റെ പേര്, മേൽ വിലാസം | കെട്ടടത്തിന്റെ വിസ്തീർണ്ണം (പ്ലിന്ത് ഏരിയ) ച.മീ | 120 രൂപ നിരക്കിൽ ഈടാക്കേണ്ട വസ്തു നികുതി | ഇളവ്/ വർദ്ധനവ് ശതമാനം | വർദ്ധനവോട് കൂടിയ വസ്തു നികുതി | 5 ശതമാനം ലൈബ്രറി സെസ്സ്, 10 ശതമാനം സേവന നികുതി യോടു കൂടി ഈടാക്കേണ്ട ആകെ നികുതി | ഡിമാന്റ് നോട്ടീസ് തീയതി | ഡിമാന്റ് നോട്ടീസ് പ്രകാര മുള്ള വസ്തു നികുതി | ഡിമാന്റി ലുള്ള കുറവ് |
|---|---|---|---|---|---|---|---|---|---|
| 1 | സക്കീർ, ഇഞ്ചക്കൽ കായംകുളം 4/415 | 262.41 | 31489 | +20 വഴി +15 തറ | 42510 | 48887 | 04.12.19 | 24132 | 24755 |
| 2 | തോമസ് ജോർജ്ജ് കിളിയി ലേത്ത് പുത്തൻ വീട്, ചേരാവള്ളി | 124.5 58.48 27.79 27.79 | 66338 | -10 മേല്ക്കൂര +20 വഴി | 72972 | 83918 | 05.11.19 | 12600 4440 2110 | 30794 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | 22/547<br>22/548<br>22/549<br>22/550<br>22/551<br>22/552<br>22/553 | 75.68<br>108.26<br>130.32<br>-------<br>552.82 | | | | | | 2110<br>5224<br>10412<br>12532<br>--------<br>35544 | |
| 3 | വർഗ്ഗീസ് മാത്യു, കോലേ കളങ്ങര പുത്തൻ വീട്<br>22/537<br>22/538<br>22/539<br>22/540<br>22/541<br>22/542<br>22/543 | 33.04<br>66.71<br>106.47<br>110.22<br>146.47<br>87.21<br>83.13<br>----------<br>550.12 | 66014 | +20 വഴി | 79217 | 91099 | 15.1019 | 2166<br>4374<br>9336<br>9636<br>12128<br>5418<br>5166<br>---------<br>48224 | 42875 |
| 4 | പി.ആർ. വിനയൻ പ്രണവം, പുള്ളിക്കണക്ക്<br><br>23/562<br>23/563 | 38.98<br>200.00<br>---------<br>238.98 | 4198<br>28678 | -10 മേഖല<br>+20 വഴി | 4617<br>31545 | 5310<br>36276<br>-<br>41586 | 31.12.19 | 2658<br>18768<br>----------<br>21426 | 20160 |
| | | | | | | | | ആകെ | 118584 |

കുറവായി ഡിമാന്റ് ചെയ്ത തുക 118584/-രൂപ ഈടാക്കി നഗരസഭയുടെ നഷ്ടം നികത്തേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പെരിങ്ങാലകുളം സംരക്ഷണം - ചെയ്യാത്ത പ്രവർത്തിക്ക് മൂല്യം നിർണ്ണയിച്ച് നൽകി-നഷ്ടം-15341/- ( എസ്സ് ഒ – 314/19)

അടങ്കൽ - 1000000/-

കരാറുകാരൻ -അബ്ദുൾ അസ്സീസ്

അളവു പുസ്തകം - 195/18-19

ചെലവ് വിവരം-1)Rs-976391/- ബിൽ നം.74/19-20, Dt.30-10-19

എഗ്രിമെന്റ് നം. 187/AEE/LSGD/KYLM/17-18/24-03-18

അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ആരംഭിച്ച് സ്പിൽ ഓവറായി 2019-20 വർഷം നടപ്പിലാക്കിയ പദ്ധതിയായിരുന്ന 16-ാം വാർഡിൽ പെരിങ്ങാലകുളം നവീകരണം.ഫയൽ പരിശോധിച്ചതിലും, 28-01-22 ൽ നടത്തിയ പ്രാദേശിക പരിശോധനയിലും ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.സ്റ്റെപ്പുകളുടെ -DR പാക്കിംഗ് - ചെയ്യാത്ത അളവുകൾ ചെയ്തതായി രേഖപ്പെടുത്തി-

ഈ പ്രവർത്തിയുടെ അളവ് പുസ്തകം പേജ് 4 ൽ ഇനം 3 ആയി 2 മീറ്റർ നീളം, 0.35മീറ്റർ വീതി, 0.25 മീറ്റർ കനത്തിൽ 28 സ്റ്റെപ്പുകളുടെ നിർമ്മാണത്തിനായി DR പാക്കിംഗ് നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് 4.9m3 അളവ് തിട്ടപ്പെടുത്തി M3ന് 2973/-രൂപ നിരക്കിൽ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.എന്നാൽ, സ്ഥല പരിശോധയിൽ ജലനിരപ്പിന് മുകളിൽ 5 സ്റ്റെപ്പും, ജലനിരപ്പിന് താഴെ 2 സ്റ്റെപ്പുകളും മാത്രമെ നിർമ്മിച്ചിട്ടുള്ളുവെന്ന് ബോധ്യപ്പെട്ടു.പേജ് നം.8 ൽ ഇനം 4 ആയി 1:1.5:3 എന്ന അനുപാതത്തിൽ 2 മീറ്റർ നീളം, 0.35മീറ്റർ വീതി, 0.15 മീറ്റർ കനത്തിൽ 7 സ്റ്റെപ്പുകളുടെ മുകളിൽ മാത്രമാണ് RCC ബെൽറ്റ് നൽകിയിട്ടുള്ളത്. 7 സ്റ്റെപ്പുകൾ മാത്രമെ നിർമ്മിച്ചിട്ടുള്ളുവെന്ന വസ്തുത

ഒന്ന് കൂടി സാധൂകരിക്കുന്നതാണ് ഈ രേഖപ്പെടുത്തലുകൾ. 7 സ്റ്റെപ്പുകളുടെ നിർമ്മാണത്തിന് അനുവദനീയമായതും നൽകിയതുമായ അളവിന്റെയും തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

7x2x0.35x0.25 = 1.225m3

1.225m3 X2973/m3 = 4461/-

നൽകിയത് = 4.9m3 X 2973/m3 =14567/-

അധികം നൽകിയത് = 14567 - 4461 = 10106/-

2.ഫുട് പാത്ത് നിർമ്മാണം- യഥാർത്ഥത്തിൽ നിർമ്മിച്ചതിനെക്കാൾ അധികം അളവ് രേഖപ്പെടുത്തി തുക നൽകി-

അളവ് പുസ്തകം പേജ് 4 ൽ കുളത്തിനോട് ചേർന്നുള്ള നടപ്പാത കോൺക്രീറ്റ് ചെയ്യുന്നതിനായി ക്വാറിമക്ക് ഫില്ലിംഗും, പേജ് 7 ൽ 1:4:8 അനുപാതത്തിൽ 10 Cm.കനത്തിൽ കോൺക്രീറ്റിംഗും ചുവടെ ചേർത്തിട്ടുള്ള അളവിൽ നിർവ്വഹിച്ചിട്ടുണ്ട്.

ക്വാറിമക്ക് ഫില്ലിംഗ്

കിഴക്കുവശം - 20x2x0.20 = 8m3

തെക്ക് വശം - 10.9 X 1.7 X0.20 = 3.71m3

ആകെ = 11.71m3

1:4:8 കോൺക്രീറ്റിംഗ്

കിഴക്കുവശം - 20x2x0.10 = 4m3

തെക്ക് വശം - 10.9 X 1.7 X0.10 = 1.85m3

ആകെ = 5.85m3

എന്നാൽ ഭൌതിക പരിശോധനയിൽ കിഴക്കുവശം ചെയ്തതായി ബോധ്യപ്പെട്ട ക്വാറിമക്ക് ഫില്ലിംഗിന്റെയും കോൺക്രീറ്റിംഗിന്റെയും അളവുകളും, അനുവദനീയമായ തുകയും ചുവടെ ചേർക്കും പ്രകാരമാണ്.

ക്വാറിമക്ക് ഫില്ലിംഗ് = 20x1.70x0.20 = 6.8m3

1:4:8 കോൺക്രീറ്റിംഗ് = 20x1.70x0.10 = 3.4m3

അധികം നൽകിയത് -

ക്വാറിമക്ക് ഫില്ലിംഗ് = 8m3 - 6.8m3 = 1.2m3 X 894.63/m3 = 1073/-

1:4:8 കോൺക്രീറ്റിംഗ് = 4m3 – 3.4m3 = 0.6m3 X6936.65/m3 = 4162/-

ഈ ഇനത്തിൽ ഒട്ടാകെ അധികം നൽകിയത്= 1073+ 4162 = 5235/-

3. റോഡ് നിർമ്മാണം - ഗുണനിലവാരമില്ല -

ഭൌതിക പരിശോധനയിൽ കുളത്തിന്റെ കിഴക്കുവശം 20 മീറ്റർ നീളത്തിൽ നിർമ്മിച്ചിട്ടുള്ള കോൺക്രീറ്റ് റോഡിന്റെ ഭാഗങ്ങൾ നടവഴി ആയിരുന്നിട്ടു കൂടി മെറ്റൽ ഇളകി പൊട്ടി പൊളിഞ്ഞ അവസ്ഥയിലാണ്.

4.ഫൈൻ ഈടാക്കാതെ നിയമാനുസൃത കാലയളവിലും അധികരിച്ച് പൂർത്തീകരണ കാലാവധി നീട്ടിക്കൊടുത്തു-

ജി.ഒ (പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനുവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി , PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ( പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം.എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ഈ പ്രവർത്തിയിൽ ടി നിയമങ്ങൾക്ക് വിരുദ്ധമായി ആദ്യ തവണ മാത്രം ഫൈൻ ഈടാക്കിയ ശേഷം കരാറുകാരന് മുഴുവൻ തുകയും അനുവദിച്ചു നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു .

എഗ്രിമെന്റ് നം. 187/AEE/LSGD/KYLM/17-18/24-03-18

PAC- 989624/-

M Book – 195/18-19

പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 24-06-18

പൂർത്തീകരിച്ച തീയതി- 16-03-19

ഈടാക്കേണ്ട പിഴ -

ആദ്യ തവണ- PAC യുടെ 1% - 989624 X 1% = 9896/-(24/09/2018 വരെ)

രണ്ടാം തവണ - PAC യുടെ 2% -989624 X 2% = 19732/- (24/12/2018 വരെ)

മൂന്നാംതവണPACയുടെ2%989624x2%=989624x2%=19732x82/90(16/03/19 വരെ) = 17978/-

ആകെ ഈടാക്കേണ്ടത് - 9896+ 19732+ 17978 = 47606/-

ഈടാക്കിയത് - 9896/-

കുറവ് - 37710/-

മേൽ രേഖപ്പെടുത്തിയിട്ടുള്ള പ്രവർത്തിയിൽ കരാർ പ്രകാരം കാലാവധി നീട്ടിനൽകുന്നതിനായി കരാറുകാരൻ അപേക്ഷനൽകിയിട്ടില്ല. പൂർത്തീകരണ കാലാവധി നീട്ടി നൽകിക്കൊണ്ടുള്ള കമ്മിറ്റി തീരുമാനവും ഇല്ല. കാലാവധി നീട്ടിനൽകുന്നതിനായി കരാറുകാരൻ അപേക്ഷനൽകിയിട്ടില്ലാത്ത സാഹചര്യത്തിലും, കമ്മിറ്റി തീരുമാനം ഇല്ലാതെയും പൂർത്തീകരണ കാലാവധി അനിശ്ചിതമായി നീട്ടി നൽകിയതിനും , ഫൈൻ ഈടാക്കാതിരുന്നത് സംബന്ധിച്ചും, ഈ പ്രവർത്തിയുടെ ഒറിജിനൽ കരാർ, സെലക്ഷൻ നോട്ടീസ് നൽകിയതിന്റെ രേഖകൾ, ഇ-ടെണ്ടർ നടത്തിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(25/2019-20) മറുപടി ലഭ്യമാക്കിയിട്ടില്ല.

4.കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തിയത് സുതാര്യമല്ല-

ഈ പ്രവർത്തിയുടെ അളവ് പുസ്തകം പേജ് 1, ഇനം 2 പ്രകാരം കുളത്തിന്റെ ഫൌണ്ടേഷൻ നിർമ്മാണം , ആഴംകൂട്ടൽ എന്നിവ നിർവ്വഹിച്ചതിലൂടെ 164.67 M3 മണ്ണ് ലഭിച്ചിട്ടുണ്ട്.ആയതിന്റെ കുറഞ്ഞത് 60% വരെ (98.80m3)പുനരുപയോഗയോഗ്യമാണ്. അളവു പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ പ്രകാരം " The Cut Earth Has Been Used For Filling The Outer Side Of Newly Built Up Wall(all Around The Pond)and The Neighbouring Road Berms”ഇപ്രകാരം ഇതിന്റെ വിനിയോഗം രേഖപ്പെടുത്തിയിട്ടുണ്ട്.ഈ വാദം അംഗീകരിച്ച് കുളത്തിന്റെ ആകെ ചുറ്റളവായ 61.8 മീറ്റർ (20+10.90=30.90x2) നീളത്തിലും1 മീറ്റർ വീതിയിലും 1 മീറ്റർ ആഴത്തിലും ഫില്ലിംഗ് നടത്തിയാൽ പോലും ആയതിന് 61.8m3 മണ്ണ് മാത്രമാണ് ആവശ്യമായിട്ടുള്ളത്.അടുത്തുള്ള റോഡിന്റെ വശങ്ങളിൽ ഫില്ലിംഗ് നടത്തി എന്നതിനും രേഖകളില്ല. ആ നിലയ്ക്ക് 37 M3 മണ്ണ് സൈറ്റിൽ ഉണ്ടാവുകയോ, ആയതിന്റെ വില തിട്ടപ്പെടുത്തി കുറവ് ചെയ്യുകയോ ചെയ്യേണ്ടതാണ്.എന്നാൽ മുവ്വവൻ മണ്ണും വിനിയോഗിച്ചതായി രേഖപ്പെടുത്തി കരാറുകാരന് പ്രവർത്തിയുടെ മുഴുവൻ മൂല്യവും അനുവദിച്ചു നൽകി.DSR 2018 സ്പെസിഫിക്കേഷൻ കോഡ് 0983 പ്രകാരം ഫൈൻ സാൻഡ് 1m3 ന്റെ വില 900/- രൂപയാണ്.അതനുസരിച്ച് 37 M3 ന് 33300/-രൂപ ( 37 M3 X 900) എങ്കിലും കുറവ് ചെയ്യേണ്ടതായിരുന്നു.കരാറുകാരന് അനർഹമായ ലാഭം ഉണ്ടാകുന്ന രീതിയിൽ അളവുപുസ്തകത്തിൽ മണ്ണിന്റെ വിനിയോഗം സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തിയതാണെന്ന് മേൽപറഞ്ഞ കാരണങ്ങളാൽ ഓഡിറ്റിൽ കരുതുന്നു.

മേൽ രേഖപ്പെടുത്തിയ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (32/2019-20 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വിവിധ ഖണ്ഡികകൾ പ്രകാരം അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും ഖണ്ഡികയിൽ ചൂണ്ടിക്കാട്ടിയ അപാകങ്ങൾ സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തേണ്ടതുമാണ്.

## 3-2 ടെണ്ടർ വ്യതിയാനം വരുത്താതെ തുക അനുവദിച്ചു .നഷ്ടം - 11882/-

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കാവുംകട ഗുരുമന്ദിരം റോഡ് റീടാറിംഗ് ഒറ്റത്തെങ്ങിൽ റോഡ് കലുങ്ക് കാക്കനാട് തെക്ക് ഇന്റർ ലോക്കിംഗ് |
| അടങ്കൽ | 4.48ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | അബ്ദുൾലത്തീഫ് |
| അളവു പുസ്തകം | 205/18-19 |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 396067/- |
| ചെലവ് വിവരം | ബിൽനമ്പർ44/26-07-19 രൂപ 396067/- |

മേൽ പ്രവൃത്തിക്ക് റീടെണ്ടർ ചെയ്തതിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാളും 3% കുറവു രേഖപ്പെടുത്തിയ

ശ്രീ.അബ്ദുൾലത്തീഫാണ് കരാറുകാരൻ . ഫൈനൽ ബിൽ പ്രകാരം തുക അനുവദിച്ചപ്പോൾ ടെണ്ടർ വ്യതിയാനം വരുത്താതെ തുക അനുവദിച്ചത് അധികം നൽകാനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 396067 |
| കുറവു ചെയ്യണ്ട ടെണ്ടർ വ്യതിയാനം 3% | 11882 |

ടി തുക 11882/- കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 46/02-02-22 ന് മറുപടി ലഭ്യമാക്കിയില്ല.

## 3-3 നഗരസഭ ഹെൽത്ത് വിഭാഗം നവീകരണം-ആവശ്യമില്ലാത്ത ഇനം ഉൾപ്പെടുത്തിയതു വഴി അധികച്ചെലവ് 1.15 ലക്ഷം

| | |
|---|---|
| പ്രവൃത്തിയുടെ പേര് | നഗരസഭ ഹെൽത്ത് വിഭാഗം നവീകരണം |
| അടങ്കൽ | 4.95ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | ശിവരാജൻ |
| അളവു പുസ്തകം | 167/18-19 |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 494525 |
| ചെലവ് വിവരം | ബിൽനമ്പർ03/30-04-19 രൂപ 494525/- |

നഗരസഭ ഹെൽത്ത് വിഭാഗത്തിന്റെ ഭിത്തിയും അലമാരകളും പാർട്ടിക്കൾ ബോർഡു കൊണ്ട് നവീകരിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിന്റെ രണ്ടാം ഇനം 9.35.2 Providing And Fixing In Wall Lining Flat Pressed Three Layer (Medium Density ) Particle Board Or Graded Wood Pre Laminated One Side Decorative Lamination And Other Side Balancing Lamination Including Priming Coat On Unexposed Surface With Necessary Arrangement And Srew Complete 18mm Thick എന്നതാണ്. ഈയിനം ഭിത്തിയും അലമാരകളും പാർട്ടിക്കൾ ബോർഡു കൊണ്ട് 109.51 M2 ചെയ്തതിന് 1699.41 /M2 നിരക്കിൽ കരാറുകാരന് 186102/- അനുവദിച്ചിട്ടുണ്ട്. ഇതിന് പുറമേ 3-ാം ഇനമായി 9.127.1 Providing And Fixing Decorative High Preassure Laminated Sheet Of Plain Wood Grain In Glass /Matt/suede/finish With High Density Protective Surface Layer And Reverse Side Of Adhesive Bonding Quality Including Cost Of Adhesive Of Approved Quality 1.5mm Thick 88.46m2 ചെയ്തതിന് @ 1297.13/m2 നിരക്കിൽ കരാറുകാരന് 114744/- അനുവദിച്ചിട്ടുണ്ട്. രണ്ടാം ഇനത്തിൽ പാർട്ടിക്കിൾ ബോർഡിന്റെ ഒരു വശം Decorative Lamination ഉള്ളപ്പോൾ 3-ാം ഇനമായി ഇതിന് പുറമേ Decorative Laminated Sheet ഉപയോഗിക്കേണ്ട ആവശ്യമില്ല. എന്നാൽ Decorative Laminated Sheet ഉപയോഗിച്ചിരിക്കുന്നതായി രേഖപ്പെടുത്തി തുക കരാറുകാരന് അനുവദിച്ചത് അധികച്ചെലവിന് ഇടയാക്കി . തന്നെയുമല്ല ഭൗതിക പരിശോധനയിൽ ഇനം 3 ചെയ്തിരിക്കുന്നത് ബോധ്യപ്പെടാനുമായില്ല. അതിനാൽ ഇനം 3 ന് അനുവദിച്ച 114744/- കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 43/01-02-22 ന് മറുപടി ലഭ്യമാക്കിയില്ല.

## 3-4 കൂടുതൽ കനത്തിൽ തറ കോൺക്രീറ്റ് ചെയ്തത് അധികച്ചെലവിനിയടാക്കി-നഷ്ടം-14953/-

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഓട്ടിസം സെന്റർ നവീകരണം |
| അടങ്കൽ | 4.80ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | അഷറഫ് (0.2% കുറവ്) |
| അളവു പുസ്തകം | 182/18-19 |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 475976 |

| | |
|---|---|
| ചെലവ് വിവരം | ബിൽനമ്പർ20/07-06-19 രൂപ 475976/- |

ടി പ്രവൃത്തിയിൽ തറ കോൺക്രീറ്റ് ചെയ്ത് ടൈൽ വിരിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിന് ഒന്നാം ഇനമായി എസ്റ്റിമേറ്റ് അനുസരിച്ച് 1:4:8 സിമൻറ് കോൺക്രീറ്റിംഗിൽ തറ നിർമ്മിച്ചിരിക്കുന്നത് 0.10 മീറ്റർ കനത്തിലാണ് . 0.075 മീറ്റർ കനത്തിൽ തറ കോൺക്രീറ്റ് ചെയ്യുന്നതിന് പകരം 0.10 മീറ്റർ കനത്തിൽ ചെയ്തത് അധികച്ചെലവിനിയടാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| അനുവദിച്ച അളവും തുകയും | അനുവദിക്കാവുന്ന അളവും തുകയും |
|---|---|
| 1X 16.60x6.70x 0.10 = 11.12 M3 | 1X 16.60x6.70x 0.075 = 9.59 M3 |
| 1x 7.70x3.30x0.10 = 2.54 | 1x 7.70x3.30x0.075 = 1.91 |
| ആകെ - 13.66m3 | ആകെ - 11.50m3 |

അധികം നൽകിയ അളവ് - 13.66 M3 – 11.50 M3 = 2.16 M3

അധികം നൽകിയ തുക - 2.16 M3 @ 6936.65 = 14983/-

(-) (0.2% കുറവ്) (-) 30

ആകെ - 14953/-

അധികം നൽകിയ തുക എസ്റ്റിമേറ്റ് തയ്യാരാക്കിയ അസി. എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 43/01-02- ന് മറുപടി ലഭ്യമാക്കിയില്ല.

## 3-5 പെയിന്റിംഗ് - ആവശ്യമില്ലാത്ത ഇനം ഉൾപ്പെടുത്തിയതു വഴി അധികച്ചെലവ്-8876/-

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഗവ. ഹോസ്പിറ്റൽ പവർ ലോണ്ട്രിക്ക് അനുവദിച്ച പഴയ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി |
| അടങ്കൽ | 4.95ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | അഷറഫ് |
| അളവു പുസ്തകം | 208/18-19 |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 474088/- |
| ചെലവ് വിവരം | ബിൽനമ്പർ55/29-07-19 രൂപ 474088/- |

ടി പ്രവൃത്തിയുടെ 16-ാം ഇനം 13.44.1 Finishing Walls With Water Proofing Cement Paint Required Shade New Work എന്നതായിരുന്നു. എന്നാൽ അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് Providing &Applying Cement Primer To The Exposed Surface Of Cement Plastering എന്നതാണ്. ഈയിനം 117.935 M2 ചെയ്തതിന് 91.08/m2 നിരക്കിൽ കരാറുകാരന് 10741/- രൂപ അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ 17-ാം ഇനം13.48.2 Finishing With Deluxe Multi Surface Paint System For Interiors And Exteriors Using Primer As Per Manufactures Specification . Painting Wood Work With Deluxe Multi Surface Paint Of Required Shade എന്നതാണ്. എന്നാൽ അളവു പുസ്തകത്തിൽ ഈയിനം ചെയ്തത് രേഖപ്പെടുത്തിയിരിക്കുന്നത് Finishing Walls With Deluxe Multi Surface Paint System Area Same As Item No 12 എന്നാണ്. ഇതിന് 117.935 M2 ചെയ്തതിന് 137.24/m2 നിരക്കിൽ 16185/- രൂപ അനുവദിച്ചിട്ടുണ്ട്. Finishing Walls With Deluxe Multi Surface Paint System എന്ന ഇനം ചെയ്തിട്ടുള്ളതിനാൽ അനുവദിക്കാവുന്ന നിരക്ക് 153.05 /M2 ആണ്. ഈ നിരക്കിൽ പ്രൈമർ അടിക്കുന്ന ഇനം ഉൾപ്പെട്ടിട്ടുള്ളതിനാൽ ഇനം 16 ചെയ്യേണ്ട ആവശ്യമില്ല. അതിനാൽ അധികം നൽകിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അർഹമായ തുക | Finishing Walls With Deluxe Multi Surface Paint System -<br>117.935 M2 @ 153.05 = 18050 |
| അനുവദിച്ചത് | Providing &Applying Cement Primer To The Exposed Surface Of Cement Plastering - 117.935 M2 @ 91.08/m2 = 10741/- |

| | |
|---|---|
| | Painting Wood Work With Deluxe Multi Surface Paint Of Required Shade<br>117.935 M2 @ 137.24/m2= 16185/- |
| | ആകെ - 26926 /-(10741 + 16185) |
| അധികം നൽകിയത് | 26926 – 18050 = 8876 |

ടി തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്. കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 45/02-02-22 ന് മറുപടി ലഭ്യമാക്കിയില്ല.

## 3-6 ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ വില ഈടാക്കിയില്ല-നഷ്ടം-8740/-രൂപ

ടാറിംഗ് പ്രവൃത്തികൾക്ക് പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളുടെ കരാറുകാർക്ക് നഗരസഭയുടെ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിൽ നിന്നും പൊടിച്ച പ്ലാസ്റ്റിക് നൽകിയിരുന്നു. 2019-20 വർഷം ഇപ്രകാരം പൊടിച്ച പ്ലാസ്റ്റിക് കൈപ്പറ്റിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ കരാറുകാർ ഇതിന്റെ വില നഗരസഭയിൽ ഒടുക്കു വരുത്തുകയോ, ഫൈനൽ ബില്ലിൽ ആനുപാതിക കുറവു വരുത്തുകയോ ചെയ്തിട്ടില്ല. ഹരിത കർമ്മ സേന ഹാജരാക്കിയ രസീത് പ്രകാരം കി.ഗ്രാമിന് 20/- രൂപ പ്രകാരമാണ് പൊടിച്ച പ്ലാസ്റ്റിക്കിന് വില ഈടാക്കിയിട്ടുള്ളത്. പൊടിച്ച പ്ലാസ്റ്റിക്കിന്റെ വില ഈടാക്കാതിരിക്കുക വഴി ഉണ്ടായ നഷ്ടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര്/ കരാറുകാരന്റെ പേര്/ പ്രൊജക്ട് നം./ അളവു പുസ്തകം/ | നൽകിയ പ്ലാസ്റ്റിക്കിന്റെ അളവ്. | ഈടാക്കേണ്ടിയിരുന്ന തുക (@20/kg) | തുക നൽകിയ ബില്ലിന്റെ വിശദാംശം, |
|---|---|---|---|
| കൈതാത്ത്- ആലംപള്ളി റോഡ് റീ-ടാറിംഗ്,<br>46/20,കെ.സുരേഷ്,<br>83/19-20 | 89 | 1780 | 25/19-20,dt.09-03-20,Rs342562/- |
| 13-ാം വാർഡിൽ കളീക്കൽത്തറ റെയിൽവെ സ്റ്റേഷൻ റോഡ് റീ-ടാറിംഗ്.<br>134/20<br>E.M.അഷറഫ്,<br>116/19-20 | 31 | 620 | 71/19-20,dt.30-03-20,Rs156743/- |
| 15-ാം വാർഡിൽ റെയിൽവെ സ്റ്റേഷൻ-വടക്കേടത്ത് റോഡ് റീ-ടാറിംഗ്.<br>119/20<br>E.M.അഷറഫ്,<br>111/19-20 | 52 | 1040 | 67/19-20,dt.30-03-20,Rs276145/- |
| 18-ാം വാർഡിൽ ചിത്തിരജംഗ്ഷൻ റോഡ് റീ-ടാറിംഗ്.<br>44/20<br>കെ.സുരേഷ്.<br>84/19-20 | 20 | 400 | 24/19-20,dt.13-03-20,Rs216528/- |
| 6-ാം വാർഡിൽ | 26 | 520 | 20/19-20,dt.13-03-20,Rs143187/- |

| | | | |
|---|---|---|---|
| ചിത്തിരജംഗ്ഷൻ റോഡ് റീ-ടാറിംഗ്.<br>SO-545/20<br>E.M.അഷറഫ്.<br>42/19-20 | | | |
| 13-ാം വാർഡിൽ അമ്പാടി ജംഗ്ഷൻ റോഡ് റീ-ടാറിംഗ്.<br>SO-132/20<br>E.M.അഷറഫ്.<br>114/19-20 | 51 | 1020 | 75/19-20,dt.30-03-20,Rs246648/- |
| കളീക്കൽമണ്ണംപള്ളീക്കൽ റോഡ് റീ-ടാറിംഗ്.<br>SO456/20<br>അബ്ദുൾ ലത്തീഫ്.<br>211/18-19 | 168 | 3360 | 101/19-20,dt.12-11-19,Rs45000/- |
| | | 8740/- | |

ബില്ലിൽ നിന്നും ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കിന്റെ വില കുറവു ചെയ്യാതി വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 16/19-20 ) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ഒടുക്കുന്നതിന് കരാറുകാർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് തിരികെ ഒടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 8740/-രൂപ കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.അല്ലാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 വൃദ്ധസദനം- സൌകര്യവികസനം-കുടിവെള്ള ടാങ്ക് സ്ഥാപിച്ചത്-അധിക ചെലവ്- 2650/-

പ്രൊജക്ട്.നം.47/19

E.M.അഷറഫ്.

MB.No.183/19

ചെലവ് വിവരം - Rs575807/- ബിൽ നം.311/19-20,dt.30-04-19

അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ആരംഭിച്ച് സ്പിൽ ഓവറായി 2019-20 വർഷം നടപ്പിലാക്കിയ പദ്ധതിയായിരുന്ന 32-ാം വാർഡിൽ വൃദ്ധസദനം- സൌകര്യവികസനം എന്ന പ്രൊജക്ട്. ഈ പദ്ധതിയുടെ അളവ് പുസ്തകം പേജ് 30 ൽ 23-ാംഇനമായി 1000 ലിറ്ററിന്റെ ഒരു കുടിവെള്ള ടാങ്ക് സ്ഥാപിച്ചതായി രേഖപ്പെടുത്തി 9800/- രൂപ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധനയിൽ 500/- ലിറ്ററിന്റെ ടാങ്കാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് കണ്ടു. 500 ലിറ്ററിന്റെ ടാങ്ക് സ്ഥാപിച്ചതിന് ശേഷം, 1000 ലിറ്ററിന്റെ ടാങ്ക് സ്ഥാപിച്ചതായി മൂല്യ നിർണ്ണയം നടത്തി തുക നൽകിയതിന് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 33 / 2019-20 ) മറുപടി ലഭ്യമാക്കിയിട്ടില്ല.ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ടാങ്കിന്റെ വില രേഖപ്പെടുത്തിയിട്ടുള്ളത് ലിറ്ററിന് 5.30 രൂപയാണ്. അതനുസരിച്ച് 500 ലിറ്ററിന് 2650/- രൂപ അധികം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ അധികം നൽകിയ 2650/- രൂപ തെറ്റായി മൂല്യ നിർണ്ണയം നടത്തിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-8 ഓട നിർമ്മാണത്തിന് എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് നൽകി-നഷ്ടം - 3123/-

കായംകുളം നഗരസഭയിൽ അസ്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻ വർഷം നടപ്പിലാക്കിയ മുരിക്കുംമൂട് ഒന്നാംകുറ്റി ഓട, സ്ലാബ്,ഐറിഷ് ഡ്രയിൻ (പ്രൊജക്ട് നം.540/20) എന്ന പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ഈ പ്രവർത്തിയുടെ അളവുപുസ്തകം പ്രകാരം ഒന്നാം ഇനമായി 40 മീറ്റർ നീളത്തിലും 0.85 മീറ്റർ വീതിയിലും 0.30 മീറ്റർ ആഴത്തിലും കാണ നിർമ്മാണത്തിനായി മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ഇതിന് എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 553.17/m3 ആണ് (സ്പെസിഫിക്കേഷൻ കോഡ് -11.1.1.1).ഇത് എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ് എന്നതിനുള്ള നിരക്കാണ്.ഡ്രെയിൻ നിർമ്മാണത്തിനും സംരക്ഷണ ഭിത്തി നിർമ്മാണത്തിനുമുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 247/m3 (സ്പെസിഫിക്കേഷൻ കോഡ് -2.8.1) ആണ്. ഈ നിരക്കിൽ 10.20 എം3 മണ്ണ് കുഴിച്ചെടുത്തതിന് അളവുപുസ്തകം പേജ് 13 പ്രകാരം 5642/- രൂപ കരാറുകാരന് അനുവദിച്ച നൽകിയിട്ടുണ്ട്. നഗരസഭയിൽ തന്നെ തൻ വർഷം നിർവ്വഹിച്ചിട്ടുള്ള മറ്റ് പ്രവർത്തികളിൽ 2.8.1 എന്ന സ്പെസിഫിക്കേഷൻ കോഡ്അനുസരിച്ചുള്ള 247/m3 എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്.(ഉദാ. പ്രൊജക്ട് നം.എസ്സ്.ഒ – 218/20 – ഉണ്ടത്തിൽ റോഡ് റീടാറിംഗും, കവറിംഗ് സ്ലാബ് നിർമ്മാണവും ) ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം അധികം തുക നൽകുവാനിടയായി. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

അനുവദനീയമായ തുക = 10.20 എം3 X 247/m3 = 2519/-രൂപ

നൽകിയ തുക = 10.20 എം3 X 553.17/m3 = 5642/- രൂപ

അധികം നൽകിയത് = 5642 - 2519 = 3123/-

അധികം തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 10/19-20 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം ചെലവഴിച്ച 3123/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

അനുബന്ധ വിവരങ്ങൾ-

അളവുപുസ്തകം - 17/19-20

ബിൽ നം.143/19-20, Dt.14-01-20, 373591/-

കരാറുകാരൻ- അബ്ദുൾ ലത്തീഫ്.

## 3-9 ഓട നിർമ്മാണം-വെയറിംഗ് കോട്ട് അധിക അളവിൽ നിർമ്മിച്ചു-നഷ്ടം-2329/-

40- ാം വാർഡിൽ മുല്ലശ്ശേരി മുക്ക് - കടത്ത് കടവ് റോഡിൽ ഓട നിർമ്മാണം ( എസ്സ് ഒ – 152/19)

അടങ്കൽ - 1500000/-

കരാറുകാരൻ - യൂനസ് കുഞ്ഞ്.

അളവു പുസ്തകം - 188/18-19

ചെലവ് വിവരം-1)Rs-1342608/- ബിൽ നം.28/19-20, Dt.10-06-19

അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ആരംഭിച്ച് സ്പിൽ ഓവറായി 2019-20 വർഷം നടപ്പിലാക്കിയ പദ്ധതിയായിരുന്നു 40- ാം വാർഡിൽ മുല്ലശ്ശേരി മുക്ക് - കടത്ത് കടവ് റോഡിൽ ഓട നിർമ്മാണം.ഫയൽ പരിശോധിച്ചതിൽ ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.എർത്ത് വർക്ക് എക്സ്കവേഷനിലൂടെ ലഭിച്ച മണ്ണിന്റെ വിനിയോഗം ഇല്ല-

ഈ പ്രവർത്തിയുടെ അളവ് പുസ്തകം പേജ് 1 ൽ ഇനം 1 ആയി 154 മീറ്റർ നീളം, ശരാശരി 2മീറ്റർ വീതി, 0.60 മീറ്റർ കനത്തിൽ ഓട നിർമ്മാണത്തിനായി മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. അതിലൂടെ 128.99 എം3 മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. എന്നാൽ അളവുപുസ്തകത്തിലെവിടെയും ടി മണ്ണ് വിനിയോഗിച്ചതായി രേഖപ്പെടുത്തലുകളില്ല. ഈ അളവിന്റെ കുറഞ്ഞത് 60% വരെ (77.39m3)പുനരുപയോഗയോഗ്യമാണ്. എന്നാൽ കരാറുകാരന് തുക അനുവദിച്ചപ്പോൾ കുഴിച്ചെടുത്ത മണ്ണ് സൈറ്റിൽ സ്റ്റാക്ക് ചെയ്യുകയോ, വിനിയോഗിക്കുകയോ ചെയ്യാതിരുന്നിട്ട് കൂടി ഫൈനൽ ബില്ലിൽ നിന്നും ആയത് കുറവ് ചെയ്യാതെയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്. DSR 2018 സ്പെസിഫിക്കേഷൻ കോഡ് 0983 പ്രകാരം ഫൈൻ സാൻഡ് 1m3 ന്റെ വില 900/- രൂപയാണ്.അതനുസരിച്ച് 77.39m3 ന് 69651/-രൂപ ( 77.39m3 X 900)

2.കാണയുടെ ബെഡ് വെയറിംഗ് കോട്ട് ചെയ്തത്- അധികം അളവ് രേഖപ്പെടുത്തി തുക നൽകി-

ഈ പ്രവർത്തിയുടെ അളവ് പുസ്തകം പേജ് 1 ൽ ഇനം 2 ആയി 154 മീറ്റർ നീളത്തിലും, 1.45 മീറ്റർ വീതിയിലും, 0.15 സെ.മീ. കനത്തിലും ബെഡ് കോൺക്രീറ്റ് നിർവ്വഹിച്ചിട്ടുണ്ട്. അതിന് മുകളിൽ ഇനം 6 ആയി ചുവടെ ചേർത്തിരിക്കുന്ന അളവിൽ രണ്ട് വശങ്ങളിലും ഡ്രെയിൻ വാൾ നിർമ്മിച്ചിട്ടുണ്ട്.

1) 2x 4.5x0.2x0.95 = 1.71m3

2) 2x15.5x (0.30+0.20/2 )X0.95 = 7.36m3

3) 2x3x 0.20+x0.95 = 1.14m3

4) 2x131x (0.30+0.20/2 )X0.95 = 62.23m3

ആകെ = 72.44m3

മേൽ അളവുകൾ രേഖപ്പെടുത്തിയത് പരിശോധിച്ചാൽ രണ്ട് ഡ്രയിൻവാൾ നിർമ്മിച്ചതിന്റെ വീതി ചുവടെ ചേർക്കും പ്രകാരമാണ്.

1) 2x0.20 = 0.40cm.

2) 2 X (0.30+0.20/2 )=2 X0.25cm =50cm.

3) 2x 0.20 = 0.40cm.

4) 2 X (0.30+0.20/2 ) = 0.50cm.

കാണയുടെ ആകെ വീതിയായ 1.45 മീറ്ററിൽ നിന്നും, ഡ്രയിൻവാൾ നിർമ്മിച്ചതിന്റെ വീതി കുറച്ചതിന് ശേഷം വെയറിംഗ് കോട്ട് നടത്താൻ കഴിയുന്ന ഏരിയയുടെ വീതി ചുവടെ ചേർക്കും പ്രകാരമാണ്.

1) 4.5x1.05 X0.05 = 0.24m3

2) 15.5x 0.95 X 0.05 = 0.74m3

3) 3 X 1.05 X0.05 = 0.16m3

4) 131 X0.95 X0.05 = 6.22m3

ആകെ = 7.36m3

വെയറിംഗ് കോട്ട് നിർമ്മിച്ചതിന്റെ അളവ് = 154 X1x.05 = 7.7m3

അധികം നൽകിയ തുകയും അളവും = 7.7m3 -7.36m3 = 0.34m3 X 6850/m3

= 2329/-

മേൽ രേഖപ്പെടുത്തിയ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (44/ 2019-20 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 2329/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-10 ടാർ വീപ്പയുടെ വില ഈടാക്കില്ല-നഷ്ടം-50299/-രൂപ

2019-20 വർഷം അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ടാർ ഉപയോഗിച്ച് നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികൾക്ക് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകളിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ വിലയാണ് നൽകിയിട്ടുള്ളത്. എന്നാൽ ഫൈനൽ ബില്ല് തയ്യാറാക്കി തുക നൽകിയപ്പോൾ ടാർ വീപ്പയുടെ വില കുറവ് ചെയ്യാതെ തുക നൽകി. വിശദവിവരം ചുവടെചേർക്കുന്നു.

| പ്രവർത്തിയുടെ വിവരങ്ങൾ. | ഉപയോഗിച്ച ടാറിന്റെ അളവ്/കുറയ്ക്കേണ്ട ബാരലിന്റെ എണ്ണം. | തുക(1 ബാരലിന് 238/- രൂപ+18% GST ഉൾപ്പെടെ ഈടാക്കേണ്ടത് | ചെലവ് വിവരം(ബിൽ നം, തീയതി, തുക ) |
|---|---|---|---|
| വാർഡ് 25-ൽ ചുണ്ടവിളയിൽ റോഡ് മെറ്റലിംഗും ടാറിംഗും.<br>പ്രൊജക്റ്റ് നം -SO-081/19-20<br>കരാറുകാരൻ - അബ്ദുൾലത്തീഫ് (0.05% കുറഞ്ഞ | VG-30-506.40kg.- 04<br>RS1-66kg. - 01<br>SS1- 204kg. - 02<br>07 | 1967 | 46/19-20, 09-03-20, 275504/- |

| | | | |
|---|---|---|---|
| നിരക്ക്) 46/19-20, 09-03-20, 275504/- M Book – 66/19-20 | | | |
| 6-ാം വാർഡിൽ മാവിലേത്ത് - മരങ്ങാട്ട് റോഡ് റീ-ടാറിംഗ്. (പ്രൊ.നം.545/20) ഇ.എം.അഷറഫ്. 20/19-20, 13-03-20, 143387/- M Book – 17/18-19 | VG-30-578.97.kg.- 04 RS1-64.10kg. - 01 SS1- 117.81kg. - 01 06 | 1686 | 20/19-20, 13-03-20, 143387/- |
| 4-ാംവാർഡിൽ തുണ്ടത്തിൽ റോഡ് റീ ടാറിംഗും കവറിംഗ് സ്ലാബും പ്രൊജക്റ്റ് നം -SO-218/19-20 കരാറുകാരൻ - E.M.അഷറഫ് M Book – 50/19-20 | VG-.2418kg.- 15 RS1-175.8kg - 01 16 1 | 4496 | 15/19-20,13-03-20 , തുക -655505/- |
| 21-ാം വാർഡ് -വാട്ടർ അതോറിറ്റി ഓവർബ്രിഡ്ജ് റോഡ് റീ-ടാറിംഗ് പ്രൊജക്റ്റ് നം -538/20 കരാറുകാരൻ - അബ്ദുൾലത്തീഫ് M Book –No.28/19-20 | VG-30-2015 - 13 RS1 - 159 - 01 14 | 3934 | ബിൽ നം, 149/19-20,31-01-20 തുക -404000/- |
| 21-ാം വാർഡ് -പഞ്ചമി റോഡ് റീ-ടാറിംഗ് പ്രൊജക്റ്റ് നം -48/20 കരാറുകാരൻ - അബ്ദുൾലത്തീഫ് | VG-30-2995 - 19 RS1 - 274 - 02 21 | 5901 | 146/19-20,31-01-20 തുക-424963/- |

| | | | |
|---|---|---|---|
| 33 വാർഡിൽ ഗോവിന്ദമുട്ടം - ലബ്ബാ റോഡ്, ലബ്ബാ - കണ്ണമ്പള്ളി കലുങ്ക് - നടയിൽ കാവ് ശ്രീരംഗം ഓട എന്നിവയുടെ പുനരുദ്ധാരണം.<br>(പ്രൊ.നം.SO-289/20)<br>ഹുസൈൻ അഹമ്മദ്.<br>M Book – 173/18-19 | VG-30-1278.87kg.-08<br>RS1-166kg. - 01<br>SS1- 515kg. - 04<br>13 | 3653 | 1)16/19-20, 07-06-19, 900000/-<br>2)88/19-20, 08-11-19, 249038/- |
| 30-ാം വാർഡിൽ തോപ്പിൽ കോളനി- മുക്കട മാർക്കറ്റ് റോഡ് ടാറിംഗ്<br>(പ്രൊ.നം.SO-407/20)<br>ഇഖ്ബാൽ ഖാൻ.<br>M Book – 58/18-19 | VG-30-2945.64kg.-19<br>RS1-273.38kg. -02<br>21 | 5901 | 1)90/19-20, 08-11-19, 415507/- |
| കാവുംകട ഗുരുമന്ദിരം റോഡ് റീടാറിംഗ് ഒറ്റത്തെങ്ങിൽ റോഡ് കലുങ്ക് കാക്കനാട് തെക്ക് ഇൻ്റർ ലോക്കിംഗ്<br>അബ്ദുൽ ലത്തീഫ് | RS1 - 289 Kg- 02<br>VG-30 -2830kg-18<br>- 20 | 5620 | 44/26-07-19 രൂപ 396067 |
| കൊപ്രപ്പുര മീനത്തേരിൽ പാലക്കാവിൽ റെയിൽവേ ലൈൻ റോഡ് റീടാറിംഗ് & ഫുടാപാത്ത് കോൺക്രീറ്റിംഗ്<br>ശശിധരൻപിള്ള | RS1 - 133 Kg - 01<br>VG-30 -1419kg-09<br>10 | 2810 | 54/27-71-19 രൂപ 521201/- |
| കളീക്കൽ മണ്ണംപള്ളിക്കൽ റോഡ് റീടാറിംഗ്<br>അബ്ദുൽ ലത്തീഫ് | RS1 - 454 Kg - 03<br>VG-30 -4865kg-09<br>12 | 3372 | 100/12-11-19 രൂപ 439098/-<br>101/12-11-19 രൂപ 450000/- |

| | | | |
|---|---|---|---|
| വളഞ്ഞ നടക്കാവ് പനയകുളം റോഡ് ടാറിംഗ് അഷറഫ് | RS1 - 540 Kg - 4 VG-30-5592kg- 35 39 | 10959 | 18/07-06-19 രൂപ 974511/- |
| | ആകെ | 50299/- | |

ഇപ്രകാരം തുക കുറവായി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 14/ 2019-2020, 24/ 2019-2020 ) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ഒടുക്കുന്നതിന് കരാറുകാർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് തിരികെ ഒടുക്കുന്നതാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും തുക തിരികെ ഈടാക്കി ഒടുക്കാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-11 നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കാത്തത്-നഷ്ടം-19566/-

അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019- 20 വർഷം നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള മരാമത്ത് പ്രവർത്തികളുടെ രേഖകൾ പരിശോധിച്ചതിൽ, കരാറുകാർ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കുള്ളിൽ കരാർ ചമച്ചിട്ടില്ലായെന്ന് കണ്ടു. 2012 ലെ കേരള പിഡബ്ല്യു.ഡി മാനുവൽ സെക്ഷൻ 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. അതിനുശേഷം 10 ദിവസം വരെ 1% പിഴയോടുകൂടിയും മാത്രമേ കരാർ ചമയ്ക്കാവൂ. ഇപ്രകാരം ഫൈൻ ഈടാക്കാതിരുന്നതു മൂലമുണ്ടായ നഷ്ടത്തിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.1- ാം വാർഡിൽചേലക്കാട്ട് റോഡിലെ ഓട ബാക്കി ഭാഗം നിർമ്മാണം

( പ്രൊ.നം.SO-317/20)

കരാറുകാരൻ- നാസ്സർ.കെ

കരാർ തുക – 606973/-

കരാർ നം./തീയതി-130/AE/LSGD/KYLM/2018-19,dt.28-12-2018.

MB.No.194/2018-2019

ബിൽ നം, തീയതി,തുക- 1)73/19-20, 30/10/2019, 436974/-

1)59/19-20, 06/08/2019, 162262/-

സെലക്ഷൻ നോട്ടീസിലെ തീയതി- (കൈപ്പറ്റിയതായി ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നതിൽ കരാറുകാരൻ തീയതി രേഖപ്പെടുത്തിയിട്ടില്ല.) -

07-12-2018

കരാർ വെക്കേണ്ടിയിരുന്ന തീയതി - 21-12-2018

കരാർ വെച്ച തീയതി - 28-12-2018

ഈടാക്കേണ്ട ഫൈൻ - 6070/-

ഈടാക്കിയ ഫൈൻ - 0

2. താലൂക്ക് ആശുപത്രി ഓഫീസ് കെട്ടിട നിർമ്മാണം ( പ്രൊ.നം.SO-435/20)

കരാറുകാരൻ- E.M.അഷറഫ്.

കരാർ തുക – 1349673/-

കരാർ നം./തീയതി-132/AE/LSGD/KYLM/2018-19,dt.02-01-2019.

MB.No.162/2018-2019

ബിൽ നം, തീയതി,തുക- 1)57/19-20, 16/08/2019, 746909/-

1)58/19-20, 16/08/2019, 600000/-

സെലക്ഷൻ നോട്ടീസിലെ തീയതി- 07-12-2018 ( 11-12-18 ൽ കരാറുകാരൻ കൈപ്പറ്റിയതായി ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.)

കരാർ വെക്കേണ്ടിയിരുന്ന തീയതി - 21-12-2018

കരാർ വെച്ച തീയതി - 02-01-2019.

ഈടാക്കേണ്ട ഫൈൻ - 13496/-

ഈടാക്കിയ ഫൈൻ - 0

ഒട്ടാകെ കുറവ് വന്നത്- 6070 + 13496 = 19566/- രൂപ

നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെ മുഴുവൻ തുക അനുവദിച്ചതിന് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറികൾക്ക് (23/2019-20, 37/2019-20 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ അധികം നൽകിയ 19566/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-12 ഡിസ്കൗണ്ട് ലഭ്യമാക്കാതെ പരസ്യചാർജ്ജ് നൽകി-അധിക ചെലവ് -5340/-രൂപ

ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി 4-1-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചു കൊണ്ടുള്ള 08.12.2015-ലെ ജി.ഒ ( പി) നം.17 /2015/ പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിൽ സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ മാതൃഭൂമി ദിനപ്പത്രത്തിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളിൽ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല എന്ന് കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പത്രസ്ഥാപനം | സ്ഥാപനത്തിൽ നിന്നുള്ള ബിൽനം/തീയതി | ബിൽ തുക | അർഹമായ ഡിസ്കൗണ്ട്(ജി.എസ്.ടി.ഉൾപ്പെടാതെയുള്ള തുകയുടെ 15%) | ചെക്ക്നം./ തീയതി വൗച്ചർ നം |
|---|---|---|---|---|
| മാതൃഭൂമി | 321000029979 | 8610 | 1230 | 2110857/ 28.02.2020 |
| | 321000062768 | 10080 | 1440 | |
| | 321000067236 | 8610 | 1230 | |
| | 321000072428 | 10080 | 1440 | |
| | | 37380 | 5340 | |

5340 രൂപ ഡിസ്കൗണ്ട് പ്രസ്തുത ബില്ലുകൾക്കും ലഭിക്കേണ്ടതായിരുന്നു. എന്നാൽ ഡിസ്കൗണ്ട് ഇല്ലാതെയാണ് പത്രപ്പരസ്യചാർജ്ജ് ഡിമാന്റ് ചെയ്തതും, നഗരസഭ മേൽ ബില്ലുകൾ പ്രകാരം മുഴുവൻ തുകയും അനുവദിച്ചു നൽകുകയും ചെയ്തതത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (നം. 26/27.01.2022) സ്ഥാപനത്തിൽ നിന്ന് ഡിസ്കൗണ്ട് ലഭ്യമാക്കാത്തതു മൂലം ഉണ്ടായ നഷ്ടം5340/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.അല്ലാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-13 താലൂക്ക് ആശുപത്രി ഓഫീസ് കെട്ടിടം നിർമ്മാണം- RCC കോളങ്ങളുടെ അളവുകൾ കുറവ് ചെയ്തില്ല-നഷ്ടം-18194/-

പ്രൊജക്ട്.നം.എസ്സ്.ഒ-435/20

കരാറുകാരൻ- E.M.അഷറഫ്.

കരാർ തുക – 1349673/-

കരാർ നം./തീയതി-132/AE/LSGD/KYLM/2018-19,dt.02-01-2019.

MB.No.162/2018-2019

ബിൽ നം, തീയതി,തുക- 1)57/19-20, 16/08/2019, 746909/-

1)58/19-20, 16/08/2019, 600000/-

അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ആരംഭിച്ച് സ്പിൽ ഓവറായി 2019-20 വർഷം നടപ്പിലാക്കിയ പദ്ധതിയായിരുന്നു കായംകുളം താലൂക്ക് ആശുപത്രി ഓഫീസ് കെട്ടിടം നിർമ്മാണം എന്ന പ്രൊജക്ട്. ഈ പദ്ധതിയുടെ അളവ് പുസ്തകം പേജ് 1 ൽ 1-ാംഇനമായി 51.7മീറ്റർ നീളത്തിലും, 0.20 മീറ്റർ വീതിയിലും, 2.10 മീറ്റർ ഉയരത്തിലും സോളിഡ് ബ്ലോക്ക് കൊണ്ട് ഭിത്തി നിർമ്മാണം നടത്തിയിട്ടുണ്ട്. ആകെ അളവിൽനിന്നും

വാതിലുകളുടെയും ജനലുകളുടെയും അളവുകൾ കുറവ് ചെയ്തതിന് ശേഷം 18.22m3 ന് 5399/m3 നിരക്കിൽ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

അളവുപുസ്തകം പേജ് 6 ൽ എക്സ്ട്രാ ഇനം 1 ആയി 1:1.5:3 അനുപാതത്തിൽ ആർസിസി കോളങ്ങൾ ചുവടെ രേഖപ്പെടുത്തിയിട്ടുള്ള അളവിൽ നിർമ്മിച്ചിട്ടുണ്ട്.

18x0.30x0.23x2.55 =3.167m3

2x0.23x0.23x2.55 = 0.27m3

1x0.23x0.23x2.70 = 0.143m3

ആകെ = 3.58m3

അളവുപുസ്തകം പേജ് 10 ൽ ഇനം 2 ആയി 1:1.5:3 അനുപാതത്തിൽ ലിന്റൽ കോൺക്രീറ്റിംഗ് 15 സെ.മീ. കനത്തിലും നിർവ്വഹിച്ചിട്ടുണ്ട്. കോളങ്ങളുടെ ഉയരമായ 2.55 മീറ്ററിൽ നിന്നും 15 സെ.മീ. ലിന്റൽ കനം കുറവ് ചെയ്തതിന് ശേഷം 2.40 മീറ്റർ ഉയരത്തിൽ 21 കോളങ്ങളുടെ അളവ് സോളിഡ് ബ്ലോക്ക് മേസനറിയുടെ അളവിൽ നിന്നും കുറവ് ചെയ്തതിന് ശേഷമുള്ളഅളവിന് മാത്രമെ സോളിഡ് ബ്ലോക്ക് മേസനറിക്ക് തുക അനുവദിക്കാവൂ.അതിൻപ്രകാരം സോളിഡ് ബ്ലോക്ക് മേസനറിയുടെ ആകെ അളവിൽ നിന്നും കുറവ് ചെയ്യേണ്ട

അളവിന്റെ വിവരം ചുവടെ ചേർക്കുന്നു.

18x0.30x0.23x2.40 =2.98m3

2x0.23x0.23x2.40 = 0.25m3

1x0.23x0.23x2.55 = 0.135m3

ആകെ = 3.365m3

സോളിഡ് ബ്ലോക്ക് മേസനറിക്ക് അനുവദനീയമായ അളവ് = 18.22m3 – 3.365m3 = 14.85m3

അനുവദനീയമായ തുക –14.85m3 X 5399/m3 = 80175/-

നൽകിയത് = 18.22m3 X 5399 = 98369/-

അധികം നൽകിയത് = 98369 – 80175 = 18194/- രൂപ

ഇപ്രകാരം അധികം തുക നൽകിയതിന് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (38 / 2019-20 ) ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അധികം നൽകിയ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | മുൻകൂർ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|
| കെ.എസ്.ഇ.ബി | താലൂക്കാശുപത്രി ട്രാൻസ്ഫോർമർ സ്ഥാപിയ്ക്കൽ | 4500000 | 0 | 4500000 |
| കെ.എസ്.ഇ.ബി | സബ്സ്റ്റേഷൻ | 300000 | 0 | 300000 |
| വാട്ടർ അതോറിറ്റി | യുപിഎസ് കുടിവെള്ള സൗകര്യം | 100000 | 0 | 100000 |
| വാട്ടർ അതോറിറ്റി | തേവലപ്പുറം യു.പി.എസ് കുടിവെള്ള സൗകര്യം | 10000 | 0 | 10000 |
| ഗ്രൗണ്ട വാട്ടർ ഡിപ്പാർട്ട്മെന്റ് | നഗരസഭാ ഓഫീസിൽ കുഴൽക്കിണർ | 150000 | 0 | 150000 |

| | | | | |
|---|---|---|---|---|
| ഗ്രൗണ്ട വാട്ടർ ഡിപ്പാർട്ട്മെന്റ് | ഡമ്പിംഗ് യാർഡിൽ കുഴൽ കിണർ നിർമ്മാണം | 148250 | 0 | 148250 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം. തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചട ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെയുആർഎഫ്ഡിസി (വെജ്-മാർക്കറ്റ്) | 1232/15 LSGD | 47379015 | 33630690+ 2040960= 33630696 | 5633760 | 3273163 | 30037896 |

വായ്പ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ EMS ഭവന നിർമ്മാണം ,HUDCO,NSDP ഭവന നിർമ്മാണം എന്നീ വായ്പകളെ സംബന്ധിച്ചുള്ള കൃത്യമായ വിവരം ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല . വായ്പ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ് .

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 2-16 | 2006-07 | 4-12-1 | ലാടിൻ | നിയമസഭ സബ്ജക്റ്റ് കമ്മറ്റി ബന്ധപ്പെട്ട വിഷയങ്ങളിൻമേൽ തെളിവെടുപ്പ് നടത്തിയിട്ടുള്ളതാണ് |
| 2004-05 | 2-17 | 2006-07 | 4-12-2 | വനിതാ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | നിയമസഭ സബ്ജക്റ്റ് കമ്മറ്റി ബന്ധപ്പെട്ട |

| | | | | | |
|---|---|---|---|---|---|
| | | | | | വിഷയങ്ങളിൻമേൽ തെളിവെടുപ്പ് നടത്തിയിട്ടുള്ളതാണ് |
| | 2-19 | 2006-07 | 4-12-3 | കൊതുക നിവാരണം | |
| 2006-08 | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി റിപ്പോർട്ട് | | 2-17 | വാടക വർദ്ധനവ് ഈടാക്കിയിട്ടില്ല | സെക്രട്ടറിയുടെ ഡി.സി.ആർ. ജിയിൽ നിന്നും ഈടാക്കാൻ ശുപാർശ ചെയ്തിട്ടുണ്ട് |
| 2006-08 | “ | | 29,30 | വകമാറ്റി ചെലവഴിച്ചു | ഖണ്ഡിക നിലനിൽക്കുന്നു. |
| 2006-08 | “ | | 31 | ടാർ വാങ്ങൽ | ഫയൽ ഹാജരാക്കിയിട്ടില്ല |
| 2006-08 | “ | | | അമ്പലപ്പാട്ട് റോഡ് ടാറിംഗ് | റവന്യൂ റിക്കവറിക്ക് കത്ത് നല്കി |
| 2006-08 | “ | | 43,44 | വ്യാജ രേഖ ചമയ്ക്കൽ | റവന്യൂ റിക്കവറിക്ക് കത്ത് നല്കി |
| 2006-08 | “ | | 45 | | സെക്രട്ടറിയെ കുറ്റവിമുക്തനാക്കി. |
| 2006-08 | “ | | 57,58,59,60 | | റവന്യൂ റിക്കവറിക്ക് കത്ത് നല്കി |
| 2016-17 | 2-1 | 2017-18 | | കാർഷിക വിപണന മേള നടത്തിപ്പിലെ അപാകതകൾ | തുക ഈടാക്കുന്നതിനായി തുടർനടപടികൾ സ്വീകരിച്ച് വരുന്നു |
| | 2-6 | 2017-18 | | അനധികൃത കെട്ടിടങ്ങൾക്ക് നിയമാനുസൃത പിഴ ഈടാക്കുന്നില്ല | തുടർ നടപടികൾ സ്വീകരിച്ചുവരുന്നു |
| | 3-4 | 2017-18 | | രാജീവ് ദശലക്ഷ ഭവനപദ്ധതി കെ.യു.ആർ.ഡി.എഫ്.സി. വായ്പാ ഇനത്തിൽ നഗരസഭ തിരിച്ചടക്കാനുള്ള തുക | പ്രോജക്ടുകൾക്കായി ചെലവാകാതെ ഫെബ്രുവരി മാസത്തിൽ ശേഷിക്കുന്ന തുക ഈ പ്രോജക്ടിനായി വകയിരുത്തുകയും സർക്കാരിൽ നിന്ന് അനുകൂല ഉത്തരവ് ഉണ്ടാകുന്ന മുറയ്ക്ക് തുക ഒടുക്കുന്നതിനും |

| | | | | | |
|---|---|---|---|---|---|
| | | | | | കൗൺസിൽ തീരുമാനമായിട്ടുള്ളതാണ്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 277272082 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 323734806 |
| വരവിനങ്ങളിലുള്ള നഷ്ടം | : 264494 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 256471 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 9269258 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2571 | | രഘു. പി, അസി.എൻജിനീയർ |
| 2-2 | 143339 | | രാജേഷ്.ജി (സെക്രട്ടറി ഇൻ ചാർജ് |
| 2-3 | 118584 | | രാജേഷ്.ജി (സെക്രട്ടറി ഇൻ ചാർജ് |
| 3-1 | | 15341 | രഘു പി ,അസി.എഞ്ചിനീയർ |
| 3-2 | | 11882 | രഘു പി ,അസി.എഞ്ചിനീയർ |
| 3-3 | | 114744 | രഘു പി ,അസി.എഞ്ചിനീയർ |
| 3-4 | | 14953 | രഘു പി ,അസി.എഞ്ചിനീയർ |
| 3-5 | | 8876 | രഘു പി ,അസി.എഞ്ചിനീയർ |
| 3-6 | | 8740 | 5380- ജയരാജ് വി.കെ,അസി.എഞ്ചിനീയർ 3360-രഘു പി ,അസി.എഞ്ചിനീയർ |
| 3-7 | | 2650 | രഘു പി ,അസി.എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-8 | | 3123 | രഘു പി ,അസി.എഞ്ചിനീയർ |
| 3-9 | | 2329 | രഘു പി ,അസി.എഞ്ചിനീയർ |
| 3-10 | | 50299 | 32315-രഘു പി ,അസി.എഞ്ചിനീയർ 17984-ജയരാജ് വി.കെ,അസി.എഞ്ചിനീയർ |
| 3-12 | | 5340 | രാജേഷ്.ജി , സെക്രട്ടറി -ഇൻ ചാർജ്ജ് |
| 3-13 | | 18194 | രഘു പി ,അസി.എഞ്ചിനീയർ |
| ആകെ | 264494 | 256471 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 695382/- | 1)ഷൈനി എൻ, മുൻസിപ്പൽ എഞ്ചിനീയർ ,Rs-222886/- 2)ഷൈലജ സി.കെ, മുൻസിപ്പൽ എഞ്ചിനീയർ ,Rs-472496/- |
| 1-22 | 2335000/- | ഷൈനി എൻ, മുൻസിപ്പൽ എഞ്ചിനീയർ |
| 1-23 | 1188023/- | ഷൈനി എൻ, മുൻസിപ്പൽ എഞ്ചിനീയർ |
| 1-24 | 222603/- | രഘു പി,അസി.എഞ്ചിനീയർ |
| 1-25 | 298250/- | രഘു പി,അസി.എഞ്ചിനീയർ |
| 1-27 | 45,30,000 | ഡോ.മനോജ് എൽ, സൂപ്രണ്ട്, താലൂക്കാശുപത്രി |
| ആകെ | 9269258 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-19 | 24375 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാജേഷ് ജി,സെക്രട്ടറി ഇൻ ചാർജ്ജ് | ലഭ്യമാക്കിയില്ല | ശ്രീശൈലം,പുതിയവിള പി.ഒ, കായംകുളം |
| രഘു.പി,അസി.എൻജിനീയർ | ലഭ്യമാക്കിയില്ല | രോഹിണി നിലയം,ഗോവിന്ദമുട്ടം പി.ഒ, കായംകുളം |
| ഡോ.മനോജ് എൽ, സൂപ്രണ്ട്, താലൂക്കാശുപത്രി | ലഭ്യമാക്കിയില്ല | നന്ദനം, പടസൗത്ത്,കരുനാഗപ്പള്ളി |
| ഷൈനി എൻ, മുൻസിപ്പൽ | ലഭ്യമാക്കിയില്ല | ഹൌസ് നം.81, മംഗലശ്ശേരിൽ,ശങ്കർ |

| | | |
|---|---|---|
| എഞ്ചിനീയർ | | നഗർ, കൊല്ലം |
| ഷൈലജ സി.കെ,<br>മുൻസിപ്പൽ എഞ്ചിനീയർ | ലഭ്യമാക്കിയില്ല | പൊയ്കവിളപുത്തൻവീട്,മീയന്നൂർ,കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1971-72 മുതൽ 1980-81 വരെ | എൽ.എഫ്.എ.5-266/83/13.02.1985 |
| 1981-82 | എൽ.എഫ്.എ.5-197/83/31.01.1985 |
| 1982-83 | എൽ.എഫ്.എ.5-686/85/12.01.1985 |
| 1983-84 | എൽ.എഫ്.എ.5-375/86/31.10.1986 |
| 1984-85 | എൽ.എഫ്.എ.5-402/85/31.10.1986 |
| 1985-86 | എൽ.എഫ്.എ.5-848/89/31.10.1990 |
| 1986-87 | എൽ.എഫ്.എ.5-1306/90/29.10.1990 |
| 1987-88 | എൽ.എഫ്.എ.5-എഫ്.744/91/21.11.1990 |
| 1988-89 | എൽ.എഫ്.എ.5-63/93/17.04.1993 |
| 1989-90 | എൽ.എഫ്.എ.5-63/93/ 17.04.1993 |
| 1990-91 | എൽ.എഫ്.എ.5-815/96/07.06.1996 |
| 1991-92 | എൽ.എഫ്.എ.5-816/95/11.06.1996 |
| 1992-93 | എൽ.എഫ്.എ.5-271/97/23.03.1998 |
| 1996-97 | എൽ.എഫ്.എ.5-769/99/14.03.00/07.09.2000 |
| 1997-98 (വരവ്)<br>1997-98(ചെലവ്) | എൽ.എഫ്.എ.4-169/09/30.06.09/01.10.09<br>എൽ.എഫ്.എ.11-896/00/08.02.01/12.06.01 |
| 1998-99(വരവ്)<br>1998-99 (ചെലവ്) | എൽ.എഫ്.എ.4-170/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1275/01/17.05.02/07.06.02 |
| 1999-2000(വരവ്)<br>1999-2000 (ചെലവ്) | എൽ.എഫ്.എ.4-171/09/30.06.09/01.10.09<br>എൽ.എഫ്.എ.4-955/03/10.10.03/11.12.03 |
| 2000-01 (വരവ്)<br>2000-01 (പ്ലാൻ ഫണ്ട്)<br>2000-01 (തനത് ചെലവ്) | എൽ.എഫ്.എ.4-172/09/01.07.09/01.10.09<br>എൽ.എഫ്.എ.4-1030/03/11.12.03/09.02.04<br>എൽ.എഫ്.എ.4-പി.962/06/08.12.06/15.02.07 |
| 2001-02(വരവ്)<br>2001-02(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1030/03/11.12.03/09.02.04 |
| 2002-03(വരവ്)<br>2002-03(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1227/06/28.11.06/10.01.07 |
| 2003-04(വരവ്)<br>2003-04(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1227/06/28.11.06/10.01.07 |
| 2004-05 | എൽ.എഫ്.എ.4-168/09/01.07.09/01.10.09 |
| 2005-06 | എൽ.എഫ്.എ.4-332/09/13.07.09/01.10.09 |
| 2006-07 | എൽ.എഫ്.എ.4-368/09/17.08.09/06.02.2010 |

| | |
|---|---|
| 2007-08 To 2009-10 | എൽ.എഫ്.എ.എം1-1094/12/25.01.13 |
| 2010-11, 2011-12 | എൽ.എഫ്.എ.എം1-1306/2014/23.08.14 /04.02.15 |
| 2012-13 | എൽ.എഫ്.എ.എം1-634/2015/08.05.15/05.06.15 |
| 2013-14 | കെ.എസ്.എ.എ.എൽ.പി.എം.1/1079/15/07.09.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.എം.1/848/16/01.08.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.ജി.എ5-169/17/14.02.17 /17.02.17 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.ജി.എ5-1262/17 /24.10.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-ജി.എ5-266/24.05.2019 |
| 2018-19 | നം.കെ.എസ്.എ/എ.എൽ.പി/ജിഎ.8-15 /2020/08.06.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കായംകുളം മുനിസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കായംകുളം മുനിസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്